# ഉണരു വങ്കം!

എ. കെ. ബാലകൃഷ്ണപിള്ള

3351

# ഉദീച്യ
# വങ്കം

2804
3351

ഏ.കെ.ബാലകൃഷ്ണപിള്ള

ജയിച്ചുവരും

"സ്നേഹത്തിൻെറ പ്രതിനിധികൾ" ആയ കഥാപാത്രങ്ങൾ. മലയാളത്തിൽ നാം വായിച്ചിട്ടുള്ള അനേകമനേകം കുടിയിറക്കു കഥകളിൽനിന്നു് വ്യവസ്ഥമായ രീതിയിൽ ഒരു പ്രത്യേകതയോ സവിശേഷതയോ മേന്മയോ "മണ്ണു്" എന്ന ഇതിലെ കഥയ്ക്കുണ്ടു്. മനുഷ്യബന്ധത്തിൻെറ മാസ്മരികശക്തി വ്യാപരിച്ച ത്രസിച്ചുതുടങ്ങിയ ഹൃദയതന്ത്രിയിൽനിന്നും എനിക്കു സ്നേഹിക്കണം എന്ന മധുരസ്വരം നാം കേൾക്കുന്നു!

"ലോകത്തിലെ വിശാലമായ മനുഷ്യസങ്കേതങ്ങൾ കാണുമ്പോൾ നിൻെറ ആത്മാവ് ഇന്നു തേടുന്ന ആ സത്യം നിന്നെ വന്ന് ആലിംഗനം ചെയ്യും. സ്നേഹത്തിൻെറ സങ്കേതങ്ങളിലേയ്ക്ക് നീ ചെന്നു ചേരും. നീ ശാന്തതയും സമാധാനവും ദർശിയ്ക്കും."

'എനിയ്ക്കു സ്നേഹിയ്ക്കണം'

2804
3351

ജയിച്ചുവരും!

"ഈ കഥാകൃത്തിൻെറ ആത്മാൎത്ഥതയെ, മനുഷ്യസ്നേഹത്തെ, ചോദ്യംചെയ്യാൻ കെല്പുള്ള ചെറുകഥാകൃത്തുക്കൾ കേരളത്തിൽ അധികമില്ല."

'ജയകേരളം' (മദിരാശി)

"കഥാപാത്രങ്ങളും കഥയും വൈവിധ്യം നിറഞ്ഞതാണു്......ഇനങ്ങളെല്ലാം ഒത്തിട്ടുണ്ടു്.

'മാതൃഭൂമി' (കോഴിക്കോട്ടു്)

"മണ്ണിൻെറ കഥകൾ രചിയ്ക്കുന്ന വിഷയത്തിൽ വിശേഷതരമായ ചില പ്രത്യേകതകൾ ശ്രീ. പിള്ളയ്ക്കു് വശമാണു്."

'സാഹിത്യപരിഷത്തു്' (എറണാകുളം)

"യന്ത്രവും രക്തവും' ആ കഥയിൽ ചിത്രീകരിച്ചിരിയ്ക്കുന്ന വീട്ടിലെ അന്തരീക്ഷത്തിൽ അലിഞ്ഞുചേരുവാൻ വായനക്കാൎക്കു് കൊതിതോന്നും."

'കൌമുദി' (തിരുവനന്തപുരം)

"മനുഷ്യബന്ധത്തിന്റെ മാസ്മരികശക്തി വ്യാപിച്ചു് ത്രസിച്ചുതുടങ്ങിയ ഹൃദയതന്ത്രിയിൽനിന്നും 'എനിക്കു സ്നേഹിയ്ക്കണം' എന്ന മധുരസ്വരം നാം കേൾക്കുന്നു."

'മലയാളരാജ്യം' (കൊല്ലം)

'ഹൃസ്വവും ലളിതവുമായ രചനാരീതി"

'ഗ്രന്ഥാലോകം' (തിരുവനന്തപുരം)

(ഗ്രന്ഥകാരനെപ്പററി കവറിൻെറ പുറകുവശം നോക്കുക)

2804
3351

# ജയിച്ചുവരും!

(ചെറുകഥകൾ)

ഈ രണ്ടാംപതിപ്പിന്
ഒരു മുഖവുരയോടുകൂടി.

ഗ്രന്ഥകർത്താ:

ഏ. കെ. ബാലകൃഷ്ണപിള്ള

ഏ. കെ. ബാലകൃഷ്ണപിള്ളയുടെ

കൃ തി ക ൾ.

## കഥകൾ

മണ്ണിൻെറ മക്കൾ

സ്നേഹവും സൌന്ദര്യവും

വിശപ്പ്

ജയിച്ചുവരും!

## നോവൽ

വിവാഹം

## യാത്രാവിവരണം

പൂർവപാകിസ്ഥാനിൽ

സൌന്ദര്യഭൂമിയിലെ ജനത (കാഷ്മീർ)

# ഉള്ളടക്കം ★ ★

2804
3351

| | പേജ് |
|---|---|
| മുഖവുര | |
| "ഈ കഥകളെപ്പററി" | 1 |
| ഐക്യം | ,, |
| ആരുടെ ഭാഗത്തു്? | ,, |
| പ്രചോദനാത്മകത്വം | 2 |
| ഒരു 'പ്രശ്'ന'കഥ | ,, |
| ഇന്നു്, സ്ത്രീയുടെ ചാരിത്ര്യം | 3 |
| സ്നേഹബന്ധത്തിൽ സ്ഥിരത | 4 |
| ബുദ്ധിയും ജീവിതാസക്തിയും | ,, |
| മനുഷ്യന്റെ ശക്തിയും ബലഹീനതയും | 5 |
| ആത്മാവിഷ്കരണം പ്രധാനം | 6 |
| വികാരാവിഷ്കരണത്തെ മുൻനിർത്തി | 7 |
| കാവ്യാത്മകത്വം | 9 |
| ഇന്നത്തെ മനുഷ്യസമുദായം | ,, |
| മനുഷ്യനും പ്രകൃതിയും | 10 |
| നിരൂപകൻ | 11 |
| ജീവിതത്തെ പൂർണ്ണമായു് കാണുക | ,, |
| കഥാമൂല്യം എവിടെ? | 12 |
| ജയിച്ചവരുമിലെ അമ്മ | 13 |
| ആദർശവും യാഥാർത്ഥ്യവും | ,, |
| ഉപസംഹാരം | 14 |
| കഥകൾ | |
| മനുഷ്യബന്ധം | 15 |
| ഉടുമുണി | 30 |
| യന്ത്രവും രക്തവും | 41 |
| മണ്ണു് | 63 |
| ജയിച്ചവരും! | 82 |
| 'എനിക്കു സ്നേഹിക്കണം' | 91 |

ഒന്നാംപതിപ്പ്
1953 മേയ്: കോപ്പി 1000
രണ്ടാം പതിപ്പ്
1954 മേയ്: കോപ്പി 1000

പകൎപ്പവകാശം ഗ്രന്ഥകൎത്താവിന്

അച്ചടി:
ചന്ദ്രമോഹൻ പ്രസ്സ്,
വഴുതക്കാട്, തിരുവനന്തപുരം.

3351

രണ്ടാംപതിപ്പ്

## മുഖവുര

എന്റെ അനുഭവങ്ങൾ വ്യക്തമായ ഒരു ലക്ഷ്യത്തിൽ എന്നെ എത്തിച്ചിരിക്കുന്നു. എന്റെ വ്യക്തിപരമായ അനുഭവങ്ങൾ, മനുഷ്യവർഗ്ഗത്തിനു മുഴുവനുമായുള്ള ദുരിതങ്ങൾ ഗ്രഹിക്കുന്നതിന് എന്നെ പ്രാപ്തനാക്കി. എന്റെ ആശയവിശ്വാസങ്ങൾ മനുഷ്യസ്നേഹത്തിലും സമാധാനത്തിലും ലക്ഷ്യം പിടിച്ചുകൊണ്ടുള്ളവയാകുന്നു. അസൂയാകലുഷിതവും വ്യക്തിവിദ്വേഷപങ്കിലവുമായ ഇന്നത്തെ ജീവിതമണ്ഡലത്തിൽ, എന്റെ പ്രതിബന്ധങ്ങൾ ഞാൻ വ്യക്തമായ് അറിയുന്നു. എന്റെ ലക്ഷ്യത്തിന്റെ പരിപാവനതക്കു മുമ്പിൽ ഞാൻ അവയെ അവഗണിക്കുന്നു. എന്റെ പതാക ഞാൻ മുറുകെപിടിക്കുന്നു. മനുഷ്യസ്നേഹികളായ എല്ലാ ആളുകളേയും നിരൂപകരേയും, സംഘങ്ങളേയും, സംഘടനകളേയും ഞാൻ കൂട്ടുവിളിയ്ക്കുന്നു!—

മേയ്,
1954.

എ. കെ. ബാലകൃഷ്ണപിള്ള
പാൽക്കുളങ്ങര, തിരുവനന്തപുരം.

3351

# "ഈ കഥകളെപ്പററി"

## ഐക്യം

ഇതു് ഒരു വിശദീകരണം ആകുന്നു.

'ജയിച്ചുവരു്! എന്ന എൻെറ പുസ്തകത്തിൻെറ, ഇതുവരെയുള്ള നിരൂപണങ്ങളെ സ്പർശിച്ചുകൊണ്ടുള്ള ഒരു വിശദീകരണം—ഒരേ കാര്യത്തെപററി നിരൂപകർ, പരസ്പരവിരുദ്ധങ്ങളായ അഭിപ്രായങ്ങളെഴുതുമ്പോൾ, ഗ്രന്ഥകാരൻതന്നെ അതിന്റെ വിശദീകരിക്കുന്നതാണു് നല്ലതു്. ഓരോ കഥയ്ക്കും ഓരോ കലാസൃഷ്ടിയ്ക്കും തന്നെ ഒരു ഐക്യം (Unity) ഞാൻ പ്രധാനമായു് കരുതുന്നു. അതിൻെറ ഉന്നം പ്രധാനമായി രൂപഭദ്രതയല്ല—ശക്തിയായ പ്രചോദനം ആണു്. എൻെറ കലാസൃഷ്ടിയുടെ രൂപഭദ്രത, അതിൻെറ സാങ്കേതിക രൂപത്തിലല്ല, വിചാരവികാരഘടനയിലാകുന്നു. കഥാഘടനയിലെ നേരിയ അംശം തന്നേയും കഥയുടെ സ്ഥായിയായ വിചാരവികാരതത്ത്വവിനു് ഉപോൽബലകമായു് ആണു് ഞാൻ ലയിപ്പിച്ചിട്ടുള്ളതു്. അതിനെ മററൊന്നായു് ആരെങ്കിലും കാണുമ്പോൾ, കലാസൃഷ്ടിയുടെ ആകപ്പാടെയുള്ള വികാരഘടനയ്ക്കും, അതുകൊണ്ടു് പ്രചോദനശക്തിയ്ക്കും ബാധകമായു് തീരുന്നതായു് ഞാൻ കാണുന്നു.

## ആരുടെ ഭാഗത്തു്?

"അവശരുടെ ഭാഗത്താണു് കാഥികൻ. ആ ഭാഗം പിടിക്കൽ....',
(മാതൃഭൂമി Vol: XXXI No. 43. ശ്രീ. തായാട്ടു് ശങ്കരൻ)

അവശരും സുഖിമാന്മാരും വ്യക്തമായു് ഇന്നുള്ളതുകൊണ്ടു് ഞാൻ അവരെ വേർതിരിച്ചു കാണുന്നു. എന്നാൽ അവക്കും ഉപരിയായു് അവർ ഇരുകൂട്ടരും ഉൾക്കൊള്ളുന്നതും പരസ്പര ബന്ധിതരായ സർവ്വതരം മനുഷ്യരും അടങ്ങിയതുമായ ഭൂമിയെ മുഴുവനും ഞാൻ കാണുന്നു. എൻെറ വീക്ഷണം അവശരും സുഖിമാന്മാരും എന്നുള്ളതല്ല—മനുഷ്യർ എന്നു മാത്രമാകുന്നു. ഏതെങ്കിലും വിഭാഗത്തോടുള്ള എൻെറ സഹതാപത്തിനു കാരണം, ആ ഭാഗത്തു് ഇന്നു മുററിനില്ക്കുന്ന, മനുഷ്യവർഗ്ഗത്തിനു മുഴുവൽ ബാധകമായ പ്രശ്നങ്ങളാണു്. ഈ പ്രശ്നങ്ങൾ, മനുഷ്യൻെറ സ്നേഹബന്ധത്തെ തടയുകയും സമാധാനത്തെ നശിപ്പിക്കുകയും ചെയ്തിരിയ്ക്കുന്നു. മനുഷ്യർ എന്ന നിലയിൽ, ധനികരിൽ നിന്നും മനു

ഷ്യവർഗ്ഗത്തിൻ മുഴുവൻ ബാധകമായുള്ള പ്രശ്നങ്ങളും എനിയ്ക്കു് അവഗണിയ്ക്കാൻ പാടില്ല. അവശരിലായാലും സുഖിമാന്മാരിലായാലും, കലയുടെ കഴിവിൽ പ്രശ്നത്തെ ശക്തിയായും അഗാധമായും സമീപിയ്ക്കാവുന്ന ഭാഗത്തു് ഞാൻ മുറുകെ പിടിക്കുന്നു. മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യാതിരിക്കുകയും, ജാതിയുടേയും സ്ഥാനമാനങ്ങളുടേയും അതിർത്തികൾ അറിയാതെ പരസ്പരമായ സഹാനുഭൂതിയും സ്നേഹബന്ധവും കൈവരുകയും ചെയ്യുമ്പോഴാണു് ശാന്തിയിലും സുഖത്തിലും ഉറച്ച മനുഷ്യജീവിതം രൂപം കൊള്ളുന്നതു്. ഇന്നു്, മനുഷ്യരല്ലാത്ത അനേകം ആളുകളെ മനുഷ്യരാക്കേണ്ടിയിരിക്കുന്നു.

## പ്രചോദനാത്മകത്വം!

ഇതൊരു നീണ്ട കർമ്മപരിപാടിയാകുന്നു. അതിന്റെ സംയോഗം സാമൂഹ്യവും സാർവ്വത്രികവുമാണു്. അതിന്റെ ശക്തി മനുഷ്യന്റെ വെറും ബാഹ്യമായ കർമ്മങ്ങൾ എന്ന നിലയിലല്ല, ഹൃദയതേക്കത്തിൽ നിന്നും ഊർജ്ജസ്വലനായ മനുഷ്യന്റെ ആവേശമേറിയ കർമ്മങ്ങളായി ആകുന്നു.

പ്രചോദനാത്മകമായ കലാസൃഷ്ടിയ്ക്കു മാത്രമേ സൽക്കർമ്മങ്ങൾക്കു് മനുഷ്യനെ ആവേശം കൊള്ളിയ്ക്കാൻ കഴിയൂ. പ്രചോദനാത്മകമായ കലാസൃഷ്ടിയ്ക്കുമാത്രമേ സൃഷ്ടിപ്രമുഖമായിരിയ്ക്കുവാൻ കഴിയൂ. സൃഷ്ടിപ്രമുഖമെന്നുവെച്ചാൽ വായനക്കാരന്റെ ചിന്തയെ ഇളക്കുകയും അയാളെ വികാരതരളിതനാക്കുകയും നന്മയിലുറച്ച തേക്കങ്ങൾക്കും കർമ്മങ്ങൾക്കും പ്രചോദനം കൊള്ളിക്കുകയും ആണു്. അങ്ങിനെ, തന്റെ കലാപാത്രങ്ങളുടെ വിചാരവികാരങ്ങൾകൊണ്ടു് കലാകാരൻ വായനക്കാരന്റെ വിചാരവികാരങ്ങളെ ഇളക്കുന്നു. ഇതിന്നു്, കലാകാരനു്, വികാരങ്ങളുടെ സ്വാഭാവികത, അവയുടെ അംശംതോറുമുള്ള പരസ്പരബന്ധം, അവയുടെ വിവിധമായ സ്പർശനശക്തി ഇവ വിദഗ്ദ്ധമായു്, ശാസ്ത്രീയമായു് ഉണ്ടാവണം. കലാകാരന്റെ മനശ്ശാസ്ത്ര വൈദഗ്ദ്ധ്യം കൂടുംതോറും കൂടുതൽ പ്രചോദനശക്തിയുള്ള സൃഷ്ടികൾ ചമയ്ക്കുവാൻ കഴിയുന്നു.

## മനുഷ്യബന്ധം

### ഒരു 'പ്രശ്ന'കഥ

'മനുശ്യബന്ധം' വിചാരവികാരങ്ങളുടെ ഗതിവിഗതികളെ ആശ്രയിച്ചു നില്ക്കുന്ന ഒരു കഥയാകുന്നു. അതു് ഒരു 'പ്രശ്ന' (Problem) കഥയാണു്. തങ്കമ്മ, ആരെ സ്വീകരിക്കണം, കാമുകനേയോ ഭർത്താ

വിനേയോ?--ഇന്നത്തെ സാമൂഹ്യസാമ്പത്തിക ഘടനയിൽ, പ്രേമബദ്ധരായ സ്ത്രീപുരുഷന്മാർ തമ്മിൽ പലപ്പോഴും വിവാഹജീവിതം സാദ്ധ്യമല്ല എന്ന പ്രശ്നം. ഇതു്, അനേകം യുവഹൃദയങ്ങൾക്കു് മരണത്തിനും സ്തംഭനത്തിനും ദീർഘകാലത്തെ നിരാശയ്ക്കും ഇടയാക്കുന്നു. ഇതു് സഹ്യമല്ല. നാം ഇന്നു് മനുഷ്യനിൽ ജീവിതവിശ്വാസം ഉറപ്പിക്കുകയും നഷ്ടപ്പെട്ടവൎക്കു് വീണ്ടെടുത്തു കൊടുക്കുകയും ചെയ്യേണ്ടിയിരിയ്ക്കുന്നു.

ഇതിന്നു് കഥാപാത്രങ്ങൾക്കുതന്നെ ജീവിതത്തിലെ കഴിവുകേടുകളെപററി ഒരു ബോധം ഉണ്ടാകേണ്ടിയിരിയ്ക്കുന്നു. ഉപരിയായു്, അവയെ അവഗണിച്ചുകൊണ്ടു് ബുദ്ധിപരമായും യുക്തിപരമായും ഭാവിയിലേയ്ക്കു നോക്കുന്നതിനുള്ള ശക്തി ഉണ്ടാകണം. ഏതു പ്രശ്നവും പുറംതള്ളാൻ കഴിയുന്നതു്, അതു്, അതിന്റെ പശ്ചാത്തലത്തിൽ ബുദ്ധിപരമായും യുക്തിപരമായും തുലനം ചെയ്തു് ഒഴിച്ചുകൂടുവാൻ വയ്യാത്ത വേദനകളെ സസന്തോഷം സ്വീകരിക്കുകയും ലഭിയ്ക്കാവുന്നിടത്തോളം സൌകൎയ്യങ്ങളെ പൂൎണ്ണമായും വിനിയോഗിക്കുകയും ചെയ്യുന്നതുകൊണ്ടാകുന്നു. തങ്കമ്മ, ഇതിനുവേണ്ടി നിലകൊള്ളുന്നു.

## ഇന്നു്
## സ്ത്രീയുടെ ചാരിത്ര്യം

"അത്രയും കാലം അയാളെപററിയുള്ള ഓൎമ്മ അവളുടെ ഹൃദയത്തിൽ 'പുകഞ്ഞും എരിഞ്ഞും' കിടന്നുവെന്നു് തങ്കമ്മയെകൊണ്ടു് പറയിയ്ക്കുമ്പോൾ അവൾ ശീലാവതിയോ, സാവിത്രിയോ ആരാണെന്നു് നാം സംശയിച്ചുപോകും." (സാഹിത്യപരിഷത്തു് പുസ്തകം 23 ലക്കം 1, 2—ശ്രീ. കെ. എം. തോമ്മസ്സു് ബി. എസ്സ്സി.)

അവർ രണ്ടുപേരായും തങ്കമ്മയെ സംശയിക്കാൻ പാടില്ല. നാം ഏർപ്പെട്ടിട്ടുള്ള മനുഷ്യജീവിതത്തിൽ യഥാൎത്ഥമായ സ്ഥാനം തങ്കമ്മയ്ക്കു് അസന്ദിഗ്ദ്ധമായു് ഉണ്ടോ, എന്നാണു് അറിയേണ്ടതു്. കാരണം അവൾ യാഥാൎത്ഥ്യനിമഗ്നമായ ജീവിതത്തിനു വണ്ടി സൃഷ്ടിക്കപ്പെട്ടിട്ടുള്ളവളാണു്.

ഇന്നത്തെ സാമൂഹ്യബന്ധങ്ങളിൽ സ്ത്രീയുടെ ചാരിത്ര്യം പൊതുവേ സംശയിക്കപ്പെടുന്നു. ഇതിനുകാരണം, സ്ത്രീകളേക്കാൾ പുരുഷന്മാരാണു്. പുരുഷനു് ചാരിത്ര്യസ്ഥിരത ഉണ്ടാകാതെ സ്ത്രീയ്ക്കു് ഉണ്ടാവുകയില്ല. ഇന്നത്തെ സാമൂഹ്യഘടനയിൽ ചാരിത്ര്യവതിയായു് ഒരു

സ്ത്രീയ്ക്കു ജീവിക്കണമെങ്കിൽ, സ്വന്തമായ സ്വഭാവശുദ്ധിമാത്രം പോരാ. അന്യരുടെ അഭിനിവേശങ്ങളെ അവഗണിയ്ക്കുവാനുള്ള ആത്മബലം വേണം. അവൾക്കു നിസ്സംശയം ചാരിനില്ക്കാൻ ചാരിത്ര്യശക്തിയും സ്ഥിരതയും ഉള്ള ഒരു പുരുഷൻ വേണം. മററു പലതും വേണം. ഇവയിൽ എവിടെയെങ്കിലും ഒന്നു തെററിയാൽ ആകെ പതറും. ഇന്ന് അനേകം കുടുംബജീവിതം പതറിനില്ക്കുകയാണ്.

സ്നേഹത്തിലും സന്മാർഗ്ഗത്തിലും മനുഷ്യബന്ധത്തിലും സ്ഥിരതയുള്ള ആളുകൾ ഇന്നു വളരെ ചുരുക്കമാണ്. എന്നാൽ ഉള്ളിടത്തോളം അവരാണ് എനിയ്ക്കു പ്രധാനം. അവർ അല്ലാത്തിടത്ത് അവരായ്ത്തീരാനുള്ള അഭിനിവേശം കൊള്ളിക്കേണ്ടിയിരിക്കുന്നു.

### തങ്കമ്മ

### സ്നേഹബന്ധത്തിൽ സ്ഥിരത

സ്നേഹബന്ധത്തിൽ സ്ഥിരത തങ്കമ്മയുടെ അടിസ്ഥാനസ്വഭാവമാകുന്നു. അവിടെയാണ്, അവളുടെ പ്രവൃത്തികളുടെ ഉറവിടം. അവൾ കാമുകനെ കാത്ത് അവസാനം കട്ടിലിൽ എത്തുന്നതും, ഭർത്താവിൻെറ മുഖത്തുനോക്കി അയാളെ നിഷേധിക്കുന്നതും അയാളോടു തൻെറ കാമുകനുമായുള്ള ബന്ധം പറയുന്നതും സ്വഭാവസ്ഥിരത കൊണ്ടാകുന്നു. കഥാഗതി തികച്ചും മനശ്ശാസ്ത്രീയമാണ്. സ്വന്തം സ്വഭാവസ്ഥിരതകൊണ്ടു മാത്രം അവൾ രോഗിയാകുന്നു. അതോടെ, ജീവിതംതന്നെ അവളുടെ പിടിയിൽ നിന്നും വിട്ടുപോകുന്നു. അവളുടെ മനശ്ശാസ്ത്രീയമായ രോഗത്തിന്, മാതാപിതാക്കൾ മനശ്ശാസ്ത്രീയമായ പരിഹാരം കണ്ടെത്തുന്നു. ദുർബലയായിത്തീർന്ന അവൾ ബാഹ്യശക്തികൾക്കു കീഴ്പെട്ടുപോകുന്നു.

### ബുദ്ധിയും

### ജീവിതാസക്തിയും

താൻ സ്നേഹിക്കാത്ത ഭർത്താവ് തന്നെ സ്നേഹിയ്ക്കുന്നതിൽ, അവൾ അയാളിൽ ത്യാഗമനസ്ഥിതി കണ്ടെത്തുന്നു. പ്രസവിക്കുന്നതോടെ അവൾ ഭർത്താവിനെ വ്യക്തമായ് കണ്ടെത്തുന്നു. അത് പ്രകൃതിയുടെ ശാസനയാണ്. പരസ്പരം വേർതിരിയ്ക്കുവാൻ വിമ്മിഷ്ടമാകുംവിധം കെട്ടുപിണഞ്ഞു കിടക്കുന്ന മനുഷ്യബന്ധങ്ങളെപററിയുള്ള ഒരു ബോധം അവൾക്ക് അതോടെ ലഭിയ്ക്കുന്നു. പ്രായോഗിക മനസ്ഥിതിയോടെ അവൾ ജീവിതത്തെ അഭിമുഖീകരിക്കുവാനും, ജീവിതത്തിനു പ്രകൃ

തിക്കും വിലപ്പെട്ടവളായ് തീരാനും, തയ്യാറാകുന്നു. അവളിലാകെ ബുദ്ധിയും യുക്തിയും വ്യാപരിച്ചു തുടങ്ങുന്നു. താൻ കാമുകനെ അഭിമുഖീകരിക്കേണ്ട ആ വിഷമം പിടിച്ച രംഗം കടക്കുവാൻ അവൾ സ്വയം തയ്യാറാകുന്നു. സ്ത്രീത്വത്തിന്റെ വികാരസാന്ദ്രതയെ എതിരിട്ടുകൊണ്ട് അവൾ അതിനു ശക്തി സംഭരിയ്ക്കുന്നു. കാമുകനെ അഭിമുഖീകരിക്കുന്ന വികാരജഡിലമായ ആ രംഗത്ത്, തൊണ്ട ഇടറുന്ന കാമുകനു് സോഡാ വരുത്തിക്കൊടുക്കുന്നതിലുള്ള ഔചിത്യം, പരിഷത്തു് നിരൂപകൻ ചോദ്യം ചെയ്യുന്നു. ഔചിത്യം കുടികൊള്ളുന്നതു് വികാരത്തിലൊഴുകി, ഇരുളിൽ ചെന്നു തറയ്ക്കുന്നതിലല്ല, വികാരസമ്മർദ്ദത്തിൽ കണ്ഠമടഞ്ഞ കാമുകനു് വെള്ളം കൊടുക്കുന്നതിൽ തന്നെയാകുന്നു. വികാരത്തിനു് അതീതമായ് ബുദ്ധിയിൽ ശ്രദ്ധിക്കുന്ന തങ്കമ്മയ്ക്കു്, കാമുകനു് വെള്ളംകൊടുക്കാവുന്ന കാര്യം വളരെവളരെ ലഘുവാണ്.

തങ്കമ്മയുടെ പ്രായോഗിക വീക്ഷണവും ജീവിതാകാംക്ഷയും, ബുദ്ധിയും, തന്നെ ജീവിതബന്ധത്തിൽ ഉറപ്പിയ്ക്കുകയും കാമുകനെ നിരാശയിൽ നിന്നും വിമോചിപ്പിച്ചു് മനുഷ്യബന്ധത്തിനു യോഗ്യനാക്കിത്തീർക്കുകയും ചെയ്യുന്നു.

## ബാലചന്ദ്രൻ

## മനുഷ്യന്റെ ശക്തിയും ബലഹീനതയും

'കൌമുദി' നിരൂപകൻ (പുസ്തകം 4 ലക്കം 28, കെ. എസ്സ്.) കാമുകൻ അവൾക്കു കത്തയയ്ക്കാഞ്ഞതിൽ തെററു കാണുന്നു. ഇതു് ഒരു പ്രധാന കാര്യമായി കഥാകൃത്തും കരുതുന്നുണ്ട്. ഒന്നാമതായ്, താൻ സമ്മർദ്ദപ്പെട്ടുകഴിഞ്ഞ അന്തരീക്ഷത്തിൽനിന്നും വളരെ അകലെ, കാമുകിയും ഒത്തു് സ്വച്ഛമായ ജീവിതത്തിനുംകൂടി ലക്ഷ്യം പിടിച്ചുകൊണ്ട് ജോലിതേടി അലയുന്ന ഒരു മനുഷ്യന്റെ ഹൃദയനിലയെ നാം കാണേണ്ടിയിരിക്കുന്നു, ഇതു് കടും യാഥാർത്ഥ്യമാണ്. അവിടം, വിങ്ങലും ആകാംക്ഷയും മറവിയുംകൊണ്ട് കോളുകൊണ്ടിരിയ്ക്കും. തന്റെ കഷ്ടപ്പാടുകൾ കാമുകി അറിയണമോ? തനിയ്ക്കു സ്ഥിരമായ ഒരു മേൽവിലാസംകൂടാതെ കാമുകിയുമായ് എങ്ങനെ ബന്ധപ്പെടാൻ കഴിയും? തനിയ്ക്കു് അവളിൽ പൂർണ്ണമായ വിശ്വാസം ഉള്ള നിലയ്ക്കു് ജോലികിട്ടി സ്വസ്ഥത അറിഞ്ഞശേഷം ബന്ധപ്പെടുന്നതല്ലേ നല്ലതു്?

ഉപരിയായ് താങ്ങാനാവാത്ത ദുഃഖം മനുഷ്യനെ ക്ഷയിപ്പിക്കുന്നു. കത്തയയ്ക്കാത്താതിരിക്കുകയെന്നല്ല, ദുഃഖത്തിന്റെ ദീർഘമായ സമ്മർദ്ദ

ത്തിൽ, ഒരു സാധാരണമനുഷ്യൻ, അയാളുടെ ലക്ഷ്യത്തിൽ നിന്നുതന്നെ വഴുതിപ്പോകുക സാധാരണമാണ്. പലപ്പോഴും മനുഷ്യജീവിതത്തെ തകർക്കുന്നതു അറിഞ്ഞോ, അറിയാതെയോ ചെയ്തുപോകുന്ന നേരിയ വീഴ്ചകളാണ്—ഒരു വാക്കു പറയാതിരിക്കുക, ഒരു കത്തയയ്ക്കാതിരിക്കുക........ഇതുകൊണ്ടു് സാമൂഹ്യജീവിതത്തിൽ വളരെയേറെ പ്രശ്നങ്ങൾ ഉണ്ടാകുന്നു. ഈ കഥയുടെ കാമുകൻ കത്തയച്ചില്ല എന്ന ഈ അംശം സാധാരണജനങ്ങൾക്കു് ഈ കഥയോടു കൂടുതലായ അടുപ്പത്തിനും, അതുകൊണ്ടു് ക്രിയാത്മകമായ ശക്തിക്കും കാരണമായിത്തീരുമെന്നു് ഞാൻ വിശ്വസിക്കുന്നു. ഒരുവന്റെ ബലക്ഷയം കൊണ്ടു് ഉണ്ടാകാവുന്ന സംഭവവികാസങ്ങളിൽ നിന്നും അനേകം ജനങ്ങൾക്കു് തെററുകൾ ഒഴിവാക്കാനും, ചെയ്തുപോയവയ്ക്കു് പ്രതിവിധി കണ്ടെത്താനും കഴിയുന്നു.

## സാങ്കേതികരീതി

### ആത്മാവിഷ്ക്കരണം പ്രധാനം

"ബാലചന്ദ്രനും തങ്കമ്മയും തമ്മിലുള്ള സംഭാഷണമായു് അവതരിപ്പിക്കുന്ന ആ നീണ്ട നീണ്ട പ്രസംഗങ്ങളോ? ഇന്നത്തെ നാടകങ്ങളിൽ കൂടെ അത്തരം സംഭാഷണരംഗങ്ങൾ കണ്ടെത്താവുന്നതല്ല."

(പരിഷത്തു്)

സംഭാഷണത്തെ, അതു ഉൾക്കൊള്ളുന്ന വിചാരവികാരങ്ങളുടെ പ്രകാശനമായല്ല, ഇവിടെ നിരൂപകൻ കാണുന്നതു്. സംഭാഷണമായു് മാത്രമാണ്. കൂടാതെ ഇതു് നാടകമല്ല, അഭിനയമല്ല, ഈ കഥയുടെ ഘടനയുടെ ഉദ്ദേശം, വായനക്കാരനു നൽകേണ്ട അനുഭൂതിയാണ്—കഥയുടെ വിചാരവികാരങ്ങളിൽ നിന്നുമുള്ള അനുഭൂതി. കഥാകാരൻ ഉന്നം വയ്ക്കുന്ന അഗാധമായ അനുഭൂതിനൽകുന്നതിനു്, രണ്ടു കഥാപാത്രങ്ങളുടെ ഓരോ നീണ്ട പ്രസ്താവമാണ് നല്ലതെങ്കിൽ, ആ സാങ്കേതികരൂപം യാതൊരു ക്ലേശവുംകൂടാതെ കഥാകൃത്തിനു കൈക്കൊള്ളാം. കഥയുടെ സ്വാഭാവികത നിലകൊള്ളുന്നതു് അതിന്റെ കഥാപാത്രങ്ങളുടെ സ്വഭാവഗതിയിലാകുന്നു. വിചാരവികാരങ്ങളുടെ സ്വാഭാവികതയിലാകുന്നു. ഏററവുംകൂടുതൽ ആത്മപ്രകാശനം നൽകുന്നതും, സ്വാഭാവികതയുള്ളതും, ക്രിയാത്മകവുമായ ശക്തി ലഭിക്കുന്നതിനു് ഏററവും പര്യാപ്തമായ ഏതൊരു സാങ്കേതികരൂപവും കഥാകൃത്തിനും, നോവലെഴുത്തുകാരനും, കവിക്കും സ്വീകരിക്കാം.

പ്രത്യേകമായു്, ഈ കഥയെ സംബന്ധിച്ചിടത്തോളം, കഥാപാത്രങ്ങൾ രണ്ടുപേരും കൂട്ടിമുട്ടുന്നതു് മൂന്നിലധികം കൊല്ലങ്ങൾക്കു ശേഷമാണു്—അവർ തമ്മിലുള്ള ബന്ധത്തെ എന്നെന്നേയ്ക്കുമായു് വേർപെടുത്തുന്ന സംഭവങ്ങൾ നിറഞ്ഞ നീണ്ട കാലം. അവർ തമ്മിൽ അകലുന്നതിനു് കാരണമായ കേവലം ചുററുപാടിന്റെ സൃഷ്ടികളായ സംഭവങ്ങളെ പരസ്പരം അറിയിക്കേണ്ടിയിരിക്കുന്നു. ഓരോരുത്തർക്കും പറയാനുള്ള, ഓരോ കാര്യവും അതിന്റെ വികാരപൂർണ്ണിമയിൽ അവതരിപ്പിക്കുന്നതിനും കേൾക്കുന്നതിനും ഈ 'നീണ്ട സംഭാഷണം' ആവശ്യമാണു്. കൂടാതെ കഥയിലെങ്ങുമുള്ള വിഷാദനിമഗ്നമായ വികാരപ്രതീതിയ്ക്കു് ഈ നീണ്ട സംഭാഷണങ്ങൾ ആവശ്യമാണു്.

കഥയുടെ ആന്തരിക രൂപത്തിലൂടെ സാങ്കേതിക രീതിയെ വീക്ഷിക്കാൻ കഴിയാത്തതുകൊണ്ടാണു്, 'മിത്രങ്ങളുടെ കൂടെ', 'സ്നേഹവും വീര്യവുമായു്' എന്നീ കഥകളുടെ സാങ്കേതികരൂപത്തിന്റെ പര്യാപ്തതയിലും ശ്രീ. തോമ്മസിനു് സംശയം ഉണ്ടായതു്. അദ്ദേഹം എഴുതുന്നു,—"കഥാശരീരത്തോടു് എത്രതന്നെ ഒട്ടിച്ചേരുന്നവയാണെങ്കിലും ഉപകഥകൾ ഒരു ചെറുകഥയ്ക്കു് ഭൂഷണമല്ല." 'നീണ്ടസംഭാഷണ'ത്തെപ്പററി ഞാൻ മുമ്പു് പറഞ്ഞിട്ടുള്ളതു പോലെ ഇവിടെയും നിരൂപകൻ കഥാശരീരത്തോടു് ഒട്ടിച്ചേർന്നു നിൽക്കുന്ന ഉപകഥകളെ ഉപകഥകൾ മാത്രമായിട്ടാണു്, കാണുന്നതു്.

കഥാശരീരമാണു്, പ്രധാനം—കഥാപാത്രങ്ങളുടെ പരസ്പരബന്ധം കൊണ്ടും അവരുടെ സ്വാഭാവികമായ വിചാരവികാരങ്ങൾ കൊണ്ടും ദൃഢമായി ഒററക്കെട്ടായി നിൽക്കുന്ന കഥാശരീരം. ആത്മപ്രകാശനമാണു്, ഒരു കലാസൃഷ്ടിയുടെ സാങ്കേതികരൂപം നിർണ്ണയിക്കുന്നതു്. 'മിത്രങ്ങളുടെ കൂടെ' പോലുള്ള കഥാശരീരങ്ങൾക്കു് ഉപകഥകൾ ആവശ്യമായിത്തീരും. ആത്മാവിഷ്ക്കരണത്തിനു് പര്യാപ്തമായ ഏതു സാങ്കേതിക രീതിയും കലാകാരനു് ഉപയോഗിയ്ക്കാം.

## വാക്യങ്ങളും പ്രയോഗങ്ങളും
## വികാരാവിഷ്ക്കരണത്തെ മുൻനിർത്തി-

"ഹ്രസ്വവും ലളിതവുമായ ഒരു രചനാരീതി സ്വീകരിച്ചുകാണുന്നതു് അനുമോദനാർഹമാണു്. ഘടനയ്ക്കു പുതുമവരുത്താൻ സ്വീകരിക്കുന്ന നിരങ്കുശമായ ചില പ്രയോഗങ്ങൾ ഉപേക്ഷിയ്ക്കുന്നതു് നന്നായിരിക്കുമെന്നു തോന്നുന്നു." (ഗ്രന്ഥലോകം, പുസ്തകം 5, ലക്കം 11—ശ്രീ.

ബി. പത്മനാഭപിള്ള) ഉദാഹരണമായു്, 'അയാളുടെ ചിന്തയിലൂടെ, അവളുടെ ശബ്ദം അതിൻെറ പൂർണ്ണിമയിൽ ഓടി' ('മനുഷ്യബന്ധം)

ഒന്നാമതായു്, ഈ പ്രയോഗങ്ങൾ ഞാൻ സ്വീകരിച്ചിട്ടുള്ളതോ, ഉദ്ദേശിച്ചിട്ടുള്ളതോ 'ഘടനയ്ക്കു പുതുമവരുത്താൻ' വേണ്ടിയല്ല. ഞാൻ ഉദ്ദേശിക്കുന്നരീതിയിലും ശക്തിയിലും ആശയപ്രകാശനത്തെ കരുതി മാത്രമാകുന്നു. പ്രത്യേകിച്ചു്, മുകളിൽ കൊടുത്തിരിക്കുന്നതുപോലെ ശബ്ദത്തെയും ചിന്തയേയും അളന്നുകൊണ്ടുള്ളവയാകുമ്പോൾ, അത്തരം പ്രയോഗങ്ങൾ ചിലപ്പോൾ എന്നിൽ നിന്നും സ്വയമേവ വന്നുപോകും. അളവും സ്വാധീനശക്തിയും അനുസരിച്ചു് വിചാരവികാരങ്ങളെ പ്രകാശിപ്പിക്കുവാൻ മലയാളത്തിൽ പദന്യൂനതകളുണ്ടു്. മലയാളപദങ്ങളുടെ അർത്ഥവും പ്രയോഗവും അനുക്രമണികമായും പരസ്പരബന്ധമനുസരിച്ചും ഗ്രഹിക്കുന്നതിനു് ഞാൻ വളരെയേറെ സമയം ചിലവഴിച്ചിട്ടുണ്ടു്. ആകുവോളം വ്യാകരണം പാലിക്കണമെന്നുതന്നെയാണു് എൻെറ നിർബന്ധം.

"വാക്യങ്ങൾ ചെത്തി നിരപ്പാക്കാനുള്ള വെമ്പലിൽ...." (മാതൃഭൂമി)

ഇല്ല, ഇങ്ങിനെയൊരു വെമ്പൽ എനിക്കില്ല. കലാസൃഷ്ടിക്കു മുമ്പുള്ള മാനസിക വ്യാപാരങ്ങളിൽതന്നെ എപ്പോഴും മുൻപിട്ടു നിൽക്കുന്നതു് വികാരമാണു്. വികാരപ്രകാശത്തെ മുൻനിറുത്തിക്കൊണ്ടു്, അതിനു വിധേയമായ വാക്കുകളും വാക്യങ്ങളുമാണു് ഞാൻ സ്വാഭാവികമായു് എഴുതുക. പിന്നീടു് വാക്യങ്ങൾ ചെത്തിമിനുക്കാറുണ്ടു്. അവ എപ്പോഴും, കൂടുതൽ കൂടുതൽ വികാരപ്രധാന്യതയും വ്യക്തതയും മുൻനിത്തി ആയിരിക്കും.

എന്നാൽ പദങ്ങളുടെ ഒററതിരിച്ചും ഒത്തു കൂടുമ്പോഴുമുള്ള സൌന്ദര്യത്തിൽ ഞാൻ വളരെയേറെ ആസക്തനാണു്. ഇന്നു്, ഞാൻ അവയിൽ സൌന്ദര്യം വ്യക്തമായും പൂർണ്ണമായും കാണുന്നതു് ആശയം വ്യക്തമായും വിവിധമായും ഉൾക്കൊള്ളുവാനുള്ള അവയുടെ പ്രാപ്തി അനുസരിച്ചാകുന്നു. അർത്ഥം വ്യഞ്ജിപ്പിക്കുവാൻ കഴിയുമെങ്കിൽ ശബ്ദഭംഗി ഞാൻ ശ്രദ്ധിക്കും. ലളിതമായും വ്യക്തമായുമുള്ള വികാരപ്രകാശത്തെ മുൻനിത്തി പ്രതിപാദനസൌന്ദര്യത്തിൽ ഞാൻ ശ്രദ്ധ ഉറപ്പിക്കുന്നു. ഇതു്, എനിക്കു് സ്വാഭാവികമാണു്.

എൻെറ വളരെ കൃതികളും വളരെ കഥാപാത്രങ്ങളും വികാരപ്രധാനമായ അന്തരീക്ഷത്തിൽ നിൽക്കുന്നവർ ആകുന്നു. അവർ വികാരം കൊണ്ടു ഒരു ചിത്തത്തിൽ നിന്നുള്ള സൃഷ്ടികളാണു്. കഥാപാത്രങ്ങൾ

വികാരം കൊള്ളുമ്പോളാണ്, സൃഷ്ട്യുന്മുഖമായ കർമ്മശക്തിയ്ക്കു അവ പ്രചോദനാത്മകമായ്യ് തീരുക.

### കാര്യാത്മകത്വം

"അദ്ദേഹം ആപാദചൂഡം ഗദ്യകവിതക്കാരനാണ്" (ജയകേരളം, പുസ്തകം 7, ലക്കം 35—നിന്നിൽ)

എൻെറ കൃതികളിലുള്ള കാര്യാത്മകത്വം എല്ലാവരും വ്യക്തമാക്കിയിട്ടുള്ളതാണ്. "ഓ, സത്യംതന്നവളേ! ജീവൻ തന്നവളേ!" എന്നു് കാമുകനെക്കൊണ്ടു് കാമുകിയെ വിളിപ്പിക്കുന്നതിനു് എന്നിലുള്ള കാര്യാത്മകത്വത്തിനും പങ്കുണ്ടു്. ആ പങ്കു് ചെലുത്തിയിട്ടുള്ളതു്, സ്നേഹത്തിൻെറ ദീപ്തിയിലും വ്യാപ്തിയിലും മനുഷ്യചിത്തങ്ങൾ ഉരുകി പരസ്പരം ആലിംഗനം ചെയ്യുകയും ആത്മനിർവൃതി പരമായ അനുഭൂതിയിലേയ്ക്കു് അവരെ എത്തിക്കുന്നതിനുമാകുന്നു. ഈ സന്ദർഭത്തിൽ ദിവാകരൻ തൻെറ കാമുകിയെ അങ്ങിനെ വിളിച്ചുകൊണ്ടു് ആത്മാവു കൊണ്ടു് ആലിംഗനം ചെയ്യുന്നതു്, എൻെറ പേരിൽ ബോധപൂർവ്വമാണ്. അയാളുടെ പേരിൽ സ്വാഭാവികമാണ്. തങ്കമ്മ, കാമുകനെ "എൻെറ ദേവാ!" എന്നു വിളിയ്ക്കുന്നതു് അപ്പോഴത്തെ അവളുടെ ആത്മപ്രകാശനമാകുന്നു.

### ഇന്നത്തെ മനുഷ്യസമുദായം

ഇന്നു നിലവിലുള്ളതു് പ്രകൃതിപരമായ ജീവിതസ്വഭാവങ്ങളിൽ നിന്നും അകന്നുപോയ ഒരു മനുഷ്യസമുദായമാകുന്നു.

മനുഷ്യചരിത്രത്തിൽ, പ്രകൃതി ശാസനകളെ ലംഘിക്കാത്തവർ ആരും തന്നെ ഉണ്ടാവുകയില്ല. ഇക്കാര്യത്തിൽ മനുഷ്യനുള്ള ബലഹീനത, പ്രകൃതി മനുഷ്യനു നൽകിയിട്ടുള്ള സ്ഥായിയായ സ്വഭാവാംശങ്ങളിൽ ഒന്നാകുന്നു. ആകാരത്തിലും ശക്തിയിലും വൈവിധ്യമേറിയ മനുഷ്യവർഗ്ഗത്തിൽ ശക്തിയും ബലഹീനതയും സാധാരണമാണ്. ലോകത്തു് ഏതെങ്കിലും ഭാഗത്തു്, ഏതെങ്കിലും ഘട്ടങ്ങളിൽ മനുഷ്യസമാധാനത്തിനു വേണ്ടിയുള്ള സത്യാന്വേഷികളുടെ വിപ്ലവസമരങ്ങൾ ഉണ്ടായിട്ടുള്ളതു് മനുഷ്യവർഗ്ഗത്തിനു സാധാരണമായ ഈ ബലഹീനതയുടെ ഫലമാകുന്നു. എന്നാൽ ഇന്നു് ഇന്ത്യയിലെ മനുഷ്യജീവിതം മുമ്പു് എപ്പോഴത്തേയുംകാൾ ഏററവും ദയനീയമായ്യ് പ്രകൃതിപരമായ സ്വഭാവങ്ങളിൽ നിന്നും വളരെ അകന്നുപോയിരിക്കുന്നു.

മനുഷ്യനു് മനുഷ്യനോടും മററു ജീവജാലങ്ങളോടും സ്ഥലസസ്യങ്ങളോടും അത്യന്താപേക്ഷിതമായി വേണ്ട ബന്ധത്തിൽ നിന്നും സംജാതമാകുന്ന സമാധാനവും ലോകത്തിൻെറ അതിനു സ്വാഭാവികമായ വ്യവസ്ഥിതിയും (Order) ഇന്നു് തകിടംമറിഞ്ഞു പോയിരിക്കുന്നു. മനുഷ്യനെ, അഭിനിവേശത്തിലും വിചാരവികാരങ്ങളിലും ഈ അസ്വാഭാവികത (abnormality), കൃത്രിമത്വം, സ്വാധീനം ചെയ്തുകഴിഞ്ഞിരിക്കുന്നു. ഇന്നത്തെ വിദ്യാഭ്യാസവും സ്ഥാനമാനങ്ങളും ക്രൂടംതോറം ഇന്നു

പൊതുവേ കണ്ടുവരുന്നതു് മനുഷ്യൻ പ്രകൃതിപരമായ മനുഷ്യാനുഭൂതിയിൽനിന്നു് കൂടുതൽ കൂടുതൽ അകന്നുപോകുന്നതാണു്. ഇന്നത്തെ സൃഷ്ട്യുന്മുഖനായ കലാകാരന്റെ ലക്ഷ്യം ഈ അസ്വാഭാവികതയുടെ ആഴവും സ്വാധീനതയും കണ്ടുപിടിക്കുകയും, അവയിൽനിന്നും മനുഷ്യവർഗ്ഗത്തെ ഉത്ഥാനംചെയ്തു് മനുഷ്യനെ ആകുംവോളം പ്രകൃതിയോടു് അടുപ്പിക്കുകയും ആകുന്നു. അസ്വാഭാവികതയിൽനിന്നും സ്വാഭാവികതയിലേയ്ക്കായുള്ള, മനുഷ്യമനോവ്യാപാരങ്ങൾക്കാണു് നാം ഇന്നു പരിവർത്തനം വരുത്തേണ്ടതു്.

## മനുഷ്യനും പ്രകൃതിയും

ജീവിതത്തിന്റെ ഭാഗധേയങ്ങൾ നിർണ്ണയിക്കുന്നതിനുള്ള അടിസ്ഥാനം മനുഷ്യനും പ്രകൃതിയുമായുള്ള ബന്ധമാണു്. മനുഷ്യൻ മനുഷ്യനായു് ജീവിക്കണമെങ്കിൽ പ്രകൃതിശാസനകൾ അനുസരിച്ചേ തീരൂ. ഇന്നു് ബഹുഭൂരിപക്ഷം ജനങ്ങളുടേയും ബുദ്ധിപരമായും സാമ്പത്തികമായും ജീവിതസ്വഭാവങ്ങളെ നിയന്ത്രിക്കുന്നതിനു് അധികാരമുള്ള ആളുകൾതന്നെ, ജീവിതത്തെപററി നേരിട്ടുള്ള അറിവോ, മനുഷ്യ–പ്രകൃതി ബന്ധത്തെ പററിയുള്ള ബോദ്ധ്യതയോ കൂടാത്തവരാകുന്നു. വെറും രണ്ടാം കയ്യു് (Second hand) വിജ്ഞാനം കലർന്ന പുസ്തകങ്ങൾ പഠിച്ചതുകൊണ്ടുമാത്രം ഇന്നു് അധികാരത്തിനു് ഉപോൽബലകമായു് അത്യുന്നതമായ ഡിഗ്രികൾ നേടാൻ കഴിയുന്നു. ഇവരുടെ മനോവ്യാപാരങ്ങളിലുള്ള അസ്വാഭാവികതയും, കൃത്രിമത്വവും, പ്രകൃതിമനുഷ്യബന്ധത്തെപററിയുള്ള അജ്ഞാനവും, സാധാരണജനങ്ങളെ നേരായു് നയിക്കുന്നതിനു് ഇവരെ അനർഹരും അപ്രാപ്തരുമാക്കിത്തീർക്കുന്നു. ഞാൻ ഇവിടെ വ്യക്തമാക്കിയതു്, ഇന്നത്തെ സാമൂഹ്യജീവിതത്തിലെ പരമമായ ഒരു വീഴ്ച്ചയാകുന്നു. നിരൂപണങ്ങളെ പരാമർശിച്ചുകൊണ്ടുള്ള, ഈ വിശദീകരണത്തെ സംബന്ധിച്ചിടത്തോളം എനിക്കു പറയാനുള്ളതു് അസ്വാഭാവികമായ ഈ വീക്ഷണം നമ്മുടെ പല സാമൂഹ്യ രാഷ്ട്രീയ കലാപ്രവർത്തകർക്കും വിമർശകർക്കും വന്നുകൂടിയിട്ടുണ്ടെന്നുള്ളതാണു്.

എല്ലാ സാമൂഹ്യപ്രവർത്തകരും, എല്ലാ കലാകാരന്മാരും നേരായ മനുഷ്യ–പ്രകൃതിബന്ധം സൂക്ഷ്മമായു് ഗ്രഹിക്കുകയും അതു് മററുള്ളവർ അനുസരിക്കുന്നതിനെ ലാക്കാക്കി പൊതുരംഗത്തു പ്രവർത്തിക്കുകയും വേണം. പ്രകൃതി–മനുഷ്യബന്ധം പുസ്തകങ്ങളിൽ നിന്നും മാത്രമായു് ഗ്രഹിക്കുക സാദ്ധ്യമല്ല. അഗാധമായ അനുഭവബോധത്തിന്റെ അടിസ്ഥാനത്തിലുള്ള പരീക്ഷണങ്ങൾകൊണ്ടു മാത്രമേ, ബോദ്ധ്യതയോടുകൂടിയുള്ള ഈ പഠനം സാദ്ധ്യമാകൂ.

എല്ലാ സാഹിത്യസൃഷ്ടികളും നെയ്തു് എടുത്തിരിയ്ക്കുന്നതു് മനുഷ്യവിചാരങ്ങളിലും വികാരങ്ങളിലുമാകുന്നു. ഒരു കൃതിയുടെ സൃഷ്ട്യുന്മുഖത്വത്തിന്റെ അടിസ്ഥാനം, അതിലെ വിചാരവികാരങ്ങളുടെ സ്വാഭാവികതയാകുന്നു.

## നിരൂപകൻ

അതുകൊണ്ടു്, സമൂഹത്തിലായാലും സാഹിത്യത്തിലായാലും ഓരോ നിരൂപകൻ്റെയും പ്രാഥമിക ലക്ഷ്യം സമൂഹത്തിൻ്റെയും സാഹിത്യകാരൻ്റെയും കർമ്മങ്ങളുടെ ഉറവിടത്തിൻ്റെ സ്വഭാവം കണ്ടെത്തുന്നതിനും അയാളുടെ പ്രവർത്തികളുടെ ആകപ്പാടെയുള്ള സ്വഭാവം ഗ്രഹിക്കുന്നതിനുമാകുന്നു. നിരൂപകൻ്റെ വിജയം പ്രാഥമികമായും പ്രധാനമായും, ഈ അന്വേഷണത്തിലുള്ള പ്രഗത്ഭതയിൽ കുടികൊള്ളുന്നു.

ബോധപൂർവ്വമായ കലാനിർമ്മിതിയ്ക്കു് ഉറവിടമായു് വ്യക്തവും സുദൃഢവുമായ ഒരു അടിത്തറ ഉണ്ടാകും. അത്തരം ഒരു കലാകാരനു് അയാൾ കൈകാര്യം ചെയ്യുന്ന വികാരവിചാരങ്ങളെപ്പററി അളവിലും സ്വഭാവത്തിലും അവയ്ക്കു മനുഷ്യബന്ധം കൊണ്ടുണ്ടാവുന്ന ക്രിയാത്മകമായ ശക്തിയിലും ഒരു വ്യക്തത ഉണ്ടായിരിക്കും. അസ്വഭാവികമായ വീക്ഷണം കലർന്നിട്ടുള്ള നിരൂപകർക്കും മററു് ആളുകൾക്കും അത്തരം ഒരു കൃതി പ്രകൃതിസ്വഭാവപരമായു് ഗ്രഹിക്കുവാൻ കഴിഞ്ഞെന്നു വരുകയില്ല. എന്നാൽ പല സാധാരണക്കാർക്കും കഴിയും. സാധാരണക്കാരൻ പ്രകൃതിപരമായ സ്വഭാവഘടനയോടു വളരെയടുത്തു നിൽക്കുന്നു. കൃതിയുടെ ആത്മചൈതന്യം സ്പർശിക്കുവാൻപോലും വൈകാതെ, ബാഹ്യരൂപത്തിൽ മാത്രം തങ്ങി സാങ്കേതിക രൂപങ്ങളുടെ ഏററക്കുറച്ചിൽ ഒരഭ്യസ്തവിദ്യനും, പണ്ഡിതമനസ്ഥിതിക്കാരനുമായ ഒരുവൻ അന്വേഷിക്കുമ്പോൾ, ഒരു സാധാരണക്കാരൻ്റെ അകൃത്രിമമായ ചിത്തത്തെ കൃതിയുടെ വികാരഘടന ചലിപ്പിക്കുകയും, അതിൻ്റെ സ്ഥായീഭാവത്തിൽ അവൻ മുഴുകുകയും, അതിൻ്റെ പ്രചോദനത്തിൽ അവൻ വികാരം കൊണ്ടു് കർമ്മനിരതനായു് തീരുകയും ചെയ്യുന്നു. നിരൂപകർ ആവശ്യം ചെയ്യേണ്ട ഒരു പരീക്ഷണമാണിതു്.

## ജീവിതത്തെ പൂർണ്ണമായു് കാണുക

പ്രകൃതിയുടെ എല്ലാ ചലനങ്ങളുമായുള്ള സമ്പർക്കവും ബോധവും ഉള്ള ഒരാൾക്കു മാത്രമേ, ജീവിതത്തെ സമഗ്രമായും പൂർണ്ണമായും കാണുവാനും, മനുഷ്യനെ പൂർണ്ണമായും വ്യക്തമായു് കണ്ടെത്തുവാനും കഴിയുകയുള്ളൂ. ഇതിനു കടകവിരുദ്ധമാണു് ഇന്നത്തെ ജീവിതസമ്പ്രദായവും വിദ്യാഭ്യാസവും, കാലത്തിനൊത്തു ജീവിക്കാൻവേണ്ടിയുള്ള സ്വയം പരിശീലനവും, മാനസിക വീക്ഷണവും. ആളുകൾക്കു് ചില വിഷയങ്ങളെപ്പററി മാത്രം അറിയാം. ചിലപ്പോൾ ചിലതു മാത്രം അറിയാം. ഈ കാരണംകൊണ്ടാണു് പല നിരൂപകർക്കും എല്ലാത്തരം കൃതികളും ഗ്രഹിക്കുന്നതിനും വിശദീകരിക്കുന്നതിനും കഴിയാതെ വരുന്നതു്. ഇന്ത്യയിലെ സാമൂഹ്യഘടനയെ പററി സാധാരണമായ ഒരു ബോധവും അതിലാകെ ചുററിയടിക്കുന്ന വിപ്ലവശക്തികളെ കണ്ടെത്തുവാനുള്ള കരുത്തും അതിൽ വിശ്വസിക്കുവാനും കഴിയാത്ത ഒരാൾക്കു് വിപ്ലവാത്മകമായ ഒരു കൃതി നേരായു് കാണുവാനും നിരൂപണം ചെയ്യുവാനും സാദ്ധ്യമല്ല. ഗ്രന്ഥകാരൻ്റെ ആശയവിശ്വാസങ്ങളേയും

അവയുടെ ശാസ്ത്രീയവും യുക്തിപരവുമയ അടിസ്ഥാനങ്ങളേയും നിരൂപകൻ, തന്റെ കർമ്മത്തിനു ഗ്രഹിച്ചു കഴിയൂ.

## യന്ത്രവും രക്തവും—കഥാമൂല്യം

'യന്ത്രവും രക്തവും' കഥ വികാസംകൊള്ളുന്നതുതന്നെ മുതലാളി–തൊഴിലാളി ബന്ധത്തിലാണ്. 'അനിയനും' ജോസഫ് ചേട്ടനും മുതലാളി–തൊഴിലാളി ബന്ധത്തിൽ പെട്ടുനിൽക്കുന്നവരാണ്. അതുകൊണ്ട് അവരെപററി നിൽക്കുന്ന അന്നചേച്ചിയും സൂസാനുംകൂടി ആ ചക്രത്തിൽപെട്ടു കറങ്ങുന്നു. ഗൃഹത്തിലെ അനുഭവങ്ങൾകൊണ്ട്, സൂസാനിൽ സ്വന്തം ജീവിതത്തിന്റെ ചുററുപാടുകളെപററിയുള്ള ബോധം ക്രമേണ വികാസം കൊള്ളുന്നു. അതുകൊണ്ടാണ് ആ സ്നേഹമയിക്ക്, 'മോട്ടാർ യന്ത്രം ഇരുമ്പാകുന്നു. മനുഷ്യ ശരീരം മാംസവും രക്തവും ആകുന്നു' എന്ന് അന്തരംഗം ഇളകി പറയാൻ കഴിയുന്നതു്. മർദ്ദകനും മർദ്ദിതനുമായുള്ള ബോധം വ്യക്തമാകുന്നതിന് അവളെ ചേട്ടൻ സഹായിക്കുകയും ചെയ്യുന്നു. അപ്പച്ചൻ മരിക്കുമ്പോൾ അവൾ ഫാക്ടറിയുടെ പുകക്കുഴലിനെ ചൂണ്ടി പറയുന്നതു്, "അവിടെ ജോലിക്കുപോയാൽ ആളുകൾ മരിക്കും" എന്നാണ്. പ്രബുദ്ധമായി നിൽക്കുന്ന ആ കുഞ്ഞുചിത്തത്തോട് അവളുടെ ചേട്ടൻ, തൊഴിലാളിശക്തി ഫാക്ടറികൾ കയ്യടക്കുമെന്നു പറയുന്നതു് കേവലം ഔപചാരികമായ "മാക്ക്സിസ്റ്റ് സ്റ്റഡിക്ലാസ്സല്ല" (കൌമുദി), കടുത്ത അനുഭവത്തിൽനിന്നും വിപ്ലവം കൊണ്ടു നിൽക്കുന്ന മനുഷ്യത്വബോധവും തന്റെ വർഗ്ഗശക്തിയിൽ വിശ്വാസവും ഏറിയ ചേട്ടൻ ഹൃദയംഗമമായി അനുജത്തിക്ക് അർപ്പിക്കുന്ന ആശ്വാസധാരയാകുന്നു. മുതലാളി–തൊഴിലാളി ബന്ധത്തിനു അടിയുറച്ച ഈ കഥാമൂല്യത്തിന് ഒഴിച്ചുകൂടുവാൻ പാടില്ലാത്ത, അനുഭവത്തിൽ നിന്നും ഉൾക്കൊണ്ട ജീവിതതത്വമാകുന്നു. മാക്ക്സ്, മനുഷ്യവർഗ്ഗത്തിനു മുഴുവനുമായി പ്രഖ്യാപിച്ച ജീവിതതത്വമാകുന്നു. അപ്പോൾ, അതിനേക്കാൾ കൂടുതലായി ആ കുഞ്ഞിന്റെ ആത്മാശ്വാസനത്തിനു ഒന്നും പര്യാപ്തമല്ല. ആ രംഗം കൊണ്ടു, സൂസാനും അവളുടെ ചേട്ടനും ഒന്നിനുവേണ്ടി നിലകൊള്ളുന്നു എന്ന ബോധത്തിലേക്ക് ആഴ്ന്നിറങ്ങുകയും, അതു് അവരുടെ ആത്മാക്കളുടെ പരസ്പരമായ ആലിംഗനത്തിൽ പരിണമിക്കുകയും ചെയ്യുന്നു.

'മണ്ണ്' എന്ന കഥയുടെ അന്ത്യത്തിൽ, മണ്ണിൽനിന്നും ഇറക്കപ്പെട്ട കർഷകർ, തങ്ങളുടെ വർഗ്ഗവുമായി ഒത്തുചേരാൻ യാത്രചെയ്യുന്നതു് സൂചിപ്പിച്ചിട്ടുള്ളതു്, കൌമുദി നിരൂപകൻ "കഥയുടെ കലാമൂല്യത്തെ ഹനിച്ചില്ലേ, എന്നു സംശയിക്കുന്നു. കഥയുടെ കലാമൂല്യം കുടികൊള്ളുന്നതു് വായനക്കാരന്റെ സ്വന്തമായ ആശയഗതിയിലല്ല, ഈ കർഷകരുടെ അനുഭവങ്ങളിലും അവയുടെ പ്രത്യാഘാതംകൊണ്ടു് അവരിൽ ഉറവിടുന്ന വിചാരവികാരങ്ങളിലുമാകുന്നു. അവർ മണ്ണിനുവേണ്ടിയുള്ള കടുത്ത ദാഹത്തിൽ അലഞ്ഞുതിരിയുകയും, അവസാനം, മുൻപ് എപ്പോഴത്തേയും പോലെ തങ്ങൾ വിളവ് ഉയർത്തിയ മണ്ണിൽനിന്നും അടിച്ചു

ചതച്ച് ഇറക്കിവിടുകയും ചെയ്യപ്പെട്ടവരാണ്. അവരുടെ മനുഷ്യസഹജമായ വിദ്വേഷത്തിന്റെയും ദാഹത്തിന്റെയും മനുഷ്യാശ്വാസപരവും ക്രിയാത്മകവുമായ പ്രത്യാഘാതവും പൂർണ്ണിമയും, ഇന്നത്തെ സാമൂഹ്യാടിസ്ഥാനത്തിൽ ഞാൻ കണ്ടെത്തുന്നതു്, അവർ മററു തൊഴിലാളി സംഘങ്ങളുമായി അവർക്ക് അവകാശപ്പെട്ട മണ്ണിനുവേണ്ടിയുള്ള പൊതുശത്രുവിന് എതിരായുള്ള സമരത്തിൽ ഒത്തുചേരുന്നതിലാണ്. പ്രത്യേകമായ്, അനുഭവങ്ങളിൽ നിന്നും തങ്ങളുടെ ഭാവി വ്യക്തമായി അവർ കണ്ടെത്തുന്നതു സൂചിപ്പിക്കുന്നതിൽ കഥയുടെ ക്രിയാത്മകമായ അംശം ബന്ധപ്പെടുന്നു.

## ജയിച്ചുവരുമിലെ അമ്മ

ഇതു് വികാരാത്മകമായ ഒരു കഥയാണ്. എന്നാൽ വികാരം കൊള്ളുന്ന അമ്മയുടെ ചിത്തത്തിന്റെ ഘടന മാതൃത്വം, മകനോടുള്ള അതിയായ സ്നേഹം, ത്യാഗോന്മുഖമായ യത്നത്തിൽ അവൻ ഏർപ്പെട്ടിരിക്കുന്നു എന്ന വിശ്വാസം, സാമൂഹ്യബോധം, വിപ്ലവവിജയത്തിലുള്ള വിശ്വാസം ഇവയാകുന്നു. പരിഷത്തു് നിരൂപകൻ ഉദ്ദേശിക്കുന്നതുപോലെ "അത്തരം അമ്മമാർ ഉണ്ടാകട്ടെയെന്നുള്ള" ഊന്നമാണ് കഥാകാരനുള്ളതു്.—ആ അമ്മയുടേതുപോലത്തെ മക്കളുണ്ടാകാനും.

'ഉട്ടുണ്ണി,' സഹാനുഭൂതിയുടെ കഥയാകുന്നു.

## 'എനിക്കു സ്നേഹിക്കണം'—ആദർശവും യാഥാർത്ഥ്യവും

വെന്നിനിൽക്കുന്ന വെറുപ്പിൽ, മനുഷ്യനും അവന്റെ സർവ്വ കഴിവുകളും വരണ്ടുപോകും. വികാരതരളിതമായ സ്നേഹത്തിൽ, ജീവിതചൈതന്യവും മനുഷ്യചൈതന്യവും കണ്ടെത്തും. വെറുപ്പിൽ വരണ്ടുപോയ മനുഷ്യനു പ്രതിവിധി, സ്നേഹത്തിന്റെ സുഖശീതളമായ സമ്പർക്കം അരുളുന്ന മനുഷ്യസങ്കേതങ്ങൾ മാത്രമാണ്. ദിവാകരനു്, ആ ആശ്രമം അതിന്റെ പൂർണ്ണമായ അനുഭവത്തിൽ ലഭിക്കുന്നതു് സരസ്വതിയുടെ ഗൃഹത്തിലാകുന്നു.

"സരസ്വതിയ്ക്കും അവളുടെ പിതാവിനും യഥാർത്ഥ ലോകത്തിനോടുള്ളതിനേക്കാൾ ബന്ധം ആദർശലോകത്തോടാണ്." (പരിഷത്തു്) യാഥാർത്ഥ്യനിമഗ്നമായ മനുഷ്യജീവിതം അതിന്റെ ആഴത്തിലും വ്യാപ്തിയിലും ലഭിച്ചുകഴിഞ്ഞ ഒരുവനായ് ആണ് ഞാൻ ആ വയോവൃദ്ധനെ അവതരിപ്പിക്കുന്നതു്. അതുകൊണ്ടു് അദ്ദേഹത്തിനു്, മനുഷ്യഹൃദയത്തിലേയ്ക്കു് അഗാധമായ ദർശനശക്തി ഞാൻ നൽകുന്നു. ദിവാകരനെ അദ്ദേഹം സ്വീകരിയ്ക്കുന്നതു് അയാളെ അദ്ദേഹത്തിനു കണ്ടെത്താൻ

കഴിഞ്ഞതുകൊണ്ടു തന്നെയാണ്. ആ സ്വീകരണത്തിന്റെ പിന്നിലുള്ള വിശാലമായ സ്നേഹമണ്ഡലമാണ് അയാൾക്ക പൂൎണ്ണമായി രക്ഷനൽകുന്നതു്. ആ പിതാവും പുത്രിയും ഇന്നു ജീവിതത്തിൽ സാധാരണമല്ല. എന്നാൽ, അവർ ഇന്നു ജീവിതത്തിൽ സാധാരണമായ ഇരുണ്ട യാഥാൎത്ഥ്യങ്ങൾക്കു്, വെളിച്ചവും തളൎന്നുവീണ മനുഷ്യൎക്കു് ഉയിർത്തെഴുന്നേല്ക്കാനുള്ള ശക്തിയും നൽകാൻ പ്രാപ്തരായ മനുഷ്യരാണ്. അവർ നന്മയെ ഉൾക്കൊള്ളുന്നു, സ്നേഹത്തെ ഉൾക്കൊള്ളുന്നു. ആദൎശത്തെ ഉൾക്കൊള്ളുന്നു. എന്നാൽ അവർ നന്മയ്ക്കും ആദൎശത്തിനും അനുയോജ്യമായു്, യാഥാൎത്ഥ്യത്തോടു ബന്ധപ്പെടുന്നവരും, യാഥാൎത്ഥ്യത്തെ അഭിമുഖീകരിക്കുന്നവരുമാണ്. ആ കഥയാകെയുള്ള സ്നേഹത്തിന്റെ സ്നിഗ്ദ്ധതയും സരളതയും കഥയ്ക്കു് ഒരു ആദൎശാത്മകത്വവും കാവ്യാത്മകത്വവും നൽകുന്നു. അവ, കഥയുടെ പ്രചോദനത്തെ കൂടുതൽ ശക്തമാക്കുമെന്നു് ഞാൻ കരുതുന്നു.

## ഉപസംഹാരം

ഇതു്, എന്റെ കലയുടെ 'ജയിച്ചവരും!' എന്ന ഈ കൃതിയെ സംബന്ധിക്കുന്ന, ചില വശങ്ങളുടെ വിശദീകരണങ്ങൾ മാത്രമാകുന്നു. എന്നാൽ ഈ വിശദീകരണങ്ങൾ, എന്റെ കലാവിശ്വാസങ്ങളെ സംബന്ധിച്ചിടത്തോളം പൂൎണ്ണമല്ല. പക്ഷെ, ഞാൻ ഇവിടെ വിശദീകരിച്ചിടത്തോളം കാൎയ്യങ്ങൾകൊണ്ടു് എല്ലാ നിരൂപകൎക്കും മററു വായനക്കാൎക്കും എന്റെ കൃതികളെ കൂടുതൽ വ്യക്തമായു് കാണാൻ കഴിയുമെന്നു് ഞാൻ വിശ്വസിയ്ക്കുന്നു.

വിശദീകരണങ്ങൾ ആവശ്യപ്പെടുന്ന അംശങ്ങൾ മാത്രമേ, ഞാൻ ഈ മുഖവുരയിൽ പരാമൎശിച്ചിട്ടൊള്ളു. അവ ഈ കൃതിയുടെ നിരൂപണങ്ങൾ ഒട്ടാകെ, വളരെ ലഘുവാണ്. അധികം നിരൂപണങ്ങളും കൃതിയുടെ മൂല്യത്തെ കണ്ടെത്താൻ ശ്രമിയ്ക്കുന്നവയും ആസ്വാദ്യതയോടെ അതു നിൎവ്വഹിച്ചിട്ടുള്ളവയുമാകുന്നു— പ്രത്യേകിച്ചു് സാഹിത്യപരിഷത്തു്, മലയാളരാജ്യം (പുസ്തകം 26 ലക്കം 301, സി. എ. പി), കൌമുദി എന്നിവയിലെ നിരൂപണങ്ങൾ.

സൃഷ്ട്യുന്മുഖനായ ഒരു കലാകാരന്റെ സൃഷ്ടികൾ, വായനക്കാൎക്കു വിശദമാക്കുന്നതിൽ, ഇന്നു നിരൂപകനു് ബോധപൂൎവ്വമായ ഒരു പങ്കുണ്ടു്. ഇതറിയുന്ന നിരൂപകൻ, നിൎമ്മാണാത്മകമായ യത്നത്തിൽ കലാകാരനോടു് ഒത്തുചേരുന്നു!

# മനുഷ്യബന്ധം

★

ബാലചന്ദ്രൻ ഗേറ്റുകടന്നു്, വീട്ടിന്റെ വാതുക്കൽ വന്നു ഒരു നിമിഷം നിന്നു.

അയാളുടെ നെഞ്ചിടിച്ചു. മുഖത്തുനിന്നും വിയർപ്പൊഴുകി. അയാൾ കൈലേസ്സെടുത്തു് വീണ്ടും വീണ്ടും മുഖം തുടച്ചു.

അയാൾ വാതുക്കൽ ഒന്നു മുട്ടി. ഒരു മിനിട്ടു കഴിഞ്ഞു...രണ്ടുപ്രാവശ്യംകൂടി മുട്ടി. അകത്തു മെല്ലെയുള്ള കാൽവയ്പ് കേൾക്കായ്. ഒരു നിമിഷത്തിനുള്ളിൽ കതകു തുറക്കപ്പെട്ടു—

അതു് അവൾ ആയിരുന്നു!

ആ നീണ്ട മുഖത്തേക്കു് അയാൾ ഒരു നിമിഷം നോക്കി—വെളുത്തനിറം. കറുത്തപുരികങ്ങൾ. അഴകുള്ള നാസിക. കൊച്ചുവായു്. അയാളുടെ ഹൃദയത്തിൽ പ്രതിഷ്ഠിതമായ സുന്ദരമായ ആ മുഖം!—പെട്ടെന്നു് അവളിൽ വികാരമയമായ ഒരു പ്രകാശം കണ്ടു. ഒരു നിമിഷത്തിനുള്ളിൽ അവളുടെ ചിത്തം അഗാധമായ ചിന്തകളിൽ പെട്ടുപോയ്. ആ കണ്ണുകൾ ആർദ്രങ്ങളായ്. അവൾ കൈത്തണ്ടുകൾ ഉയർത്തി കൈകൂപ്പി. ഒരു മിനിട്ടുനേരത്തേക്കു് ആ കൂപ്പുകൈ നിശ്ചലമായ് നിന്നു— സ്വേന്ദ്രിയങ്ങളും ഏകീഭവിച്ചു നില്ക്കുംപോലെ. അയാളും കൈകൂപ്പി!—

ചൂരൽ വരിഞ്ഞു് കുഷൻ ഇട്ട ചാരുബെഞ്ചിലേക്ക് അയാൾ ചാരിഇരുന്നു. ആ ബെഞ്ചിന്റെ കൈയ്യ്കൾ പിടിച്ച് അവൾ നിന്നു. കരുണാർദ്രമായ ശബ്ദത്തിൽ അവൾ വായ തുറന്നു—

അങ്ങ് എവിടെയായിരുന്നു?—"

അയാളുടെ തൊണ്ട തടഞ്ഞു. ഒരക്ഷരം ഉരിയാടാൻ കഴിഞ്ഞില്ല. ചാരുബെഞ്ചിൻെറ മൂലയിലേക്ക അയാൾ തല ചാച്ചു.

അവൾ അകത്തേക്ക പോയി.

ഒരു മിന്നിററിനകം ഭൃത്യൻ സോഡാകൊണ്ടുവന്നു. അവൾ സോഡാ പൊട്ടിച്ചു ഗ്ലാസ്സിലേയ്ക്കൊഴിച്ചു നീട്ടി. അതു വാങ്ങുമ്പോൾ അയാളുടെ കൈമാത്രം അനങ്ങി.

അല്പനേരം നിമിഷങ്ങളിലെ നിശ്ശബ്ദത അവൾക്ക കഠോരമായിരുന്നു. അയാളുടെ ശബ്ദം കേൾക്കാൻ അത്യധികമായ ദാഹത്തോടെ അവൾ ആവർത്തിച്ചു—

"നാലുകൊല്ലം അങ്ങ് എവിടെയായിരുന്നു?—"

അവളെ നോക്കാതെ അയാൾ പറഞ്ഞു.—

"ഞാൻ ജീവിതമാർഗ്ഗം തേടി പോയി—"

നെല്ല നിശ്ശബ്ദതയ്ക്കുശേഷം അയാൾ വിഷാദാത്മകമായ ശബ്ദത്തിൽ മെല്ലെ പറഞ്ഞു —

"നിന്നെ സംരക്ഷിക്കാൻ എനിക്കൊരു ജോലിവേണമായിരുന്നു. ജീവിതം ഒരു ഘനത്ത ചുമടായി എന്റെ ചുമലിൽ തൂങ്ങിയിരുന്നു. നിന്നിൽ എത്തിച്ചേരുകയായിരുന്നു എൻെറ ലക്ഷ്യം. ആ ലക്ഷ്യത്തിനുവേണ്ടി, ഞാൻ

നിന്നിൽനിന്നു അകന്നകന്നു പോയി. ഓരോ ദിനവും ജീവിതത്തിന്റെ അഗാധതയിലേക്ക് ഞാൻ ഇറങ്ങി ഇറങ്ങി, തട്ടിമുട്ടുകയായിരുന്നു. നാടുതോറും ഞാൻ അല ഞ്ഞു. നഗരംതോറും ഞാൻ കഴിഞ്ഞു. അവസാനം എനി ക്കൊരു പ്രവൃത്തികിട്ടി. ഞാൻ ജോലിയിൽ പ്രവേശിച്ച ആദ്യനിമിഷം നിന്നെയാണ് ഓർത്തതു്. എനിക്ക് എന്തു സമാധാനമായി!—ഞാൻ വിചാരിച്ചു, ഏതു നിമിഷത്തി ലെങ്കിലും നീ എന്റെ അടുത്താകുമെന്നു്."

അയാൾ നിർത്തി—

അവളുടെ ഹൃദയത്തിനു കിടുക്കം ഉണ്ടാക്കിക്കൊണ്ടു ഘനമേറിയ ആ വാക്കുകൾ വീണു—

"ഹാ, പെട്ടെന്നു ഞാൻ അറിഞ്ഞു നീ എന്നിൽ നിന്നും വേർപെട്ടു എന്നു്."

അവൾക്കു തോന്നി അയാൾ മരവിച്ചു എന്നു്. അ യാൾ അത്ര നിശ്ചലമായിരുന്നു. അയാൾ വീണ്ടും ശബ്ദി ച്ചതു് അവൾക്കു് ആശ്വാസമായി.

"എങ്കിലും സത്യം ഭയാനകമായി എന്നിൽ ഉറച്ചു നിന്നു. നീ എന്റേതല്ലാതായ്തീർന്ന എന്ന ചിന്തയിൽ എനിക്കു ജീവിക്കാൻ വിഷമം ആയിരുന്നു ഞാൻ ആളി ക്കത്തുന്ന വേദനയിലേക്കു വഴുതിവീണുപോയി. നിന്നിൽ നിന്നും എഴുന്നൂറുമൈലകലെയിരുന്നു നിന്നെപ്പററി ഓർത്തു് ഞാൻ നശിക്കുകയായിരുന്നു. അവസാനം ഞാൻ ഇതാ നിന്നെ കാണാൻവന്നു...നിന്റെ മുമ്പിൽ ഞാൻ പൊട്ടിത്തെറിക്കട്ടെ!—എനിക്കു താങ്ങിനില്ക്കാൻ ഒന്നു മില്ല—"

അവളുടെ ആത്മനിയന്ത്രണം വിട്ടുപോയതായി അവർ അറിഞ്ഞു. അവളുടെ എല്ലാ ഒരുക്കങ്ങളും നിരർത്ഥകമായി തീരുന്നതായും അവൾക്കു തോന്നി... അയാളുടെ വിങ്ങിപ്പൊട്ടലുകളിൽ അവൾ ഒഴുകരുതു ! അവൾ, ഇളകിക്കഴിഞ്ഞ തന്റെ ചിത്തത്തെ പിടിച്ചുനിത്താൻ യത്നിച്ചു. അവൾ ചോദിച്ചു —

'അങ്ങ് എന്താ എനിക്ക് എഴുതായ്കാഞ്ഞതു്?"

'എനിയ്ക്കു മേൽവിലാസം ഇല്ലായിരുന്നു. എനിക്കൊരു തൊഴിലുതരാൻ ഒരിടവും ഞാൻ കണ്ടില്ല. മുട്ടിയിടത്തെല്ലാം ഞാൻ നിരാശനായി. ഞാൻ പട്ടിണികിടന്നു്, പലയിടത്തുകിടന്നു് എങ്ങും പായുകയായിരുന്നു."

അയാളും അവളും മാത്രമുള്ള ആ മുറിയിൽ എല്ലാം നിശ്ചലമായതുപോലെ അവൾക്കു തോന്നി. ആ നിശ്ശബ്ദതയിൽ നിരവധി മിന്നിററകൾ നീങ്ങിപ്പോയ . ഇടറിയ സ്വരത്തിൽ അവൾ പറഞ്ഞു —

ഞാൻ സ്കൂൾഫൈനൽപരീക്ഷക്കു് എഴുതുമ്പോൾ അല്ലേ, അങ്ങു പോയതു്? എവിടെപോയി എന്നു് അങ്ങയുടെ അമ്മയ്ക്കും നിശ്ചയം ഉണ്ടായില്ല. ആർക്കും ഒന്നും അറിഞ്ഞുകൂടായിരുന്നു. ഓരോ ദിവസവും ഞങ്ങൾ അങ്ങയുടെ എഴുത്തു് കാത്തു. ഒരാഴ്ച... ഒരു മാസം......രണ്ടു മാസം......അങ്ങിനെ കാലം പോയി. ജീവിതത്തിലാദ്യമായി ഞാൻ വേദന അനുഭവിച്ചു. ഞാൻ കരഞ്ഞു. എന്റെ അമ്മയും അച്ഛനും എല്ലാവരും കാണ്കെ കരഞ്ഞു. ഞാൻ അമ്മയോടും അച്ഛനോടും അപേക്ഷിച്ചു അങ്ങയെ അന്വേഷിക്കണമെന്നു്. എനിക്കുവേണ്ടി അവർ അങ്ങയെ

തിരഞ്ഞു. ആളുപോയി. പത്രങ്ങളിൽ പരസ്യംചെയ്തു. ഒന്നും അങ്ങു് അറിഞ്ഞില്ല. ഒന്നിനും അങ്ങയെ എന്റെ അടുത്തേക്കു കൊണ്ടുവരുന്നതിനു കഴിഞ്ഞില്ല.

ഞാൻ സ്കൂൾഫൈനൽ ജയിച്ചു. അങ്ങേക്കറിയാം. എന്റെ ആഗ്രഹം കാളേജിൽ പോകണമെന്നായിരുന്നു എന്നു്. എന്നാൽ ഞാൻ കാളേജിൽ പോയില്ല. ഞാൻ മുറിക്കു വെളിയിൽ ഇറങ്ങിയില്ല. വേദനയുടെ വലിയ ഭാരത്തിൽ ഞാൻ കിടന്നു. നിശ്ചലമായി കിടന്നു. മുറിയുടെ വാതുക്കൽ ആരുടെയെങ്കിലും കാലടികൾ കേൾക്കുമ്പോൾ ഞാൻ ആർത്തിയോടെ നോക്കി. പക്ഷെ, അതു ഒരിക്കലും അങ്ങയുടേതായിരുന്നില്ല. അങ്ങയെ ഞാൻ തുടരെത്തുടരെ സ്വപ്നംകണ്ടു. എനിക്കു് ഓർമ്മയായ നാളുമുതൽ അങ്ങയുമായി കളിച്ചുവളർന്ന ആ രംഗങ്ങളെല്ലാം ഞാൻ സ്വപ്നം കണ്ടു. എന്നെ ഓർത്തു് അകലെയിരുന്നു അങ്ങു് കരയുന്നതായി ഞാൻ സ്വപ്നംകണ്ടു. സ്വപ്നത്തിൽ ഉയർന്ന ആ സജീവരംഗങ്ങൾ എന്നെ പൊള്ളിക്കുന്നതായിരുന്നു. ഞാൻ ഏങ്ങലടിച്ചു് ഏങ്ങലടിച്ചു കിടന്നു. അങ്ങയെ ഒരു നോക്കുകാണാൻ തീക്ഷ്ണമായ ദാഹത്തിൽ ഞാൻ കിടന്നു. ഞാൻ ആഹാരം വെറുത്തു. ഞാൻ അസ്വസ്ഥതയോടെ മുറിയിൽ അങ്ങോട്ടും ഇങ്ങോട്ടും നടന്നു. ഭിത്തിയിൽ ആഞ്ഞു് ഇടിച്ചു. അനവധി രാത്രികളിൽ തുടർച്ചയായി എനിക്കു് ഉറക്കം ഇല്ലായിരുന്നു. എന്നെ ഓർത്തു എന്റെ അമ്മ കരയുന്നതു് ഞാൻ കണ്ടു. അമ്മയെപ്പോലും എനിക്കു കണ്ണിനു മുമ്പിൽ കാണണ്ടായിരുന്നു—"

അയാൾക്ക്, അവളെ തല ഉയത്തിനോക്കാതിരിക്കുവാൻ കഴിഞ്ഞില്ല.

അവൾ തുടന്നു—

"രണ്ടുകൊല്ലം കഴിഞ്ഞു—അവസാനം എല്ലാവരും വിചാരിച്ചു ഞാൻ മരിക്കുമെന്ന്. അങ്ങയെ ഒന്നു കണ്ടിട്ട് എനിക്ക് അന്നു മരിച്ചാൽ മതിയായിരുന്നു...

"എല്ലാവക്കും എന്നെ എങ്ങിനെയെങ്കിലും രക്ഷിക്കണമായിരുന്നു. അതിൻെറ ഫലം ഒരു ഭത്താവിൻെറ ആഗമം ആയിരുന്നു. ഒരു ഓമ്മകേടിൽ എന്നപോലെയാണ് ആ വിവാഹം എനിക്കു സംഭവിച്ചതു്. എനിക്കു തെളിഞ്ഞ ബുദ്ധിവന്ന ഏതോ അവസരത്തിൽ ഞാൻ അദ്ദേഹത്തോടു പറഞ്ഞു ഞാൻ ഏററവും വലിയ കാമുകി ആയിരുന്നു എന്ന്. ആ വിവരം കേട്ട് അദ്ദേഹം എന്നെ വെറുക്കമെന്നും എന്നിൽ നിന്നും അകലുമെന്നും ഞാൻ കരുതി. പക്ഷെ അദ്ദേഹം ഒരു അസാധാരണ മനുഷ്യനായിരുന്നു. മനുഷ്യമനസ്സിൻെറ വ്യാപാരങ്ങളെ പററി വ്യക്തമായ ബോധം അദ്ദേഹത്തിനുണ്ടായിരുന്നു അദ്ദേഹത്തിൻെറ സാമീപ്യത്തിൽ സ്നേഹത്തിൽ— എനിക്കു പുനർജീവനം കിട്ടി. അദ്ദേഹം എന്നെ മരണത്തിൽ നിന്നും വീണ്ടെടുത്തു. അദ്ദേഹത്തിൻെറ പരിലാളനത്തിൽ ഞാൻ വെറുത്ത എല്ലാ വസ്തുക്കളേയും സ്നേഹിച്ചുതുടങ്ങി. ഞാൻ വീണ്ടും ലോകത്തിൻെറ എല്ലാ അംശങ്ങളോടും ബന്ധപ്പെട്ടവളായി. ഞാൻ പ്രസവിച്ചു....

"അങ്ങയുടെ ഓമ്മ എൻെറ ചിത്തത്തിൽ പുകഞ്ഞും എരിഞ്ഞും കിടന്നു. അങ്ങ് എന്നെങ്കിലും വരുമെന്ന്

ഞാൻ ആശിച്ചു. നമ്മുടെ ബന്ധത്തിന് ഒരു സമാധാനം കാണാൻ ഞാൻ ചിന്തിച്ചു. ആത്മശാന്തി ഞാൻ കുറേശ്ശെ കുറേശ്ശെ ആയി വീണ്ടെടുക്കുക ആയിരുന്നു. ഞാൻ പ്രതീക്ഷിച്ച ആ രംഗം ഇന്നു സമാഗതമായിരിക്കുന്നു. ഈ സന്ധി കടക്കുവാൻ കഴിഞ്ഞ ഒരു കൊല്ലമായി ഞാൻ ഒരുങ്ങുകയാണ്—"

ഏതാനും നിമിഷങ്ങളിലേക്ക് മുറി നിശ്ശബ്ദമായി.

അയാൾ വിളിച്ചു—

"തങ്കമ്മേ—"

"ഓ—"

"എന്റെ തങ്കമ്മേ—"

"ഓ"

അയാൾ ഏങ്ങലടിച്ചു പറഞ്ഞു—

"എന്റെ ഹൃദയത്തിലെ എല്ലാ അംശത്തിലും നീ ഉറച്ചുപോയി. പതിനേഴുകൊല്ലംകൊണ്ട് അതു സംഭവിച്ചതാണ്. ഇന്നുവരെ നിന്നിൽ കവിഞ്ഞ് ഒരു പെൺകുട്ടിയേയും ഞാൻ കണ്ടിട്ടില്ല."

അയാൾ അവളിൽ ദൃഷ്ടി ഉറപ്പിച്ചു. ആർദ്രമായ അവളുടെ കണ്ണുകൾ അയാളെ ഉററു നോക്കിക്കൊണ്ടിരുന്നു. അയാൾ പറഞ്ഞു—

"നീ എന്റെ കൂടെ വന്നില്ലെങ്കിൽ ഞാൻ നശിച്ചുപോകും. നിന്നെ പററി ചിന്തിച്ച്, എരിഞ്ഞെരിഞ്ഞ് നശിയ്ക്കും."

ആ വാക്കുകൾ അവളുടെ പ്രതിരോധശക്തിയിൽ ആഞ്ഞുപതിഞ്ഞു. അവളുടെ ഹൃദയവും തലയും ചൂട്

പിടിച്ചു. അവൾക്കു താൻ ഉദ്ദേശിക്കുന്നതു്, എങ്ങനെ വ്യക്തമാക്കണമെന്നു് പിടികിട്ടിയില്ല. വേദനയുടെ ഘനത്ത പാളികൾകൊണ്ടു്, അവളുടെ ഹൃദയത്തിലെ എല്ലാ വെളിച്ചവും അടഞ്ഞുപോയി. അവൾ അടുത്ത കസേരയിലേക്കു ഇരുന്നു മേശപ്പുറത്തേക്കു തലചായച്ചു വലതുകൈവിൾ ചേർത്തു കിടന്നു.

അവൾ പതുക്കെ പറഞ്ഞു,—

"ഹോ ഞാൻ ആരാധിച്ച ആ മുഖത്തു് എന്തു ദുഃഖം തിങ്ങുന്നു!"

പൂർണ്ണനിശ്ശബ്ദതയിൽ രണ്ടുമൂന്നു മിനിററുനേരം അവൾ അങ്ങിനെ കിടന്നു.

ഈ പ്രതിസന്ധിഘട്ടത്തെ അഭിമുഖീകരിയ്ക്കുന്നതിനു് അവൾ കെട്ടിപ്പടുത്ത മനക്കരുത്തു്, ചിത്തത്തെ ഇരുട്ടാക്കിയ വേദനയുടെ പിടിയിൽനിന്നും ഉണരാതിരിക്കുക സാദ്ധ്യമല്ലായിരുന്നു. അവൾക്കു്, താൻ പറയുവാൻ കരുതിയിരുന്നതു വ്യക്തമാക്കണം. ഏതു വിധേനയും വ്യക്തമാക്കണം.

അവൾ തല ഉയർത്തി. അയാൾ നിശ്ചലനായി ഇരിക്കുകയാണു്. അയാളെ ഉററുനോക്കിക്കൊണ്ടു് അവൾ മന്ദം മന്ദം പറഞ്ഞു,—

'ഞാൻ ഇന്നു് വേറൊരു പുരുഷനിൽ ജീവിക്കുകയാണു്. അദ്ദേഹത്തിൻെറ ത്യാഗത്തിലൂടെയാണു് ഞാൻ പുനരുജ്ജീവനം കൊണ്ടതു്.

അവൾ പറയുന്ന ഓരോ വാക്കും, അയാളുടെ ചിത്തത്തിലും ബുദ്ധിയിലും പൂർണ്ണമായി സ്പർശിക്കണമെന്നു്

അവർക്കു നിർബന്ധം ഉണ്ടായിരുന്നു. നിശ്ചലമായ ആ ഭാവത്തിൽ അയാൾ ശ്രദ്ധിക്കുന്നില്ലെന്നവൾക്കു തോന്നി. അവൾ പറഞ്ഞു.—

"അങ്ങ് കേൾക്കുന്നുണ്ടോ?"...

അവളുടെ മുഖത്തേയ്ക്കു തല ചരിച്ച് അയാൾ പറഞ്ഞു.—

"ഞാൻ കേൾക്കുകയാണ്—"

അവൾ തുടർന്നു —

"അദ്ദേഹം വരുമ്പോൾ ഞാൻ ഭ്രാന്തിയെപ്പോലെ കിടക്കുകയായിരുന്നു. ഞാൻ ചികിത്സയേല്ക്കാത്ത രോഗിയായിരുന്നു. ഞാൻ പറഞ്ഞു ഞാൻ സ്നേഹിച്ച പുരുഷനു വേണ്ടിയാണ് അങ്ങിനെ നശിച്ചതെന്ന്. പതിനേഴു കൊല്ലത്തെ നമ്മുടെ ബന്ധത്തിൻെറ ദീർഘമായ ആ ചരിത്രം ഞാനദ്ദേഹത്തിനു വിവരിച്ചു. ഞാൻ വിചാരിച്ചു, ആ ഭർത്താവ് ഈ കാമുകിയെ വെറുക്കുമെന്ന്. പക്ഷേ, അദ്ദേഹം വെറുത്തില്ല. ഒരംശംപോലും വെറുത്തില്ല. അദ്ദേഹം സഹതപിച്ചു. ദയനീയമായി സഹതപിച്ചു. അദ്ദേഹം അറിഞ്ഞു എൻെറ മാതാപിതാക്കൾ അദ്ദേഹത്തെ ഭർത്താവാക്കിയതു് എന്നെ രക്ഷിയ്ക്കാനാണെന്ന്. അവർ കാണിച്ചതു് ഒരു ഭയങ്കര പരീക്ഷണമായിരുന്നു. പരീക്ഷണം ജയിച്ചു. അദ്ദേഹം എന്നെ അതിയായി സ്നേഹിച്ചു. ആ സ്നേഹം ഒരു മാനസികവിദഗ്ദ്ധൻേറതായിരുന്നു. ആ സ്നേഹം ഏററവും വിദഗ്ദ്ധമായ ചികിത്സയായിരുന്നു. ഞാൻ രോഗമൂർഛയിൽനിന്നും ഉണർന്നു. നാശത്തിൽനിന്നും മരണത്തിൽനിന്നും എന്നെ അദ്ദേഹം രക്ഷിച്ചു. എനിക്കു് ആരോഗ്യവും മനസ്സാന്ത

തയും കൈവന്നപ്പോൾ അദ്ദേഹം വിജയശ്രീലാളിതനാ
യി ആനന്ദംകൊണ്ടു... പക്ഷെ അങ്ങയെ ഞാൻ മറന്നില്ല.
—സ്വയം അറിയാതെ, രണ്ടുകൊല്ലംകൊണ്ടു് ഞാൻ
അദ്ദേഹത്തോടു് ഒട്ടിപ്പിടിക്കുകയായിരുന്നു. ഞാനങ്ങിനെ
അദ്ദേഹത്തിനു ഭർത്താവെന്ന അംഗീകാരം കൊടുത്തു.
അദ്ദേഹത്തിന്റെ കുഞ്ഞിനെ ഞാൻ പ്രസവിച്ചു........
ആ ശിശുവിന്റെ ജനനത്തോടുകൂടി അഭേദ്യമായ ബന്ധ
ത്തിൽ ഞങ്ങൾ എത്തിച്ചേർന്നു. ഞങ്ങൾ ഒത്തൊരുമിച്ചു്
ഇന്നു ഭാവിയിലേക്കു നോക്കുകയാണു്........”

അയാളുടെ ആത്മാവിൽ ദൃഷ്ടി ഉറപ്പിച്ചുകൊണ്ടെ
ന്നോണം അവൾ പറഞ്ഞു,—

“പക്ഷെ അങ്ങയിൽ കവിഞ്ഞു് എനിക്കു് ഒന്നും
ഇല്ലായിരുന്നു. ഞാൻപോലും ഇല്ലായിരുന്നു. ഒരു കാല
ത്തും അങ്ങു വേദനിക്കുന്നതു് ഞാൻ സഹിക്കുകയില്ല.”

അയാൾ നിശ്ചലനായി ഇരുന്നു.

അയാളുടെ ചിന്തകൾ വിഹരിക്കാൻ കിട്ടിയ പത്തു
പതിനഞ്ചു നിമിഷങ്ങൾക്കു ശേഷം അവൾ പറഞ്ഞു —

“അങ്ങു് എന്റെ സ്നേഹത്തിന്റേയും ജീവിതത്തി
ന്റേയും പ്രകാശമായിരുന്നു......പക്ഷെ അദ്ദേഹവുമാ
യുള്ള ബന്ധം ഞാൻ പൊട്ടിച്ചുതള്ളുമ്പോൾ, ഞാൻ പ്രസ
വിച്ചകുഞ്ഞിന്റെ പിതൃബന്ധത്തെ അതു തുലയ്ക്കും. ഞാൻ
അതിനെ എത്ര അള്ളിപ്പിടിച്ചാലും അതു വളരുന്നതു്
അനാഥമായി ആയിരിക്കും. എന്നെപ്പററിത്തന്നെ ചിന്തി
ച്ചാൽ അദ്ദേഹത്തെ ഞാൻ പൊട്ടിച്ചെറിയുമ്പോൾ

ഞാൻ അടിമുടി ഉലഞ്ഞുപോകും. എന്റെ ഓരോ അംശവും തകർന്നുപോകും. അങ്ങ് ഇന്നനുഭവിക്കുന്ന കട്ടുത്ത വ്യഥയിലേക്ക് അദ്ദേഹം ചെന്നുവീഴും. അതിൽനിന്നെഴുന്നേല്ക്കുന്നതിന് അദ്ദേഹത്തിന് ഒരു ജീവിതം വേണ്ടിവരും—ഞാൻ അതു് സഹിക്കുകയില്ല. ഞാൻ വളർത്തേണ്ട ആ ശിശുവിൻെറ ദർശനത്തിൽ ആ മുറിവുകൾ ഒന്നും മായുകയില്ല. അങ്ങ് അരുമയോടെ കരുതുന്ന തങ്കമ്മയെ ഒരിക്കലും എന്നിൽ കാണുകയില്ല. ആ നിലയിലേക്ക് ഞാൻ ഉയിർത്തെഴുന്നേല്ക്കുന്നതും അങ്ങു കാണുകയില്ല. എന്നിലുള്ള എല്ലാ ജീവചലനവും അവസാനിക്കുന്നതുമാത്രം അങ്ങു കാണും!—"

അയാൾ അതുകേട്ട് കൈത്തലംകൊണ്ടു് മുഖംമൂടി.

അവൾ അതുകണ്ടു് നെഞ്ചത്തു കൈവച്ചു.

തല ഉയർത്തി കണ്ണുമിഴിച്ചു് അവൾ അയാളെ അങ്ങിനെ നോക്കി—

ഹൃദയം വെട്ടിപ്പിളരുംപോലെ അവളുടെ തൊണ്ടയിൽനിന്നും ഉച്ചത്തിൽ ഞരങ്ങിയ ഒരു വിളികേട്ടു. തുടർന്നു് ഒരു ഏങ്ങലും.

ആ വിളി അയാളുടെ ഹൃദയത്തിലേക്കു വെട്ടിപ്പാളി. അവൾ കസേരയിൽനിന്നും എഴുന്നേററു. മെല്ലെ കാലടികൾവച്ചു്. അയാൾ ഇരിക്കുന്ന ചാരുബെഞ്ചിൻെറ മറേറ അററത്തു വന്നിരുന്നു. അവൾ ഇരുന്നതു് അയാൾ അറിഞ്ഞു. അവർ തമ്മിൽ രണ്ടടിയിലധികം അകലം ഉണ്ടായിരുന്നില്ല.

അവളുടെ കണ്ണുകൾ അടഞ്ഞിരുന്നു.

അയാൾ വിളിച്ചു.—

"തങ്കമ്മേ!—"

"ഓ—" അവൾ ഞരങ്ങി വിളികേട്ടു.

അയാൾ അവളിൽ നിന്നും ദൃഷ്ടി മാററി. അവൾ ആ നിശ്ശബ്ദതയിൽ അങ്ങിനെ കിടന്നു. ആ നിശ്ശബ്ദതക്ക തണുവുണ്ടായിരുന്നു.

അവൾ ആഞ്ഞു് നെടുവീർപ്പു വിടുന്നതു് അയാൾ കേട്ടു. അവൾ കണ്ണുകൾ തുറന്നു് എങ്ങലോടെപറഞ്ഞു —

"അങ്ങയുടെ ഓരോ നെടുവീർപ്പും എന്നെ പുകയ്ക്കും. എനിക്കും അങ്ങേക്കും ഈ വേദനയിൽനിന്നും വിമോചനം ഉണ്ടാകണം. അങ്ങയുടെ മുഖത്തു് വ്യഥനീങ്ങിയ പ്രകാശംവരുന്നതു് എനിക്ക കാണണം......"

അവൾ താഴ്ന്ന ശബ്ദത്തിൽ തുടന്നു —

"ഇങ്ങനെയൊക്കെ സംഭവിച്ചുപോയി. ഇന്നത്തെ കെട്ടുപാടുകളിൽനിന്നും എനിക്ക വിട്ടുപോരാൻ കഴിവില്ല......അങ്ങയുടെ വേദനയിൽ അതു നിലനില്ക്കുന്നിടത്തോളംകാലം, ഞാനും എരിഞ്ഞുപോകയും ചെയ്യും. ഇന്നു് എൻെറ ജീവിതം അങ്ങയുടെ സമാധാനത്തെ ആശ്രയിച്ചിരിക്കുന്നു. അങ്ങു കണ്ടുപിടിക്കൂ......നാം എന്തുചെയ്യണം?—"

അയാൾ, അവളുടെ മുഖത്തേക്ക സൂക്ഷിച്ചുനോക്കി. അവളുടെ കണ്ണുകൾ കലങ്ങിയിരിക്കുന്നു. മുഖം വിങ്ങിയിരിക്കുന്നു. അയാളിൽനിന്നും അവൾ ദയ യാചിക്കുകയാണു്!—

വളരെക്കാലമായി വ്യഥയിൽ ഉറങ്ങുകിടന്ന അയാളുടെ മസ്തിഷ്കം ഉണന്നു.

അയാളുടെ ചിന്തയിലൂടെ, അവളുടെ ശബ്ദം അതിന്റെ പൂണ്ണിമയിൽ ഓടി. അവഠം പറഞ്ഞ ഒരോ വരിയിലും അയാളുടെ മസ്തിഷ്കം വ്യാപരിക്കുകയാണ്. അയാഠം, ജീവിതത്തിലേക്കും വിലപ്പെട്ടതായി വീക്ഷിക്കുന്ന അവഠം, സമാധാനത്തിനുവേണ്ടി യാചിക്കുന്നു!—

അപ്പോഠം അവഠം വന്നാൽ അവഠം ഒട്ടിപ്പിടിച്ചു നില്ക്കുന്ന ഇന്നത്തെ ബന്ധങ്ങളെയെല്ലാം അറുത്തു മുറിച്ചായിരിക്കും വരുക. അതുകൊണ്ടു്, അവളുടെ ഹൃദയത്തിലെ മുറിവുകഠം മാരകമായിത്തീരും. അയാളുടെ മസ്തിഷ്കത്തിൽ ചിലമ്പി—'അരുമയോടെ അങ്ങു കരുതുന്ന തങ്കമ്മയെ ഒരിക്കലും അങ്ങു കാണുകയില്ല. എന്നിലുള്ള എല്ലാ ജീവചലനവും അവസാനിക്കുന്നതുമാത്രം അങ്ങു കാണും!—'
അതിൻേറ ഫലം തൻേറയും അവളുടേയും ഒരുമിച്ചുള്ള നാശം ആയിരിക്കും.

ആ നിശ്ശബ്ദതയ്ക്കു തണുവുണ്ടായിരുന്നു. പത്തുമിനിററു കഴിഞ്ഞു—

അകത്തുനിന്നും നേരിയ ശബ്ദത്തിൽ ഒരു വിളി കേട്ടു—

"മാ...അമ്മാ......മാ..."

അവഠം ഞെട്ടി പുറം നിവത്തു് നേരെ ഇരുന്നു. അകത്തുനിന്നും ആ വിളി തുടന്നു:—

"അമ്മാ......മാ......മാ..."

പിന്നീട് അമ്മയെ വിളിച്ചുകൊണ്ട് തൊട്ടിലിൽ കിടക്കുന്ന കുഞ്ഞിന്റെ കരച്ചിൽ കേൾക്കായി.

അയാൾ തല ഉയർത്തി അവളെ സൂക്ഷിച്ചുനോക്കി. അവൾ അകത്തുപോയി കുഞ്ഞിനേയും എടുത്തുകൊണ്ടു വന്നു. അവൾ മുമ്പിരുന്ന അതേ സ്ഥാനത്ത് അയാളുടെ അടുത്തു ഇരുന്നു. ഒരു നിമിഷത്തിനകം അയാൾ കൈ നീട്ടി കുഞ്ഞിനെ എടുത്തു. ഒരു വയസ്സു പ്രായം ഉണ്ടാകും. വെൺമേനിയിൽ ഓമനത്വം തുളുമ്പുന്ന ആ പെൺകുഞ്ഞ്, അമ്മയുടെ ഗർഭപാത്രത്തിൽ നിന്നും അപ്പോൾ ഇറങ്ങിവന്നതുപോലെ നഗ്നമായിരുന്നു. മടിയിൽവച്ച്. അവളിൽ അമ്മയുടെ പുരികങ്ങളും ആ നാസികയും അയാൾ നോക്കി. അയാളുടെ മുഖം താഴുന്നത്, അവൾ കണ്ടു. അയാൾ കുഞ്ഞിന്റെ കവിളിൽ അയാളുടെ കവിൾ ചേർത്തു. ആ അമ്മയ്ക്കു് അതു ജീവിതത്തിലെ ഒരമൂല്യ ദർശനമായിരുന്നു. അയാളുടെ മുഖത്തെ ഇരുൾ നീങ്ങുന്നതു അവൾ ശ്രദ്ധിച്ചു.

ഒരു മിനുറ്റുനേരം അയാളുടെ കവിൾ കുഞ്ഞിന്റെതിനോട് ചേർന്നിരുന്നു. കുഞ്ഞ് കൊച്ചുകൈവിരൽ കൊണ്ട് അയാളുടെ നീണ്ട തലമുടി ചികഞ്ഞു.

കാൽ മണിക്കൂർ ഒഴുകിപ്പോയി. കുഞ്ഞിന്റെ അമ്മ വായ്‌വിടർത്തി അയാളെ വിളിക്കുന്നത്, അയാൾക്കു് കേൾക്കായി —

"എന്റെ ദേവാ!—"

ആ ശബ്ദം എന്തു സാന്ത്വനമേറിയതാണ്!—

അവൾ തുടർന്നു.—

"അങ്ങ്, എനിക്കു് എല്ലാററിനേയുംകാൾ വിലപ്പെട്ടതാണ്."

അവരം നിർത്തി. ഓരോ വാക്കും അയാളുടെ അന്തർഹൃത്തിലേയ്ക്ക് എടുത്തുവയ്ക്കുംപോലെ മെല്ലെ അവരം സാന്ത്വനമേറിയ ആ ശബ്ദത്തിൽ പറഞ്ഞു:—

'അങ്ങു സ്നേഹിച്ച ഈ പെൺകുട്ടിയുടെ സമാധാനം അങ്ങയുടെ സമാധാനത്തിലും ജീവിതസുഖത്തിലും ആണ്. അതിന് ഒരു വഴിയേയുള്ളു. അങ്ങയുടെ ജീവിതത്തിന്റെ എല്ലാ അംശത്തോടും ബന്ധപ്പെട്ട ഞാൻ, അങ്ങേയ്ക്കു് ഒരു പെൺകുട്ടിയെ കണ്ടുപിടിക്കാം—"

അവരം ആഗ്രഹിച്ചതുപോലെ ആ വാക്കുകരം അയാളുടെ ഉരംത്തടത്തിൽതന്നെ ചെന്നുചേന്നു. അവരം നോക്കി.—അയാളുടെ കണ്ണുകരം അപ്പോരം ശാന്തമായിരുന്നു. അവരംക്കു് എന്തു് ആശ്വാസമായി!

പതിനഞ്ചു മിനിററിനുള്ളിൽ വെളിയിൽ സൈക്കിളിന്റെ ബെല്ലു കേട്ടു. ചിന്താശക്തിയുള്ള കണ്ണുകളും ദൃഢമായ ദേഹവും ഉള്ള ഒരാരം അകത്തുകടന്നു. അവരം എഴുന്നേററു. അവരം പറഞ്ഞു —

"എന്റെ ബാലചന്ദ്രൻ!"

അവളുടെ ഭർത്താവു് കൈകൂപ്പി.

ബാലചന്ദ്രനും കൈകൂപ്പി.

"അച്ഛാ—" എന്നു വിളിച്ചുകൊണ്ടു് അയാളുടെ കൈയിൽനിന്നും കുഞ്ഞു് അവളുടെ അച്ഛന്റെ കൈയിലേയ്ക്കു ചാടിപ്പോയി. കുഞ്ഞിനെ ഇടതുകൈയിൽ താങ്ങിക്കൊണ്ടു് വലതുകൈ നീട്ടി, ബാലചന്ദ്രൻ എഴുന്നേററു് ഹസ്തദാനം ചെയ്യുമ്പോരം, തങ്കമ്മ കണ്ടു, അയാരം പുഞ്ചിരിക്കുന്നതായ്!—

ജൂൺ, 1952.

---

# ഉ ടു തു ണി

★

തണുപ്പും വിശപ്പും—ചങ്കരൻ ഉറങ്ങിയില്ല. ഹോട്ടൽ തിണ്ണയിലെ ബെഞ്ചിൻപുറത്തു് ആ പന്ത്രണ്ടാം വയസ്സുകാരൻ മൂടിപ്പുതച്ചു കിടക്കുകയാണു്.

ബെഞ്ചിന്റെ അടിയിൽ കിടന്നിരുന്ന പട്ടി തണുപ്പു സഹിക്കുവാൻ വയ്യാതെ മൂളുവാനും ഞരങ്ങുവാനും തുടങ്ങി. അതു് എഴുന്നേററു് ശരീരം വളച്ചു് വാലാട്ടി കരഞ്ഞുകൊണ്ടു്. ബെഞ്ചിന്റെ ചുററും നടക്കുന്നതു് ചങ്കരൻ കണ്ടു.

പുതച്ചിരിക്കുന്ന മുണ്ടിന്റെ കട്ടിക്കുറവുകൊണ്ടു് തണുത്തകാററു് ചങ്കരന്റെ രോമക്കൂപങ്ങളിൽക്കൂടി കുത്തി ഇറങ്ങി. അവൻ തിരിഞ്ഞും വളഞ്ഞും പല വിധത്തിൽ കിടന്നു. പക്ഷെ ഭയങ്കരമായ തണുപ്പു്!.

അവൻ ഒരു നിക്കർ ഇട്ടിട്ടുണ്ടു്. . പുതയ്ക്കുവാൻ ഒരു മുണ്ടുമുണ്ടു്. എന്നിട്ടും തണുപ്പിനെ തടഞ്ഞുനിർത്തുവാൻ കഴിയുന്നില്ല. അരമാത്രം ഒരു പഴന്തുണിക്കഷണം കൊണ്ടു മറച്ചു് ജീവിക്കുന്ന പല കൂട്ടുകാരേയും ആ തെരുവുപുത്രനറിയാം. തണുപ്പുകാലത്തു് അവർ അനുഭവിക്കുന്ന ദുരിതത്തെപ്പററി ഓർത്തു്, ചങ്കരൻ കിടക്കുകയാണു്.

...........അവന്റെ ചിന്താമണ്ഡലത്തിൽ ഒരു മിന്നൽ പിണർ എന്നോണം 'അവളു'ടെ ഓർമ്മപ്പററി

കൂടി. അന്ന് ഉച്ചയ്ക്ക് തെരുവിൽവച്ചുകണ്ട ആ പെൺകുട്ടിയുടേതു. അന്നത്തെ അവളുടെ ഭയങ്കരമായ അനുഭവങ്ങൾക്ക്, ചങ്കരൻ സാക്ഷിനിന്നതാണ്.—

തെരുവിൻെറ നടുവിൽവച്ച്. അവൻ അവളെ കണ്ടു. വിടൎന്നു വിലസിനില്ക്കുന്ന താമരപ്പൂവിൽ ചെളി വാരി എറിഞ്ഞാൽ ഉള്ളതുപോലെ ആയിരുന്നു അവളുടെ രൂപം. അവളുടെ ഭാവത്തിലു രൂപത്തിലും പ്രത്യേകതയും ഉണ്ടായിരുന്നു.

കീറിപ്പറിഞ്ഞ ഒരു പഴന്തുണിക്കഷണംകൊണ്ടു്, അവൾ മുലക്കച്ചകെട്ടിയിരുന്നു. കച്ചിച്ച് കാൽമുട്ടിനു മുകൾവരെ അതു താഴ്ന്നുകിടന്നു. അതുമാത്രമായിരുന്നു അവളുടെ വസ്ത്രം.

കറുത്ത് ചെളിപുരണ്ട ദേഹം. ചെമ്പൻമുടി. തോളിലേയും കഴുത്തിനുമുമ്പിലേയും എല്ലുകൾ എഴുന്നു നില്ക്കുന്നു.

അവളുടെ കണ്ണുകൾക്ക പ്രകാശമുണ്ടു്. മുഖത്തു് മങ്ങിയ ചൈതന്യത്തിൻെറ ഛായയും. യൌവ്വനത്തിൽ തന്നെ താരുണ്യംതേഞ്ഞ മാവിടവും അംഗങ്ങളും......

തെരുവീഥിയുടെ അരികിലൂടെ, അവൾ ഇഴഞ്ഞിഴഞ്ഞുപോയി.

ആളുകൾ അവളെ തുറിച്ചുനോക്കി. അവൾക്ക് ഇരുപതിൽ കവിയുകയില്ലായിരുന്നു.

അവൾ അലക്ഷ്യമായ് നടന്നു. ആരോടും ഒന്നും ചോദിച്ചില്ല. ആരും ഒന്നും കൊടുത്തുമില്ല.

അവളുടെ പുറകേ ചങ്കരനും പോയി. അങ്ങനെ പോകണമെന്നു് അവനുതോന്നി. തലതാഴ്ത്തി, അവൾ ദൃഷ്ടി ഉറപ്പിച്ചുപിടിച്ചിരുന്നു. അതു കണ്ടാൽ തോന്നും, അവൾ ഏകാഗ്രമായി എന്തോ ചിന്തിക്കുകയാണെന്നു്.

ഏകദേശം രണ്ടുമൈൽ കഴിഞ്ഞു. ചങ്കരൻ അവളുടെ പുറകിലുണ്ടു്. അവളെപ്പററി അറിയുവാൻ അവന്റെ ഹൃദയം ആഞ്ഞുതുടിച്ചു: അവൾ തിരിഞ്ഞുനോക്കുന്നില്ല. ചങ്കരൻ, അവളുടെ അടുത്തെത്താൻ അതിവേഗം നടന്നു.

അവൾ ഒരു വീട്ടുവാതുക്കൽ നിന്നു—ഒരു വലിയ മാളികയുടെ മുമ്പിൽ. ഗേററു് അടച്ചിരുന്നു. അവൾ യാതൊരു ക്ലേശവുംകൂടാതെ, തുടരെ ഗേററിൽമുട്ടി. രണ്ടു മൂന്നു മിനിററു കഴിഞ്ഞു. ആരോ മാളികയുടെ കോണിപ്പടി ഇറങ്ങിവരുന്ന ശബ്ദം കേട്ടു. അവൾ ജിജ്ഞാസയോടുകൂടി ചെവികൂമ്പി നിന്നു.

മാളികയുടെ താഴത്തെ നിലയിൽ മുൻവശത്തെ മുറിയുടെ വാതൽ തുറന്നുകൊണ്ടു് ഒരു സ്ത്രീ വെളിയിലേയ്ക്കു വന്നു. ഗേററിങ്കൽ നില്ക്കുന്ന 'തെണ്ടിപ്പെണ്ണി'നെ അവർ അവജ്ഞയോടെ നോക്കി. ഗേററിൽ ബലമായ് മുഷ്ടി ചുരുട്ടി മുട്ടിക്കൊണ്ടു്, അവൾ പൊട്ടിച്ചിരിച്ചു.

അവളുടെ വാതൽമുട്ടലിൽ അസഹ്യത പ്രദർശിപ്പിച്ചുകൊണ്ടു്, ഗൃഹനായിക ഗൌരവഃത്തോടുകൂടി നോക്കി. അവർ ആഡംബരത്തിൽ, വസ്ത്രധാരണം ചെയ്തിരുന്നു.

"എന്തുഃവണം?" ഗൃഹനായിക ചോദിച്ചു.

അവൾ അതുകേട്ടു്, ദീർഘമായ് ചിരിച്ചു.

ഗൃഹനായിക ശാസിച്ചു—

"എടീ, വാതലിൽ ഇടിക്കാതെ,"

അവഠം പറഞ്ഞു:—

"ഗേററു തുറക്കണം."

ഗൃഹനായിക അനങ്ങിയില്ല. അതുകൊണ്ടു് അവഠം വീണ്ടും മുട്ടി.

"എടീ ഗേററിൽ ഇടിക്കരുതെന്നാ പറഞ്ഞതു്. നീ അടിവാങ്ങിച്ചുകൊണ്ടുപോകും."—അവർ ദേഷ്യത്തോടുകൂടി പറഞ്ഞു.

"എനിക്കു വെശക്കുന്നു—"അവഠം ഉറക്കെ വിളിച്ചു പറഞ്ഞു. വാതൽ തുറക്കുവാൻ മുഖഭാവംകൊണ്ടു് ആവശ്യപ്പെട്ടുകൊണ്ടു് അവഠം വീണ്ടും മുട്ടി.

"എടീ, വാതലിൽ മുട്ടരുതു്. ഇനിയും മുട്ടിയാൽ, നിൻെറ കയ്യു് അടിച്ചൊടിക്കും—"ഗൃഹനായിക ഗേററിൻെറ അടുത്തേയ്ക്കു നടന്നു.

അവഠം പറഞ്ഞു—

"വാതൽതുറന്നു് എനിക്കു് ചോറുതാ........"

"തുറന്നില്ലെങ്കിൽ നീ വാതലിൽ മുട്ടുമോ?"

"മുട്ടുന്നതു്, എനിക്കു വിശന്നിട്ടാ."

"വിശക്കുമ്പം ചോറുതരാമെന്നു് ആരെങ്കിലും പറഞ്ഞിട്ടുണ്ടോ?"

അതു കേഠംക്കാത്തമട്ടിൽ അവഠം അലക്ഷ്യമായി പറഞ്ഞു—

"ഈ വാതൽ തുറക്കൂ. ഞാൻ അകത്തെയ്ക്കു വരട്ടെ."

"നീ എന്തിനാ അകത്തു വരുന്നതു്."

"ചോറുണ്ണാൻ."

"ഇവിടെ നിൻെറ ആരിരിക്കുന്നു ചോറുതരാൻ?"

"വാതലുതുറക്കൂ. ഞാൻ വെയിലുകൊണ്ടു പൊരിയുന്നതു കാണാൻ മേല..... ..."

"വെയിലുകൊണ്ടുപൊരിയാൻ ആരെങ്കിലും അപേക്ഷിച്ചോ?"

"സമയം ഉച്ചകഴിഞ്ഞു. നേരാവെളുത്തിട്ടു് ഞാനൊന്നും കഴിച്ചില്ല."

"നിനക്കെന്താ, ഇത്ര അഹങ്കാരം—ഇവിടെകിടന്നു വിളിച്ചു കൂവിയതെന്തിനാ?"

"വയറു വിശന്നിട്ടു്!"

"ശവം!—ഒന്നു് ഉറങ്ങാൻകൂടി സമ്മതിച്ചില്ല... ഗേററിൽവന്നു് ഇങ്ങനെ മുട്ടാൻ ആരുപറഞ്ഞു?-നിൻെറ നായരുണ്ടാക്കിയ ഗേററാണോ?"

"എനിക്കു് ചോറുതരുന്നുണ്ടോ?"

"നിനക്കു ചോറല്ലാ ചവിട്ടാ തരുന്നതു്. ഫോ, ശ്ശവമേ,...ദൂരെ."

അവൾ തലഉയത്തി ഗൌരവത്തോടെ പറഞ്ഞു:—

"എന്നെ ചവുട്ടിയാൽ, ഞാൻ ഈ ഗേററു തല്ലിപ്പൊളിക്കും."

"എടീ അഹങ്കാരീ!..."

ഗൃഹനായിക അരിശംകൊണ്ടു തുള്ളി. അവർ തിരിഞ്ഞുനിന്നു വേലക്കാരനെ വിളിച്ചുപറഞ്ഞു:—

'താൻ കേട്ടോ ഇവളു പറഞ്ഞതു്—ഗേററു തല്ലിപ്പൊളിക്കുമെന്നു്."

ഗൃഹനായികയുടെ വിദ്വേഷാവേശത്തെ വകവയ്ക്കാതെ, അവൾ ചോദിച്ചു.—

" 'അദ്ദേഹം' ഉണ്ടോ, ഇവിടെ?"

"ഏതു് അദ്ദേഹം?"

' ഇവിടുത്തെ അദ്ദേഹം?"

"അദ്ദേഹം നിന്റെ ആരാ?"

"എന്റെ ആരെങ്കിലും ആയിക്കൊള്ളട്ടെ. ഇവിടെ ഉണ്ടോ?"

"അദ്ദേഹം ഇവിടെ ഉണ്ടെങ്കിൽ, നിനക്കെന്തു വേണം?"

"എനിക്കു കാണണം."

"എന്തിനാ കാണുന്നതു്?"

"കാണേണ്ട ആവശ്യമുണ്ടു്...അദ്ദേഹത്തിനെന്നെ അറിയാം.?"

"എങ്ങിനെ അറിയാം?"

"അദ്ദേഹവും ഞാനും ഒരുമിച്ചു താമസിച്ചിട്ടുണ്ടു്."

"എടീ അസഭ്യം പറഞ്ഞാൽ, നിന്നെ ഞാൻ ചവിട്ടിക്കൊല്ലും."

"ഓ, പിന്നെ!—ചവിട്ടി 'കൊല്ലും!!—ഞങ്ങളൊരുമിച്ചു താമസിച്ചിട്ടുണ്ടെന്നു പറഞ്ഞതു സത്യമാ."

ഗൃഹനായിക അലറി—

"അസത്തേ, പോ ഇറങ്ങി."

അവൾ അവകാശരീതിയിൽ ചോദിച്ചു:—

"എന്റെ 'അദ്ദേഹം' ഉണ്ടോ ഇവിടെ?"

ഗൃഹനായിക കോപംകൊണ്ടു തുള്ളി. അവർ ഗേററിന്നുമുകളിൽക്കൂടി കയ്യിട്ടു്, അവളുടെ കഴുത്തിനു പിടിച്ചു തള്ളി.

അവൾ റോഡരികിൽ വീണു. അവൾ പിടഞ്ഞു് എഴുന്നേററുകൊണ്ടു പറഞ്ഞു—

"ദ്രോഹീ, നീ മുടിഞ്ഞുപോകും."

ഗൃഹനായിക വേലക്കാരനോടു അലറി,—'എടാ, അവളെ വലിച്ചു് ദൂരെ കൊണ്ടുവിടു്."

"ഓ, നിന്റെ വേലക്കാരനെ എനിക്കു പേടിയല്ലേ!" അവൾ ധൈര്യത്തോടെ പറഞ്ഞു.

വേലക്കാരൻ ഗേററിന്നുവെളിയിൽ വന്നു. അവളുടെ കൈയ്ക്കു് പിടിച്ചു വലിച്ചുകൊണ്ടുപോയി.

റോഡരുകിലെ ഒരു കരിങ്കല്ലിൽ, അവളുടെ കാലിടിച്ചു. പെരുവിരൽ വിണ്ടുകീറി രക്തം ഒഴുകി. വേലക്കാരൻ അവളെ വലിച്ചിഴച്ചുകൊണ്ടു പറഞ്ഞു.—

"അങ്ങോട്ടു വന്നാൽ നിന്നെ ഞാൻ കൊന്നുകളയും."

അവൾ പൊട്ടിച്ചിരിച്ചു.

ഒരു മരച്ചുവട്ടിൽ അവൾ ഇരുന്നു. കുടു...കുടാ... കണ്ണുനീരൊഴുകി. അവൾ കരയുകയാണു്. ഏങ്ങലടിച്ചു കരയുകയാണു്.

ചങ്കരൻ അവളുടെ അടുത്തു നില്ക്കുന്നു. സ്നേഹത്തിന്റെയും അനുകമ്പയുടേയും ആർദ്രത അവന്റെ കണ്ണുകളിലുണ്ടായിരുന്നു.

അവൾ അവനോടു് ഒന്നും മിണ്ടിയില്ല. കുറച്ചുനേരം കഴിഞ്ഞു്, അവൻ പറഞ്ഞു:—

"പെങ്ങളു കരയാതെ"

അവൾ ഹൃദയം ഏങ്ങി കരഞ്ഞു. കാലിലെ മുറിവിൽനിന്നും രക്തം ഊറി ഒലിച്ചു.

ചങ്കരൻ ചോദിച്ചു:—

"ഞാൻ ആ ചോര തൊടയ്ക്കട്ടെ"

അവൾ കരയുകയാണു്...

അവൻ അവളുടെ അടുത്തിരുന്നു. അവൻ ഉടുത്തിരുന്ന മുണ്ടിന്റെ അററം കീറി, അവളുടെ ചോര തുടച്ചു.

അവൻ അടുത്തതായി ചോദിച്ചു:—

"പെങ്ങടെ വീടെവിടാ?"

അവൾ മിണ്ടിയില്ല.

അവനു് അവളെപ്പററി അറിയണം. ചങ്കരൻ വീർപ്പുമുട്ടി ചോദിച്ചു:—

"പെങ്ങക്കു് ആരുമില്ലേ?"

മറുപടി കരച്ചിലാണു്...

"പെങ്ങക്കു് ഞാൻ ചോറുകൊണ്ടുവരട്ടെ."

അവളിൽനിന്നും കണ്ണുനീർ ഒഴുകുന്നു. അവനതു് അസഹ്യമായി തോന്നി. "പെങ്ങളെ!...പെങ്ങളെ!... പെങ്ങളൊന്നു മിണ്ടിയേ..."

അവൾ അന്തമില്ലാതെ കരയുകയാണു്...........
അവന്റെ കണ്ണുകളും നിറഞ്ഞു. ഹൃദയം ഉരുകി ഒലിച്ച കണ്ണുനീർ!

അവൾ തല ഉയർത്തിനോക്കി. അവളെ 'പെങ്ങളെ' എന്നു വിളിച്ചു്, ഒരു തെരുവു ചെറുക്കൻ നിന്നു കരയുന്നു. അവളെ ചൊല്ലി കരയുന്നു.

സ്നേഹസരളമായ സ്വരത്തിൽ അവൾ പറഞ്ഞു —

"ആങ്ങള അങ്ങു പൊക്കോ."

*　　　*　　　*　　　*

ചങ്കരൻ ബെഞ്ചിൻപുറത്തു് എഴുന്നേററിരുന്നു. അവനു നെടുവീർപ്പുണ്ടായി.

കണ്ണുകൾ കരഞ്ഞു ചുവന്നു്, കവിളുകൾ കണ്ണുനീർ നനഞ്ഞു വീർത്തു്, അധരങ്ങൾ അകന്നു്, ദയനീയമായ മുഖഭാവത്തോടുകൂടി അവനോടു ഉരിയാടിയ; അവനു ഗ്രഹിക്കുവാൻ വഹിയാത്ത അവളെ ആ ബെഞ്ചിൻപുറത്തിരുന്നു അവനു കാണാം.

തണുത്ത കാററു് ശക്തിയായു് വീശി; മൂടിപ്പുതച്ചിരുന്നിട്ടും അവൻ വിറയ്ക്കുവാൻ തുടങ്ങി. അർദ്ധനഗ്നയായ അവളുടെ രാത്രിയെപ്പററിയുള്ള ചിന്ത അവനെ കർക്കശമായു് അലട്ടി.

അവൾ എവിടെ ആയിരിക്കും? ഏതെങ്കിലും കടത്തിണ്ണയിൽ കിടന്നു് ഉറങ്ങുകയാണോ? അഃതാ കടുത്ത വേദനയിൽ........?

അവരം മരിക്കുന്നതിനെപ്പററി അവനു ചിന്തിക്കു വാൻ കൂടി വയ്യാ.

അവൻ, ആ കൊടും തണുപ്പിൽ റോഡിലേക്കി റങ്ങി.

വെൺ നിലാവു്!—പുൽക്കൊടിപോലും വ്യക്ത മായു് കാണാം.

അവൻ മുണ്ടു് തലവഴിയെ ഇട്ടു പുതച്ചു. നിക്കർ അരയിൽ മുറുക്കിക്കെട്ടി. ഓരോ കടത്തിണ്ണയിലും കിട ക്കുന്ന ആളുകളെ അവൻ സൂക്ഷിച്ചു നോക്കി നോക്കി പ്പോയി.

സമയം പാതിരാകഴിഞ്ഞു. തെരുവിൽ അനക്ക മില്ല.

അവൻ അവളെ തിരയുകയാണു്—

*   *   *   *   *

ആ മാളികയുടെ ഗേററിങ്കൽ, റോഡരുകിൽ അവരം കിടക്കുന്നു.

അവൻ അവളുടെ മുഖത്തേക്കു് സൂക്ഷിച്ചു നോക്കി. കണ്ണുകരം അടഞ്ഞിരിക്കുന്നു. വെളിച്ചം കാത്തു് അവരം മയങ്ങുകയാണു്.

അവൻ വിളിച്ചു—

“പെങ്ങളേ!—”

അവരം ഒന്നനങ്ങി...അവ്വൻ തന്റെ തലയിൽ നിന്നും മുണ്ടെടുത്തു്, അവളെ പുതപ്പിച്ചു. ആങ്ങള കൊടുത്ത ഉടുതുണി!—

അവൻ മാളികമുകളിലേക്കു നോക്കി. വൈദ്യുത ദീപവും, നിശ്ചലമായി നില്ക്കുന്ന പങ്കയും കാണാം. അവറ്റകളെ കാണേണ്ട മനുഷ്യൻ, ആ മാളികമുകളിൽ കിടന്ന് ഉറങ്ങുക ആയിരിക്കാം.

രണ്ടു മിനിട്ടുനേരം അവൻ അവളുടെ മുഖത്തേയ്ക്കു ദൃഷ്ടി ഉറപ്പിച്ചുനിന്നു. ഹോട്ടൽ തിണ്ണയിലെ ബെഞ്ചിൻ പുറത്തേക്കു തിരിഞ്ഞു നടന്നപ്പോൾ ചങ്കരൻ ചിന്തിക്കുകയായിരുന്നു, താൻ കൊടുത്ത തുണികൊണ്ട് അവളുടെ തണുപ്പു നീങ്ങുമോ എന്ന്.

ജൂലൈ, 1948

---

# യന്ത്രവും രക്തവും

★

ആലപ്പുഴ.

ഒരു സായാഹ്നം, കച്ചേരി പാലത്തിൽ, ബോട്ടുജട്ടിയിലേക്കു നോക്കി ഞാൻ നില്ക്കുകയാണു്. എൻെറ പുതിയ ജോലിയെപ്പററിയുള്ള ഇരുണ്ട ചിന്തകളിൽ മുഴുകി.

"അനിയാ—"

അടുപ്പമേറിയ വിളി!—ഞാൻ തിരിഞ്ഞു നോക്കി. എൻെറ അടുത്തു് 'അന്നചേച്ചി' മന്ദഹസിച്ചു നില്ക്കുന്നു. കൂടെ ജോസഫ് ചേട്ടനും. ചേച്ചിയുടെ കയ്യിൽ പിടിച്ചുനിന്നു് മകൾ സൂസാനും പുഞ്ചിരിച്ചു.

ഒരു നിമിഷനേരം കൊണ്ടു് ഞാൻ സന്തോഷാധീനനായി. ഞാൻ അവരെ മാറി മാറി നോക്കി.

അന്ന ചേച്ചി!—ഞങ്ങൾ അയൽവാസികളായിരുന്നു. ഞങ്ങളുടെ കുടുംബങ്ങൾ തമ്മിൽ രണ്ടു തലമുറക്കാലത്തെ അടുപ്പമുണ്ടു്. എൻെറ അപ്പൂപ്പനും അന്ന ചേച്ചിയുടെ അപ്പൂപ്പനും അടുത്ത മിത്രങ്ങളായിരുന്നു. എൻെറ അമ്മയും അന്നചേച്ചിയുടെ അമ്മയും ആത്മസുഹൃത്തുക്കളായിരുന്നു. മനുഷ്യത്വത്തിൻെറ മുമ്പിൽ മതത്തിൻെറ അതിർത്തികൾ പൊളിച്ചുകൊണ്ടു് പരസ്പരം കെട്ടുപിണഞ്ഞു കിടന്ന രണ്ടു കുടുംബങ്ങൾ!—

എന്നെക്കാൾ പന്ത്രണ്ടുവയസ്സിനു മൂത്തതാണു് അന്നചേച്ചി. അവരുടെ കൊച്ചനുജത്തി കുഞ്ഞമ്മേക്കു് എന്റെ പ്രായമാണു്. ഞങ്ങൾ കളിക്കുമ്പോൾ ഓടി വന്നു് എന്റെ കയ്യു് നിറയെ ചൂടുള്ള അച്ചപ്പം വച്ചു തന്നു്, തന്റെ തലയ്ക്കു മുകളിലേയ്ക്കു് എന്നെ പൊക്കി യെടുക്കുന്ന അന്നച്ചേച്ചിയെ ഞാൻ നല്ലവണ്ണം ഓർക്കുന്നു!-

അന്നചേച്ചി പറഞ്ഞു —' ഞാൻ അകലെ നിന്നു തന്നെ അനിയനെ തിരിച്ചറിഞ്ഞു. എത്ര ദിവസമായി ഇവിടെ വന്നിട്ടു്?"

"ഒരു മാസം"

അവർ എന്നെ കുററക്കാരനെ പോലെ നോക്കി.— അവർ പറഞ്ഞു — ഒരു മാസമായിട്ടും ഞങ്ങളുടെ അടുത്തു വന്നില്ലല്ലോ"

കുട്ടിക്കാലത്തു ഞാൻ കേട്ടിട്ടുള്ള മൃദുലവും വ്യക്തവും ആയ അതേ ശബ്ദം തന്നെ. മേനിയുള്ള ഒതുങ്ങിയ ദേഹം. നീണ്ടമുഖം. കുഞ്ഞുങ്ങളുടേതുപോലെ നിഷ്കളങ്കമായ ചിരി. അവരുടെ കണ്ണുകളിലേയ്ക്കു നോക്കുമ്പോൾ അവ സ്നേഹനിമഗ്നമായ ഒരു വിശാലഹൃദയത്തിലേയ്ക്കുള്ള കവാടമാണെന്നു് എനിക്കു തോന്നും.

ജോസഫ് ചേട്ടൻ, പൊക്കം കുറഞ്ഞു് മെലിഞ്ഞ ദേഹമാണു്. മുറുക്കി ചുവന്ന വായ്. ഏതു ദുഃഖത്തിലും പുഞ്ചിരിക്കുന്ന മുഖം.

എന്റെ കൈയ്ക്കു പിടിച്ചുകൊണ്ടു് അന്ന ചേച്ചി പറഞ്ഞു —

"നമുക്ക വീട്ടിലേയ്ക്കു പോകാം."

ഭർത്താവിനോട്ട് അവർ പറഞ്ഞു:—

"അനിയൻ വളന്നു!"

പക്ഷെ ഞാൻ ബാലനായിരുന്ന അതേ രീതിയിൽ തന്നെ അവർ എന്നോടു പെരുമാറി. അവർ എനിയ്ക്കു വേണ്ടി കരുതിയിരുന്ന സ്നേഹം അവരുടെ എല്ലാ അംഗങ്ങളിലൂടെയും എന്നെ തഴുകുന്നതായി ഞാൻ അറിഞ്ഞു. ഞാൻ പറഞ്ഞു —

"എനിക്കിവിടെ ഒരു ഫാക്ടറിയിൽ ജോലികിട്ടി."

"എവിടെ?—" ജോസഫ് ചേട്ടൻ ആകാംക്ഷയോടെ ചോദിച്ചു. ഞാൻ ഫാക്ടറിയുടെ പേരു പറഞ്ഞു.

"അതു് എൻെറ ഓഫീസ്സിൻെറ അടുത്താണു്" ജോസഫ് ചേട്ടൻ പറഞ്ഞു. അതിൽ അവക്കിരുവക്കും എന്തൊരു സന്തോഷമാണുള്ളതു്. വളരെക്കാലം അകന്നു കഴിഞ്ഞ തങ്ങളുടെ മിത്രത്തെ അവക്കു മടക്കിക്കിട്ടി!—

നിറഞ്ഞു കവിഞ്ഞൊഴുകുന്ന സ്നേഹസ്മരണകളുടെ ബഹിർഗ്ഗമനം........

എന്നെ സൂക്ഷിച്ചു നോക്കിക്കൊണ്ടു് അമ്മയുടെ സാരിമറവിലൂടെ സൂസാൻ നടന്നു. അവരം അഴകുള്ള ഫ്രാക്കു് അണിഞ്ഞിരിക്കുന്നു. ഞാൻ അവളുടെ കഴുത്തിൽ കയ്യിട്ടപ്പോരം അവരം ലജ്ജകൊണ്ടു ചൂളുങ്ങി. ജോസഫ് ചേട്ടൻ പറഞ്ഞു.—

"ചേട്ടൻെറ അടുത്തു ചെല്ലു."

ഒരിടവഴി കടന്നു്, അടുത്തടുത്തുനിന്ന രണ്ടു വീടുക ളിൽ ഒന്നിലേക്കു എന്നെ കൊണ്ടുപോയി. വീട്ടിന്റെ വലതു വശത്തു്മുററം പോലെ വിസ്തൃതമായ ഒരുവെള്ള മണൽപരപ്പു് ഉണ്ടു്.

അന്നച്ചേച്ചി നേരെ അടുക്കളയിലേക്കു കടന്നു. പെട്ട ന്നു് അടുപ്പത്തു തീകൊളുത്തി. ഞാൻ ഒരു സ്ററൂളിന്റെ പുറത്തു് അവരുടെ അടുത്തു് ഇരുന്നു. അവർ പറഞ്ഞു തുടങ്ങി.—

“എന്റെ അമ്മച്ചി ഇവിടെ വരുമ്പോളൊക്കെ അനിയനെപ്പററി പറയും. അനിയന്റെ അമ്മ എന്റെ കവിളിൽ എത്ര ഉമ്മ വച്ചിട്ടുണ്ടു്!—അമ്മപറഞ്ഞുതന്ന മഹാഭാരതത്തിലേയും ദേവലോകത്തിലേയും കഥകളെ ല്ലാം ഇപ്പോഴും ഞാൻ ഓർക്കുന്നു.”

ചായ ഊററിക്കൊണ്ടു് അവർ പറഞ്ഞു:—

“കുഞ്ഞമ്മയുടെ കല്യാണത്തിനു് അനിയനും അമ്മയും വരുമെന്നു വിചാരിച്ചു.”

“ഞാൻ അപ്പോൾ അകലെ എവിടെയോ ഒക്കെ ആയിരുന്നു.”

അന്നച്ചേച്ചി പറഞ്ഞു—

“അടുത്ത ഞായറാഴ്ച നമുക്കെല്ലാവർക്കുംകൂടി കുഞ്ഞ മ്മയേയും കുഞ്ഞിനേയും കാണാൻ പോകാം.”

കുഞ്ഞമ്മയെപ്പോലെതന്നെ മിടുക്കിയാണു് അവളുടെ കുഞ്ഞും എന്നു്, ചേച്ചി പറഞ്ഞപ്പോൾ ജോസഫ്ചേട്ടൻ ചിരിച്ചു. പെട്ടെന്നു് അന്ന ചേച്ചി എന്റെ മുഖത്തേയ്ക്കു നോക്കി പറഞ്ഞു:—

'അന്നത്തെ കുഞ്ഞനിയനെ ഇപ്പോഴും ഈ മുഖത്തു കാണാം."

എനിക്കു ഇക്കിളിയോടെ ചിരിയ്ക്കാതിരിക്കുവാൻ കഴിഞ്ഞില്ല.

അടുത്തദിവസം രാവിലെ അന്ന ചേച്ചി, എൻെറ അമ്മ വരാൻ എന്നെക്കൊണ്ടു് എഴുത്തിടീച്ചു. അമ്മ വരുന്നതിനുമുൻപുതന്നെ മൂന്നുമുറികളും ഒരടുക്കളയും ഉള്ള ആ കൊച്ചുവീട്ടിൽ ഞങ്ങൾക്കുകൂടി കഴിയാനു സൌകര്യം ഉണ്ടാക്കി.

അന്ന ചേച്ചിയുടെ പുഞ്ചിരി ഞാൻ മറക്കുകയില്ല. 'അതിനു കുഞ്ഞുങ്ങളുടെ ലാളിത്യം ഉണ്ടു്. അവരുടെ 'അനിയാ' എന്ന മധുരമായ വിളി എൻെറ ഹൃദയത്തിലേയ്ക്കു ചുഴിഞ്ഞിറങ്ങുന്നതാണു്. അമ്മ 'അനിയാ' എന്നു വിളിക്കുന്ന ശബ്ദത്തിൽ മകൾ സൂസാൻ എന്നെ 'ചേട്ടാ!'—എന്നു വിളിച്ചു.

അമ്മയെപ്പോലെ വെളുത്തു മെലിഞ്ഞ സൂസാൻ!—എട്ടു വയസ്സു് പ്രായം. അമ്മയുടേതുപോലെ ഹൃദയാവർജ്ജകമായ പുഞ്ചിരി. ആകാംക്ഷയോടെ എല്ലാററിനേയും എത്തിനോക്കുന്ന കണ്ണുകൾ.

വെട്ടി ഒതുക്കിയ മുടി അവളുടെ കഴുത്തിനു താഴെവരെ വിരിഞ്ഞുകിടന്നു. രാവിലെ സ്കൂളിലേയ്ക്കു് ഒരുങ്ങുമ്പോൾ അവളുടെ കയ്യിൽനിന്നും ചീപ്പു വാങ്ങി തലയുടെ ഇരുവശങ്ങളിലേയ്ക്കും അവളുടെ മുടി ചീകി ഒതുക്കാൻ എനിയ്ക്കെന്തൊരുത്സാഹമാണു്!—അവളുടെ തല

മെല്ലെ ചായ്ച്ച്, ഞാൻ കൊണ്ടുചെന്ന ചുവന്ന റിബ്ബൺ തലയ്ക്കു കുറുകെയായി എത്ര ഭംഗിയിൽ ഞാൻ കെട്ടിക്കൊടുത്തു!—അവൾ എന്റെ അടുത്തിരിക്കുമ്പോൾ എന്റെ ഇരുണ്ട ചിന്തകളെല്ലാം അകന്നുപോയി. എന്റെ ഹൃദയം സുന്ദരമായ ഭാവനയ്ക്കും സത്യനിമഗ്നമായ ആശയ്ക്കും തെളിവാർന്നു!—

രാവിലെ ഉറക്കം എഴുന്നേല്ക്കുവാൻ അരമണിക്കൂർ വൈകി ഞാൻ കിടക്കുകയായിരിക്കും. മുറിയ്ക്കുവെളിയിൽ അവളുടെ ശബ്ദം കേൾക്കാം. എന്റെ അമ്മയോടു ചോദിക്കുകയാണ്.—

"അമ്മച്ചീ!—"

"എന്താ മോളേ?"

"ഞാൻ ചേട്ടനെ വിളിക്കട്ടെ."

അവൾ വാതൽ മെല്ലെ തുറന്ന് അകത്തു കടക്കും. മൃദുലമായ ആ കാലടികൾ ഞാൻ കേൾക്കുന്നു. ഒരു നിമിഷനേരം അവൾ എന്റെ കട്ടിലിന്നരികിൽ വന്ന് എന്നെ നോക്കും. പിന്നീട്, കൈത്തണ്ടുകൾ നീട്ടി മെല്ലെ പുതപ്പു നീക്കുകയായി. അവളുടെ ചേട്ടൻ കണ്ണു തുറന്നു!—

"ചേട്ടനു കാപ്പികുടിക്കേണ്ടേ."

"നീ പോയി, രണ്ടു കയ്യിലും ഓരോ കപ്പു കാപ്പിയുമായി വരൂ."

അവൾ എന്റെ അടുത്തിരുന്നുകൊണ്ടു പറയും:—

"ഒരു കാര്യമുണ്ട്."

"എന്താണതു്?"

"ചേട്ടൻ എഴന്നേററു കിടക്ക ചുരുട്ടിയാലേ പറയു കയൊള്ളൂ."

ശരി, എഴന്നേററു കിടക്ക ചുരുട്ടി. അടുത്തതായി ഞാൻ കുനിഞ്ഞുനില്ക്കണം. എൻെറ കഴുത്തിൽകയ്യിട്ടു് ചെവിയിലേയ്ക്കു പറയും.—

"എൻെറ അമ്മച്ചി മൊട്ട പൊരിച്ചു വച്ചിരി ക്കുന്നു."

സന്ധ്യ കഴിഞ്ഞിട്ടും ഞാൻ ഓഫീസിൽനിന്നും ചെന്നില്ലെങ്കിൽ അവൾക്കു എന്തൊരു ഉൽക്കണ്ഠ യാണു്!—

അന്ന ചേച്ചിയും എൻെറ അമ്മയും അടുത്തടുത്തി രുന്നു സംസാരിക്കുകയായിരിക്കും. അന്ന ചേച്ചിയുടെ പരാതിയും ദുഃഖങ്ങളും എല്ലാം അമ്മയോടു പറയും —

"സൂസാൻെറ അപ്പച്ചൻ വളരെ കഷ്ടപ്പെട്ടു ജോലി ചെയ്യുന്നു. അമ്മച്ചി ഒരുപാടുപ്രാവശ്യം പറഞ്ഞതാണു്, ഈ ജോലി കളഞ്ഞിട്ടു് ഒരു കച്ചവടം തുടങ്ങാൻ...... കുഞ്ഞമ്മയുടെ കുഞ്ഞിനു് പൊന്നുകൊണ്ടെന്തെങ്കിലും ഉണ്ടാക്കിക്കൊടുക്കണ്ടേ!—ഇതുവരെ കൊടുത്തതു് രണ്ടുട പ്പാണു്."

അമ്മ ആശ്വസിപ്പിക്കും,—

കയ്യിൽ പണം കിട്ടുമ്പോൾ എല്ലാം ഉണ്ടാക്കി കൊടുക്കാം മക്കളേ. ഇതിനെയൊക്കെപ്പററി ഇത്രയധികം ചിന്തിക്കാനുണ്ടോ." എൻെറ അമ്മയും അവരുടെ അമ്മ

ച്ചിയും തമ്മിലുള്ള ഉറച്ച സൗഹാർദ്ദത്തിൻെറ കഥകഠം പറയുമ്പോഠം അന്ന ചേച്ചിയുടെ മുഖം എത്ര പ്രസന്ന മാകും!—

ഇടയ്ക്കു സൂസാൻ പുസ്തകവും കയ്യിലെടുത്തു് വിള ക്കിൻെറയടുത്തുനിന്നും എഴുന്നേററു് എൻെറ അമ്മയുടെ അടുത്തു വന്നു ചോദിക്കും:—

"ചേട്ടൻ എന്താ വരാത്തതു്?—"

"ഇപ്പോഠം വരും മോളേ"

അവഠം പറയും:—

"ചേട്ടനും വരുന്നില്ല. അപ്പച്ചനും വരുന്നില്ല."

അവഠം, ഞാൻ ഉണരുന്നതു് കാത്തിരുന്നു. ഞാൻ ജോലിക്കുപോകുന്നതു കാത്തു. അവളുടെ അപ്പച്ചനെ യെന്നപോലെ ഞാൻ ഓഫീസ്സിൽനിന്നും മടങ്ങിവരു ന്നതു കാത്തു.

ഞാൻ ഓഫീസ്സിലേയ്ക്കു പോകുന്ന വഴിയ്ക്കാണു് അവളുടെ പള്ളിക്കൂടം. ഒരുദിവസം അവഠം എന്നെ പള്ളിക്കൂടത്തിന്റെ വാതുക്കൽ വച്ചു തടഞ്ഞു. പെട്ടെന്നു് എൻെറ ചുററും അവളുടെ പ്രായത്തിലും, മിക്കവാറും അവളെപ്പോലെതന്നെ ഫ്രാക്കുമിട്ട ഇരുപതോളം പെൺകുട്ടികഠം കൂടി. എൻെറ സൂസാൻ അവരോടു പറഞ്ഞു.—

"എൻെറ ചേട്ടൻ!"

അവഠം, തൻെറ കൂട്ടുകാരികളെ ഓരോരുത്തരെ യായി ചൂണ്ടികാണിച്ചുകൊണ്ടു് എനിക്കു പരിചയപ്പെ ടുത്തി —

"ചെമ്പകം, കനകമ്മ, മേരിക്കുട്ടി, പാറുക്കുട്ടി, മറിയം........"

ഞാൻ വികാരതരളിതനായി ആ പുതുപുഷ്പങ്ങളുടെ നടുവിൽ നിന്നു.

"ഈ കുട്ടിക്കാണ് ഇംഗ്ലീഷിന് ഹൈയസ്റ്റ് മാർക്ക് കിട്ടിയത്." കറുത്ത പൊക്കംകുറഞ്ഞ ലജ്ജാവതിയായ ഒരു പെൺകുട്ടിയെ ചൂണ്ടിക്കാട്ടി സൂസൻ സന്തോഷത്തോടെ പറഞ്ഞു. അവൾ അടുത്ത കുട്ടിയെ ചൂണ്ടി.—

"ഈ കുട്ടിക്കു നല്ല പടം വരയ്ക്കാൻ അറിയാം."

സൂസൻ ആകാംക്ഷയോടെ ആ കുട്ടിയോടു ചോദിച്ചു:—

"ചേട്ടനെ കാണിക്കാൻ പടം വല്ലതുമുണ്ടോ?"

"ഞാൻ വീട്ടിൽ കൊണ്ടുവന്നു കാണിക്കാം." അവൾ പറഞ്ഞു.

ഞാൻ ചോദിച്ചു:—"നിങ്ങളിൽ ആരാണ് പാട്ടുകാർ?"

"ഞാൻ......ഞാൻ" രണ്ടു കുട്ടികൾ മുന്നോട്ടുവന്നു. അതെ, ആ കുട്ടികൾ അവരുടെ സൂസനെ പോലെ എന്നോടു സ്വാതന്ത്ര്യമായി പെരുമാറാൻ തുടങ്ങി. ഞാൻ പറഞ്ഞു:—

"ഇവരെ ഞായറാഴ്ച നമുക്കു വീട്ടിലേക്കു ക്ഷണിക്കാം. അവരെക്കൊണ്ടു പാടിക്കണം." ആ കുട്ടികൾ അഭിമാനത്തോടെ മന്ദഹസിച്ചു. സൂസൻ അവരെ ഞായറാഴ്ച വീട്ടിൽ വരുത്തുകതന്നെ ചെയ്തു. അവർ പാടി. അവർ നൃത്തം ചെയ്തു.

ചിലപ്പോൾ അവൾ സ്കൂളിൽനിന്നും വരുമ്പോൾ ചോദിക്കും:—

"ചേട്ടൻ ഇന്നു് ഏതു വഴിയെയാണു് പോയതു്? ഞങ്ങൾ കാത്തുനിന്നു."

രാത്രിയിൽ ഒരേ മേശയ്ക്കരുകിൽ ഒരു ചാരുബെഞ്ചിലിരുന്നു് ഞങ്ങൾ വായിച്ചു. ഞാൻ വായനയിൽ ലയിച്ചു കഴിയുമ്പോൾ അവൾ ചോദ്യങ്ങൾ നിർത്തും. ഇടയ്ക്കിടക്കു് എന്റെ മുഖത്തേക്കു് ഉററുനോക്കിയിരിക്കുകയായി. ആ നോട്ടം എത്ര ഏകാഗ്രമാണു്! പുസ്തകത്തിൽ നോക്കിയിരിക്കുന്ന ഞാൻ, എന്നെ ഉററുനോക്കിയിരിക്കുന്ന എന്റെ സൂസാനെ പററിയാണു് ചിന്തിക്കുന്നതെന്നു് അവൾ അറിയുന്നുണ്ടോ?—ഞാൻ പുഞ്ചിരിക്കുമ്പോൾ അവൾ വീണ്ടും സംശയം ചോദിക്കുകയായി. ഒരിക്കൽ അവൾ പറഞ്ഞു:—

"ചേട്ടാ. സാറു പറഞ്ഞു മോട്ടാർയന്ത്രവും മനുഷ്യശരീരവും തമ്മിലുള്ള വ്യത്യാസം എന്തെല്ലാമാണെന്നു് എഴുതികൊണ്ടുചെന്നു കൊടുക്കാൻ."

"നല്ല ചോദ്യം!" ഞാൻ ആകാംക്ഷ കാണിച്ചു അവളോടു പറഞ്ഞു:—

സൂസാൻ തന്നെ പറയൂ"

"ഞാൻ ആലോചിച്ചിട്ടു് ഒരെണ്ണം കിട്ടി." അവൾ പറഞ്ഞു:—

"മോട്ടാർ യന്ത്രം ഇരുമ്പാകുന്നു. മനുഷ്യശരീരം മാംസവും എല്ലും ആകുന്നു. മോട്ടാർ യന്ത്രത്തിലെ കുഴലുകളിൽ എണ്ണ ഒഴിക്കുന്നു. മനുഷ്യശരീരത്തിലെ ഞരമ്പുകളിലൂടെ രക്തം ഒഴുകുന്നു."

2804
3351

എന്നോടു ചേർത്തിരുത്തി അവളോടു സന്തോഷത്തോടെ ഞാൻ പറഞ്ഞു.—

"നീ പറഞ്ഞതാണു് ഏററവും വലിയ വ്യത്യാസം. അതുമാത്രം എഴുതി സാറിനെ കാണിച്ചാൽ മതി."

എനിക്കു് ഏററവും ആകർഷകമായ ആ കൊച്ചു മുഖം നോക്കി ഞാൻ പറഞ്ഞുകൊടുത്തു:—

"ധനികർ യന്ത്രങ്ങളും എണ്ണയുംകൊണ്ടു് ഫാക്ടറികൾ ഉണ്ടാക്കുന്നു. അവിടെ അവർ പാവങ്ങളുടെ രക്തവും മാംസവുംകൊണ്ടു് ജോലിചെയ്യിച്ചു പണമുണ്ടാക്കുന്നു. ധനികർ ഒന്നിനൊന്നിനു പണമുണ്ടാക്കുമ്പോൾ പണിക്കാരുടെ രക്തവും മാംസവും കൂടുതൽ കൂടുതൽ ഊററി എടുക്കപ്പെടും."

"അച്ഛനും ചേട്ടനും ജോലിക്കു പോകുന്നു. നാം പാവങ്ങളല്ലേ!"

"അതെ"

അവൾ ചോദിച്ചു:—

"യന്ത്രത്തേയും എണ്ണയേയുംകാൾ മനുഷ്യശരീരത്തിലെ രക്തമല്ലേ മഹത്തരമായിട്ടുള്ളതു്. നമ്മുടെ രക്തത്തിനല്ലേ കൂടുതൽ ശക്തിയുള്ളതു്!"

"അതെ" ഞാൻ വീണ്ടും സന്തോഷത്തോടെ പറഞ്ഞു.

അവൾ തുടർന്നു:—

"അതുകൊണ്ടു് അവർക്കധികകാലം നമ്മുടെ രക്തം ഉററി എടുക്കാൻ സാധ്യമല്ല."

ഹാ, സത്യംകണ്ടവരേ!—അടുത്തിരുന്ന ജോസഫ് ചേട്ടൻ അവളുടെ മുഖത്തേക്ക് ആനന്ദാവേശത്തോടെ നോക്കി.

* * * *

ജോസഫ് ചേട്ടനിൽ മുതലാളി-തൊഴിലാളിബന്ധത്തിൻെറ വളരെയേറെ അനുഭവങ്ങൾ അറിഞ്ഞ ഒരു അസാധാരണ മനുഷ്യനെ ഞാൻ കണ്ടു.

ഒരു കശുഅണ്ടിഫാക്ടറി ഓഫീസ്സിലെ എൻെറ ക്രൂരമായ അനുഭവങ്ങൾ ഞാൻ അദ്ദേഹത്തിനോടു പറഞ്ഞു,—ഊണിനും വിശ്രമത്തിനും പോകാതെ എനിക്കു ജോലി ചെയ്യേണ്ടിയിരുന്നതു്. രണ്ടുമാസം കഴിഞ്ഞിട്ടും എനിക്ക് ശമ്പളം തരാതിരുന്നതു്. അവസാനം ഇരുപതുരൂപാതന്നു് എന്നെ പിരിച്ചുവിട്ടതു്. എന്നെ ദുഃഖത്തിൽ മുക്കിയ അനുഭവങ്ങൾ! എന്നിൽ നിരാശയുടെ നിഴലുകൾ ഉളവാക്കിയ അനുഭവങ്ങൾ! അവയെല്ലാം ജോസഫ് ചേട്ടൻ സഹതാപത്തോടെ കേട്ടു. പക്ഷെ യാതൊരു ഭാവഭേദവും കൂടാതെ അദ്ദേഹം പറഞ്ഞു.—

"എൻെറ പൊന്നനിയാ, ഇവയൊക്കെ സാധാരണ അനുഭവങ്ങളാണു്."

കയർഫാക്ടറിയിലെ ജോലിയിൽ എനിക്ക് സന്തോഷമുണ്ടാകുമെന്നു് അദ്ദേഹം പറഞ്ഞു. അവിടെ എൻെറ പ്രധാന ജോലി തൊഴിലാളികളുടെ കൂലി എഴുതുകയാണ്. അവരുടെ ജോലിസ്ഥലത്തോടു ചേർന്നായിരുന്നു എൻെറ ഇരിപ്പിടം.

"അതു നല്ല വകുപ്പാണു്. ധാരാളം തൊഴിലാളികളുടെ സ്നേഹം നിങ്ങൾക്കു ലഭിക്കും."

പക്ഷെ, ഞാനും മുതലാളിയുമായി തുടർച്ചയായി ഉരസൽ ഉണ്ടായി.

എന്റെ പേരിലുള്ള ആദ്യത്തെ കുററം ഞാൻ നെയ്ത്തുകാർക്ക് കൂടുതൽ എണ്ണ കൊടുക്കുന്നുവെന്നുള്ളതായിരുന്നു. മുതലാളി എന്നെ ശാസിച്ചു:—

"നിശ്ചയിച്ചിട്ടുള്ള എണ്ണകൊണ്ടു് ജോലിതീർക്കുക അവരുടെ ചുമതലയാണു്."

വലിയ കയററുപായ് നെയ്യാൻ അരത്തുടം എണ്ണ തികയാതെ വന്നാൽ എങ്ങിനെ ജോലി നടക്കുമെന്നു് എനിക്കു മനസ്സിലായില്ല

രണ്ടാമതായി, അടുത്തുതന്നെ മുതലാളി എന്നോടു പറഞ്ഞു:—

"നിങ്ങൾക്കു തൊഴിലാളികളുമായി ഇത്രയധികം സംസാരിക്കാൻ എന്താണുള്ളതു?"

ഞാൻ പറഞ്ഞു:—

"ഞാൻ കൂടുതലായി സംസാരിക്കുന്നതു് ഉച്ചയ്ക്കു് എന്റെ വിശ്രമസമയത്താണു്." അയാൾ എന്നെ അതിഗൌരവമായി ഒന്നു നോക്കി.

അന്നു രാത്രി ജോസഫു് ചേട്ടൻ എന്നെ ഓമ്മപ്പെടുത്തി:—

"സൂക്ഷിച്ചുകൊള്ളണം."

അദ്ദേഹം തുടന്നു:—

"നിങ്ങളെക്കൊണ്ടു് അടിമവേല ചെയ്യിക്കാൻ അവരുടെ കയ്യിൽ പല വിദ്യകളുമുണ്ടു്."

ക്ഷീണിച്ചു വരുന്ന ജോസഫ് ചേട്ടൻെറ ശരീരത്തെ നോക്കി അന്നചേച്ചി എന്നോടു പറഞ്ഞു.—

"അനിയാ ക്രമത്തിലധികം വഴങ്ങിക്കൊടുക്കരുത്."

ഞാൻ കൂടുതൽ 'വിദ്യകൾ' കണ്ടുതുടങ്ങി. തുടർച്ചയായി പല ദിവസം രാത്രിയിൽ എട്ടും എട്ടരയും മണിവരെ എന്നെക്കൊണ്ടു ജോലിചെയ്യിച്ചു. അതിനു രാവിലെ ഒന്നോ ഒന്നരയോ മണിക്കൂർ താമസിച്ചു ചെല്ലുവാനുള്ള അവകാശം ഞാൻ സ്വീകരിച്ചു. മൂന്നു ദിവസം ഞാൻ അങ്ങനെ ചെയ്തു. നാലാം ദിവസം ഹാജരുബുക്കു തുറന്നു നോക്കിയപ്പോൾ ഞാൻ താമിച്ചു ചെന്നിരുന്നിടത്തോളം മണിക്കൂറുകൾ 'Late' അടയാളം ചെയ്തിരിക്കുന്നു. മാത്രമല്ല മാനേജർ നേരിട്ടു ചോദിക്കാൻ വരുകയും ചെയ്തു. എനിക്കു വാദിക്കാതിരിക്കുവാൻ കഴിഞ്ഞില്ല.

കശുഅണ്ടി ഓഫീസ്സിലെ അനുഭവങ്ങൾ ആവർത്തിക്കപ്പെടുന്നതായി ഞാൻ ഭയന്നു. ചിന്താകുലനായി ഞാൻ വീട്ടിലെത്തി. രാത്രി ജോസഫ് ചേട്ടനോടു വിവരം പറഞ്ഞു.

ജോസഫ് ചേട്ടൻ ഉപദേശിച്ചു:—

മുതലാളിമാരോടു വാദിച്ചാൽ ഫലമില്ല. അവർ നിങ്ങളെ സംസാരിക്കുന്നതു് നിങ്ങൾ പറയുന്നതു് കേൾക്കുവാനല്ല നിങ്ങളെക്കൊണ്ടു് അനുസരിപ്പിക്കാൻ വേണ്ടിയാണു.

"ഞാൻ സൂക്ഷിച്ചു സംസാരിക്കണമെന്നു പറഞ്ഞു് അയാൾ പല്ലുകടിച്ചുപോയി."

ജോസഫ് ചേട്ടൻ ഒന്നു ചിരിച്ചുകൊണ്ടു പറഞ്ഞു —

"നിങ്ങളിങ്ങനെ 'കാര്യംപറയാൻ' തുടങ്ങിയാൽ നിങ്ങളെ പയ്യെ പറഞ്ഞയക്കും."

അദ്ദേഹത്തിന്റെ മുഖം വിളറി വരുന്നതു ഞാൻ കണ്ടു.

അടുത്തയാഴ്ച ഞാൻ ജോസഫ് ചേട്ടനോടു പറഞ്ഞു:—

"രാജിവച്ചാലും വേണ്ടുകില്ല."

"വളരെ കഷ്ടപ്പെട്ടിട്ടല്ലേ ഈ ജോലി കിട്ടിയതു്."

"അതൊക്കെ ശരിയാണു്"—ഒരു കൊച്ചു ടങ്കിനകത്തു് സ്കൂൾഫൈനൽ സർട്ടിഫിക്കററും രണ്ടു ജോഡി ഉടുപ്പും മുണ്ടുമായി ജോലി അന്വേഷിച്ചു് ഞാൻ എത്ര അലഞ്ഞുനടന്നു!—കൊല്ലത്തുനിന്നും തിരുവനന്തപുരത്തേയ്ക്കു്. തിരുവനന്തപുരത്തുനിന്നും കൊല്ലത്തേയ്ക്കു്. കൊല്ലത്തുനിന്നും ചങ്ങനാശ്ശേരിക്കു്. ചങ്ങനാശ്ശേരിയിൽ നിന്നും കോട്ടയത്തിനു്. കോട്ടയത്തുനിന്നും ആലപ്പുഴയ്ക്കു്. ഞാൻ എത്ര കമ്പനികളുടെ വാതുക്കൽ ചെന്നുമുട്ടി!—എത്ര അപേക്ഷകൾ എഴുതി!—

പക്ഷെ, എനിക്കു പറയാതിരിക്കുവാൻ സാദ്ധ്യമായിരുന്നില്ല,—

"ഈ മുതലാളിയുടെ ഫാക്ടറിയിൽ ജോലിചെയ്യാൻ വയ്യാ—"

തന്റെ അനുഭവങ്ങളുടെ കലവറയിൽ നിന്നു് ജോസഫ് ചേട്ടൻ വ്യക്തമാക്കി,—

'എല്ലാ മുതലാളിമാരുടെ ഫാക്ടറിയും ഇങ്ങിനെയാണു്. ഇവിടെ ഇത്രയധികം ഫാക്ടറികൾ ഉണ്ടെ

ങ്കിലും വീണ്ടും ജോലി കിട്ടാൻ വളരെ വിഷമമാണു്. നിങ്ങൾ പിണങ്ങി രാജിവച്ചുവെന്നു് അറിഞ്ഞാൽ ഒരു മുതലാളിയും നിങ്ങൾക്കു ജോലി തരുകയില്ല......"

അദ്ദേഹത്തിൻെറ മുഖത്തുനിന്നും പുഞ്ചിരി മാഞ്ഞു. പകരം ഒരു ഗൌരവം കൈവന്നു. ഞാൻ ആ മുഖഭാവം വളരെ വ്യക്തമായി ഓക്കുന്നു—

അദ്ദേഹത്തിൻെറ ദേഹംപോലെ ക്ഷീണം തോന്നിപ്പിക്കുന്ന, ചുരുണ്ടതെങ്കിലും മങ്ങിയ തലമുടി. ശ്രദ്ധ ഉറപ്പിച്ച കണ്ണുകൾ. മാംസമയമില്ലാത്ത ഇരുണ്ട മുഖം. ഏതവസ്ഥയിലും അദ്ദേഹത്തിൻെറ മുഖം ആകർഷകമായിരുന്നു. അദ്ദേഹം പറഞ്ഞു.—

"വേറൊരു കാര്യംകൂടി........എനിയ്ക്കു മുപ്പത്തിരണ്ടുവയസ്സായി. കഴിഞ്ഞ പതിനേഴുകൊല്ലമായി ഞാൻ ക്ലാക്കാണു്. യന്ത്രവും തന്ത്രവും മനുഷ്യത്വമില്ലായ്മയും കൂടി ചേരുമ്പോളാണു് മുതലാളി ആകുന്നതു്. രണ്ടാമതു് ഞാൻ ജോലിചെയ്ത ഫാക്ടറിയിലെ മുതലാളി പറഞ്ഞു, 'ശമ്പളം കുറവെന്നൊക്കെ പറഞ്ഞു മുറവിളി കൂട്ടരുതു്. സാവധാനം ജോലിയെല്ലാം പഠിക്കു്, മാനേജരാകാം.' എന്തായാലും രണ്ടു മാസം കഴിഞ്ഞു് ഞാൻ അവിടെ നിന്നു പിരിഞ്ഞു. മൂന്നാമത്തെ മുതലാളിയുടെ കൂടെ മാസം പതിനൊന്നു രൂപാ ശമ്പളത്തിൽ എനിക്കു മൂന്നുകൊല്ലം ജോലി ആയി. അപ്പോൾ വേറൊരു ഫാക്ടറിയിൽ ഇരുപതു രൂപാ ശമ്പളത്തിൽ എന്നെ നിയമിച്ചു. മുതലാളി അതറിഞ്ഞ ഉടനെ ഫോൺ എടുത്തു് ചങ്ങാതിയെ വിളിച്ചു് എൻെറ നിയമനം റദ്ദുചെയ്തു."

അദ്ദേഹം മുന്നോട്ടാഞ്ഞു എന്നോട് ഏററവും സ്നേഹപൂർവ്വം പറഞ്ഞു:—

"അനിയാ അവർ ക്ലബ്ബിലും കല്യാണത്തിനും കൂട്ടുമ്പോൾ സംസാരിക്കുന്നതു് നമ്മെ തടയാനുള്ള അടവുകളാണു്."

ജോസഫ്ചേട്ടനു് ഞാൻ എൻെറ ആശയം വിശദീകരിച്ചു. വളരെ നാളായി ആ ചിന്ത എൻെറ ഹൃദയത്തിൽ മുന്തിനില്ക്കുകയായിരുന്നു,—

"നമുക്കു തൊഴിലാളികളുടെ യൂണിയനിൽ ചേരണം"

ജോസഫ് ചേട്ടൻ ഒന്നു ചിന്തിച്ചു.

"അതു നല്ലതാണു്. നമ്മളെല്ലാവരുംകൂടി അവരോടു ചേരുമ്പോൾ വലിയ ശക്തി ആകും." അദ്ദേഹം വീണ്ടും ചിന്താകുലനായിരുന്നു. ആ ഐക്യം എങ്ങിനെ സാധിയ്ക്കാം എന്നായിരിക്കാം!

അന്ന ചേച്ചിയും ജോസഫ് ചേട്ടനും തമ്മിൽ ഭിന്നിപ്പുണ്ടായതു് ഒററക്കാര്യത്തിലാണു്,—അദ്ദേഹം ക്രമാതീതമായി ജോലി ചെയ്യുന്നു എന്നുള്ളതിൽ. എന്നോടു കൂടക്കൂടെ അന്ന ചേച്ചി പറഞ്ഞു:—

"കഴിഞ്ഞ അഞ്ചാറുകൊല്ലമായി വളരെ ക്ഷീണിക്കുന്നു. ശരീരം നോക്കാതെ ഇത്ര കഠിനപ്പെട്ടു് എന്തിനാ ജോലി ചെയ്യുന്നതു്?"

ജോസഫ് ചേട്ടൻ പറയും:—

"ക്ഷീണിക്കുന്നെങ്കിൽ നന്നായികൊള്ളും. നീ എന്തിനാ അതെല്ലാം വിചാരിച്ചു മനസ്സു പുണ്ണാക്കുന്നതു്."

അന്ന ചേച്ചിയുടെ പുഞ്ചിരിക്ക് മററെല്ലാവരേയും സന്തോഷതരളിതരാക്കാൻ കഴിയും. പക്ഷെ, അവരുടെ മുഖം വിഷാദംകൊള്ളുമ്പോൾ അതിൻെറ പ്രതിഫലനവും മററുള്ളവരിൽ ഉണ്ടാകും.

ജോസഫ് ചേട്ടൻ രാത്രിയിൽ പലപ്പോഴും വൈകിയാണു വരിക. ഞാൻ ചോദിക്കുമ്പോൾ പറയും:—

"ഒരുപാടു കുടിശ്ശിഖ എഴുതി തീക്കാനുണ്ടു്."

"എത്ര നാളായി ഈ കുടിശ്ശിഖ തുടങ്ങിയിട്ടു്?"

ജോസഫ് ചേട്ടൻ പറയും.—

"പുതുതായി വരുന്നവർ ഒന്നോ രണ്ടോ മാസാ ഇരുന്നിട്ടു് ജോലി കളഞ്ഞു പോവുകയാ."

ആ അന്തരീക്ഷത്തിൽ ഈ മനുഷ്യൻ എങ്ങിനെ വേലചെയ്യുന്നോ എന്തോ!

"അതുകൊണ്ടു് അവരുടെ ജോലി ജോസഫ് ചേട്ടൻ ചെയ്യണമെന്നുണ്ടോ?"

"ജോലി തീരണ്ടേ, അനിയാ, മുതലാളിയോടു പറഞ്ഞാലും വഴക്കുകൂടിയാലും ഒന്നോ ഫലമില്ല." വീണ്ടും നിശ്ശബ്ദതയിൽ അമരുന്ന ആ മുഖത്തേയ്ക്കു നോക്കിയാൽ തോന്നും, തൻെറ എല്ലാ യാതനകൾക്കും ഉഗ്രമായ പ്രതികാരം ചിന്തിക്കുന്നുണ്ടെന്നു്.

ഒരു രാത്രി ഞാൻ അദ്ദേഹത്തിൻെറ ഓഫീസ്സിൽ ചെന്നു. ജോസഫ് ചേട്ടൻ ഒരു കൂട്ടുക്ലാക്കുമൊത്തു് തല പുകഞ്ഞു കണക്കെഴുതുകയാണു്. ഞാൻ ചായ കുടിക്കാൻ വിളിച്ചു. വന്നില്ല.

അദ്ദേഹം പറഞ്ഞു:—

"അതെല്ലാം സമയം കളയുന്ന കാര്യമാണു്."

ഞാൻ വെളിയിൽ ഇറങ്ങുമ്പോൾ അദ്ദേഹം എന്നോടു് വിളിച്ചുപറഞ്ഞു —

"തന്റെ അന്നച്ചേച്ചിയോടു് ഞാൻ ഒരുപാടു് ജോലി ചെയ്യുന്നുവെന്നൊന്നും പറയണ്ട."

അടുക്കളയിൽവച്ചു് ഞാൻ അന്നച്ചേച്ചിയെ കണ്ടു. അവർ ഭർത്താവിനെപററി അതിഗഹനമായി ചിന്തിക്കുകയാണു്. ജോസഫ്ചേട്ടനെകൊണ്ടു് കുറച്ചു ദിവസത്തെ അവധി എടുപ്പിയ്ക്കണമെന്നു് ഞങ്ങൾ നിശ്ചയിച്ചു.

രാത്രി പത്തു മണിക്കു് അദ്ദേഹം കയറിവന്നു പറഞ്ഞു —"എനിക്കു വല്ലാത്ത തലവേദന." അടുത്ത ദിവസം പായിൽനിന്നു പൊങ്ങിയില്ല. നെഞ്ചുവേദന വന്നു. നടുവു വെട്ടൽ ഉണ്ടായി.

ഞാൻ അദ്ദേഹത്തിന്റെ മാനേജരുടെ അടുത്തു ചെന്നു. ഓഫീസ്സ്മുറിയുടെ വാതുക്കൽവച്ചുതന്നെ മാനേജർ ചോദിച്ചു:—

"ജോസഫ്, പെണ്ണുവീട്ടിൽ പോയിരിക്കുകയാണോ?"

അദ്ദേഹത്തിനു മരുന്നു വാങ്ങാൻ ഇരുപതുരൂപാ തരണമെന്നുള്ള എഴുത്തു് എന്റെ കയ്യിൽ ഇല്ലായിരുന്നുവെങ്കിൽ, എന്റെ വെറുപ്പിനും ദേഷ്യത്തിനും തക്കതായ ബഹിർഗ്ഗമനം ഉണ്ടാകുമായിരുന്നു.

"അദ്ദേഹം വലിയ സുഖക്കേടായി കിടക്കുകയാണു്"—ഞാൻ കത്തു മാനേജരുടെ കയ്യിൽ കൊടുത്തു.

അയാൾ ശമ്പളക്കണക്ക നോക്കിച്ചു. ശമ്പളവകയിൽ ജോസഫ് ചേട്ടനു് പത്തു രൂപാക്കൂടിയേ വരുകയൊള്ളു വെന്നു്.

"അതു കൊടുത്തേയ്ക്കു്" മാനേജർ ആജ്ഞാപിച്ചു.

പത്തുരൂപാ വാങ്ങിച്ചതായി എൻെറ പക്കൽ നിന്നും എഴുതിവാങ്ങിച്ചിട്ടു എൻെറ കയ്യിൽ രൂപാതന്നു.

വികാരചകിതനായി ഞാൻ മടങ്ങുമ്പോൾ ഉജ്ജ്വലമായ ആ മനുഷ്യശക്തി വിലാസം എൻെറ ഹൃദയത്തിൽ ഞാൻ കണ്ടുകൊണ്ടിരുന്നു,— പ്രബുദ്ധരായ ജനതയുടെ ഒത്തൊരുമിച്ചുള്ള സമരപ്രവാഹത്തിൻെറ മുമ്പിൽ, മനുഷ്യത്വമുള്ള ലോകം സ്ഥാപിക്കാൻ മുതലാളിത്വം തകരുന്നതു്!—

ജോസഫ് ചേട്ടൻ മരിച്ചു.........

* * * * *

കടുത്ത മരണം!—ഹൃദയത്തിനു ശ്വാസോച്ഛ്വാസം ചെയ്യാൻ ദുർഘടമേറിയ നിമിഷങ്ങൾ!—ഞാൻ എന്റെ ഹൃദയത്തിൽ ഒട്ടിപ്പിടിച്ച സ്മരണകളിലേയ്ക്കു് എത്തിനോക്കുകയായിരുന്നു......

എൻെറ സൂസാൻ ഏങ്ങലടിക്കുന്നു!—ഹൃദയത്തിൽ കട്ടിപിടിച്ചിരുളുന്ന ദുഃഖം വെളിയിലേയ്ക്കു വരുവാൻ വിമ്മിഷ്ടപ്പെടുകയാണു്. താമരപ്പൂപോലെ സുന്ദരമായ ആ മുഖം കണ്ണുനീർവീണു തളർന്നിരിക്കുന്നതു കാണുക വയ്യാ. ഈ കൊച്ചു പെൺകുട്ടിയെ ഞാൻ എങ്ങിനെ സമാശ്വസിപ്പിക്കണം?

"സൂസാൻ!"

അവൾ നോക്കുക മാത്രം ചെയ്യുന്നു—

ഇളം ചന്ദ്രികയിൽ വെളുത്ത മണൽ മുററത്തു് എന്നോടു ചേൎന്നു അവൾ തളൎന്നിരുന്നു.

തെല്ലനേരത്തേയ്ക്കു് അവൾ മൂകയായി. കണ്ണുനീരെല്ലാം അകത്തു കട്ടിപിടിച്ചു കിടക്കുംപോലെ. എന്റെ മടിയിലേയ്ക്കു കിടന്ന അവളുടെ മെലിഞ്ഞ കൈത്തണ്ടു ഇളകിയപ്പോൾ കുപ്പിവളകൾ കിലുങ്ങി. അവൾ ഓരോന്നായി പൊട്ടിച്ചു കളയാൻ തുടങ്ങി. ഞാൻ അവളെ തുറിച്ചു നോക്കി. അവൾ പറഞ്ഞു—

"ചേട്ടാ എനിയ്ക്കു് വളകൾ വേണ്ട."

ഞാൻ "പറഞ്ഞു—ചന്ദ്രൻ തെളിഞ്ഞുവരുന്നതു കാണുന്നില്ലേ!—"

അവൾ തലയിളക്കി,—

"എനിയ്ക്കു ചന്ദ്രനെ കാണേണ്ട. നക്ഷത്രങ്ങളെ കാണേണ്ട. ആ കാണുന്ന ഫാക്ടറിയുടെ പുകക്കുഴൽ കാണേണ്ട."

വേദന പിടിച്ചടക്കാൻ ശ്രമിച്ചുകൊണ്ടു് ഞാൻ ചോദിച്ചു:—

"പിന്നെ എന്തു കാണണം?"

ആൎദ്രങ്ങളായ എന്റെ കണ്ണുകളിലേയ്ക്കു നോക്കി കണ്ണുനീർ തെറിപ്പിച്ചുകൊണ്ടു് അവൾ ഞരങ്ങി പറഞ്ഞു:—

"എനിക്കു് അപ്പച്ചനെ കാണണം."

അവൾ എൻെറ മടിയിലേയ്ക്കു ചാഞ്ഞുകിടന്നു. ഞാൻ മൂകനായി ഇരുന്നു. ഏതാനും നിമിഷങ്ങൾ കഴിഞ്ഞപ്പോൾ അകലെ കാണുന്ന പുകക്കുഴലിനെ ചൂണ്ടി അവൾ പറഞ്ഞു:—“അവിടെ ജോലിക്കു പോയാൽ ആളുകൾ മരിയ്ക്കും.”

“അതെ”—തുടൻ ഞാൻ പെട്ടന്നു ചോദിച്ചു,— “യന്ത്രവും മനുഷ്യശരീരവും തമ്മിലുള്ള വ്യത്യാസം കുഞ്ഞു പറഞ്ഞതോക്കുന്നോ!”

“ഓക്കുന്നു. നമ്മുടെ രക്തത്തിന്ന് എല്ലാററിനേയും കാൾ ശക്തിയുണ്ടു്.”

ഞാൻ വികാരതരളിതനായി പറഞ്ഞു:—

“ആ ശക്തി ഈ ഫാക്ടറികൾ കയ്യടക്കും. അവ അഴിച്ചുപണിയും. അന്നു്, അവ ഒരിക്കലും കുഞ്ഞുങ്ങളുടെ പ്രിയപ്പെട്ട അപ്പച്ചനെ കൊല്ലുന്നതായിരിക്കുകയില്ല. നമുക്കു എപ്പോഴും സമാധാനം തരുന്നതായിരിക്കും.” ഞാൻ ചോദിച്ചു— “കുഞ്ഞിനിപ്പോൾ ആശ്വാസം തോന്നുന്നില്ലേ?”

അവൾ എന്റെ കഴുത്തിൽ കൈകൾ ചുററി. ഞാൻ അവളുടെ മുഖത്തിന്ന നേരെ താഴ്ന്നു. ഞങ്ങളുടെ കവിളുകൾ ഒട്ടിപിടിച്ചു. ഞങ്ങളുടെ ആത്മാക്കൽ ആലിംഗനം ചെയ്യുമ്പോൾ അവൾ പറഞ്ഞു.—

“ചേട്ടാ, അന്നു് അവയുടെ പുകക്കുഴലുകൾ കാണാൻ നല്ല ആനന്ദമായിരിയ്ക്കും!”

നവമ്പർ, 1951

---

## മൂന്ന്

ആ രണ്ടു കുടുംബങ്ങൾ നാട്ടുവീഥിയിലെ ഒരു വൃക്ഷത്തണലിൽ ഒന്നിച്ചു.

തലയും താടിയും നരച്ച അൻപതിനോടടുത്ത കുമാരു. അയാളുടെ മകൾ ഇരുപതു കഴിഞ്ഞ അമ്മു. അവളുടെ ഭർത്താവ്, വിരിഞ്ഞ മാറും കുമാരുവിനെപ്പോലെ പൊക്കം കുറഞ്ഞു് ഉറച്ച ദേഹവും ഉള്ള കൃഷ്ണൻ. അമ്മുവിന്റേയും കൃഷ്ണന്റേയും മകൻ രണ്ടുവയസ്സുള്ള കുട്ടപ്പൻ—ചൊറിപിടിച്ചു മെലിഞ്ഞു് നീണ്ടു് എല്ലാററിനേയും തുറിച്ചുനോക്കുന്ന കണ്ണുകൾ മാത്രമുള്ള ഒരു കുഞ്ഞു്.

മറേറ കുടുംബം, കുമാരുവിനോടടുത്തു പ്രായമുള്ള കിട്ടനും ഭാര്യയും മൂന്നു മക്കളും ആയിരുന്നു. മക്കൾ—വിവാഹപ്രായമായ ദേവകി, അവളുടെ അനുജന്മാർ ശങ്കരനും രാമനും.

അവർ എല്ലാവരുടേയും തലയിലും ചുമലിലും, കുട്ടയിലും ചാക്കിലുമായി, കരിപിടിച്ച ചട്ടിയും കലങ്ങളും ചെരവത്തടിയും വെട്ടുകത്തിയും ഉണ്ടായിരുന്നു. തോളുകളിൽ തൂമ്പ തൂങ്ങിക്കിടക്കുന്നു.

ആ നാട്ടുപാതയിലൂടെ അവർ കൂട്ടമായി അങ്ങിനെ പോയി—

അവർ ആണും പെണ്ണും ചിന്താതരളിതരായിരുന്നു—അവർ സ്നേഹിച്ച മണ്ണിനെപ്പററി. അവരിൽ പലരും

ജനിക്കുകയും വളരുകയും ചെയ്ത വീടിനെപ്പററി. മണ്ണും കല്ലും ഉറപ്പിച്ച് ചാണകം മെഴുകി ഉണ്ടാക്കിയ അവരുടെ കൊച്ചുവീട്, അതിനു ചുററും അവർ ഉറപ്പിച്ച തൈയും വാഴയും, കാച്ചിലും ചീനിയും, മാത്രമല്ല,—അനേക കൊല്ലത്തെ നിത്യപരിചയത്തിൽ അവിടെ അവർ സ്നേഹിച്ച ആളുകൾ!—

കുമാരു സ്വയം ചോദിച്ചു,—ആ മണ്ണുമായി തൻെറ മുപ്പതുകൊല്ലത്തെ ബന്ധം ജന്മിയുടെ ഒരുനിമിഷനേരത്തെ ഉത്തരവുകൊണ്ട് മായ്ച്ചുകളയാവുന്നതാണോ?—താൻ അയാൾക്കുവേണ്ടി ചെയ്തിട്ടുള്ള എല്ലാ സേവനങ്ങളേയും മറന്നുകൊണ്ട്......കുമാരുവിനു് ഉടനെ അറിയണമായിരുന്നു, തന്നെ ആരെങ്കിലും വാസ്തവത്തിൽ സ്നേഹിച്ചിട്ടുണ്ടോ എന്നു്. അയാൾ സ്മരണയുടെ ചുരുളുകൾ തുറന്നുകൊണ്ട് അടുപ്പമുള്ള മുഖങ്ങളിലേക്ക് മാറി മാറി നോക്കി. ഉണ്ട്,—അയാളെ സ്നേഹിച്ചിട്ടുള്ളവരുണ്ട്. പക്ഷെ മുപ്പതുകൊല്ലക്കാലം താൻ എല്ലാക്കഴിവുകളും അപ്പിച്ച ജന്മിയ്ക്കു് അയാളെ സ്നേഹിക്കാൻ കഴിഞ്ഞില്ല!—

കുമാരുവിനൊപ്പം നടന്നുകൊണ്ടിരുന്ന കിട്ടൻ പറഞ്ഞു:—

"നമ്മുടെ ജോലിമാത്രം അവക്ക് മതി."

കുമാരുവിൻെറ വൃദ്ധഹൃദയം താങ്ങാനാവാത്ത ദുഃഖപടലങ്ങളിൽ ഇളകി...ആ പുരയിടത്തിൽ അയാൾ വച്ച പ്ലാവിന്റെ തണലിൽ അയാളുടെ പ്രിയപ്പെട്ട അമ്മുവിന്റെ അമ്മയുടെ അവശിഷ്ടങ്ങൾ ലയിച്ചിട്ടുണ്ട്. എന്തുകൊണ്ട് അയാൾക്കും ആ മണ്ണിൽ കിടന്നു് മരിച്ച തന്റെ

പതിയുടെ അടുത്ത് മണ്ണിൽ ലയിക്കുവാൻ ഉള്ള അവകാശം നിഷേധിക്കപ്പെട്ടു?—ആ പറമ്പ്, അതിൽ മുപ്പതിൽ അധികം കൊല്ലങ്ങൾ വേലചെയ്ത കൈകൾ അവകാശപ്പെടുമെന്ന് ജന്മി ഭയപ്പെട്ടു! എല്ലാ ജന്മികളും അങ്ങിനെ ഭയപ്പെടുന്നു!—കിട്ടൻെറ ജന്മിയും അങ്ങിനെ ഭയന്നു് അയാളേയും കുടുംബത്തേയും തെരുവിൽ ഇറക്കിയതാണ്. പ്രായമായ ഒരു പെണ്ണുകൂടി അയാൾക്ക് ഉള്ളപ്പോൾ.

മണ്ണ്,—മനുഷ്യൻെറ സർവ്വസ്വവുമായ മണ്ണ്!—അയാളും കുടുംബവും പണിയെടുത്ത മണ്ണ്! —അനേക കൊല്ലക്കാലം കൂരവച്ചുകിടന്നമണ്ണ്!—അയാളുടെ സഹധർമ്മിണി ചാരമായി ചേർന്ന മണ്ണ്!—അയാളുടെ ആത്മാവ് അതിദയനീയമായി പിടഞ്ഞു......

ആ വീടും മണ്ണുമായി അയാൾക്കുള്ള ബന്ധം നിഷേധിക്കപ്പെട്ടപ്പോൾ, അയാൾ—അയാളുടെ കുടുംബം,—അയാളെപ്പോലുള്ള എല്ലാ കുടുംബങ്ങളും, ഭൂമിയുടേയും ആകാശത്തിൻേറയും ഇടയ്ക്കോട്ട് എറിയപ്പെട്ടതുപോലെ തോന്നി. മനുഷ്യന് അങ്ങിനെ ഒരു ജീവിതം സാദ്ധ്യമല്ല!

രണ്ടു കുടുംബങ്ങളും ഒത്തുകൂടിയ ആ വൃക്ഷത്തണലിലെ സായാഹ്നത്തെപ്പററി. അയാൾ ഓർത്തു. കിട്ടൻ പ്പറഞ്ഞു, അവരെ പേപ്പട്ടികളെപ്പോലെ തല്ലിയെന്ന്. അവരുടെ കുടിലിന് തീവച്ചെന്ന്. അയാളുടെ മകൾ ദേവകിയെ ആക്രമിക്കാൻ ഒരുങ്ങിയെന്ന്. ക്രൂരം!—തലമുറ തലമുറകളായി ആ ജന്മികുടുംബത്തിൻെറ

ആജ്ഞാനുസാരികളായി ജീവിതം ചെലവഴിച്ചതിനുള്ള പ്രതിഫലം ഇതോ?

ഈ അടിമപ്പണിക്ക് കഴിഞ്ഞ തലമുറകളെ എന്താണ് പ്രേരിപ്പിച്ചതു്? അവർ ചുമത്തിയ അയിത്തം, അജ്ഞത, ശക്തിഹീനത. കുമാരു വീണ്ടും ചികഞ്ഞു ചിന്തിച്ചു—എന്തൊരു ശക്തിഹീനത ആയിരുന്നു അതു്? അവർ പറഞ്ഞു, തങ്ങളെ താഴ്ന്നവരായി ദൈവം സൃഷ്ടിച്ചിട്ടുള്ളതാണെന്നു്. തങ്ങൾക്കു് വിദ്യാഭ്യാസവും ലോകപരിജ്ഞാനവും നിഷേധിക്കപ്പെട്ടിട്ടുള്ളതാണെന്നു്. അതു തീർച്ചയായും തങ്ങളെ കീഴടക്കുവാനുള്ള തന്ത്രമായിരുന്നു. തങ്ങളെക്കൊണ്ടു് അടിമവേല ചെയ്യിക്കുവാനുള്ള തന്ത്രം ആയിരുന്നു. അവർ ധരിച്ചിട്ടുള്ളതുപോലെയാണു് ദൈവമെങ്കിൽ അവരെയെന്നപോലെ അവരുടെ ദൈവങ്ങളേയും വെറുക്കുന്നു!—

തങ്ങളുടെ വർഗ്ഗത്തിനുള്ള പാരമ്പര്യം—പ്രവൃത്തി!—മണ്ണിൽ ക്രമുകം ഉയർത്തുന്ന മഹത്തായ പ്രവൃത്തി!—ആ പ്രവൃത്തിയുടെ മാഹാത്മ്യം തങ്ങൾ വഹിക്കുന്നു!—

'ലോകത്തിലെ ഭൂമിയെല്ലാം അതിൽ ജോലി എടുക്കുന്നവരുടേതാണു്. ജന്മികളുടേതല്ല'—ആ ചിന്ത അയാളുടെ ഹൃദയത്തിൽ ചുററിത്തിരിയാൻ തുടങ്ങി. ആ ചിന്ത മററെല്ലാററിനേയുംകാൾ ഉറച്ചു് രൂപംകൊണ്ടു. അതു് മററെല്ലാചിന്തകൾക്കും രൂപം കൊള്ളാനുള്ള ഹൃദയഭിത്തി ആയതിൻ്റ!—

കിട്ടൻ പറഞ്ഞു:—

"അവർ നമ്മളെ ഭയപ്പെടുന്നു. കള്ളൻ, മുതലുടമസ്ഥനെ ഭയപ്പെടുംപോലെ."

കുമാരു തലയാട്ടി.—ആ സത്യമാണു് ഈ കുടിയിറക്കുകളുടെ ഉറവിടം.

അങ്ങിനെ ഉറച്ച ചിന്തകളുടെ ഗഹനമായ അടിയൊഴുക്കുകൾ ഒഴുകി......

*   *   *   *

വഴിയിൽകണ്ട വലിയ വീടുകളുടേയും പറമ്പുകളുടേയും അധിപരെ അവർ കണ്ടു. വേലക്കും കിടപ്പാടത്തിനും സൌകര്യംതേടി. അവർ താഴ്മയായ് ചോദിച്ചു,—ക്രൂരവയ്യാൻ പത്തടിസ്ഥലം. മണ്ണിൽ എന്തെങ്കിലും ജോലി. ഭൂഉടമകൾ അവരെ സംശയത്തോടെ നോക്കി...വഴിയിൽ പലയിടത്തും കുടിയിറക്കിൻെറ കഥകൾ അവർ കേട്ടു. വീടും കൂടുംവിട്ടു്, കുഞ്ഞും പെണ്ണും തള്ളയുമായി പണിക്കാരെ തങ്ങളെപ്പോലെ വഴിയിലേക്കു് ഇറക്കുന്ന കഥ. വഴിയിൽ കണ്ട പല തെണ്ടികളും അങ്ങിനെ ഇറക്കപ്പെട്ട വേലക്കാരുടെ മക്കളാവാം. അവർ നാശഗർത്തത്തിലേക്കു തള്ളപ്പെട്ടവർ ആകാം. കിട്ടൻെറ വാക്കുകൾ കുമാരുവിൻെറ കണ്ണുങ്ങളിൽ ഉരുവിട്ടു് ചിലമ്പി—

"ജന്മികൾ എല്ലാം ഒത്തു കൂടിയിരിക്കുന്നു."

അവർ വഴിത്താരയിൽ കിടന്നു. വൃക്ഷത്തണലിൽ ഇരുന്നു. അവർ ചെന്നുമുട്ടി—"ഞങ്ങൾക്കു് ഒരു നേരത്തെ കഞ്ഞിക്കു് എന്തെങ്കിലും ജോലി തരുമോ?"

അവക്ക് കോടാലിയും തൂമ്പായും വെട്ടരുവായും പെരുമാറാൻ അറിയാം. അവക്ക വൻപിച്ച കാട്ടുകൾ വെട്ടിത്തെളിക്കാൻ കഴിയും. കുന്നുംപുറം കൃഷിത്തടമായി മാററാൻ കഴിയും! അവക്ക മണ്ണിൽ എല്ലാ സസ്യങ്ങളു ടേയും എല്ലാ ധാന്യങ്ങളുടേയും ക്രമ്പുകൾ ഉയത്താൻ കഴിയും!!

......അവസാനം അവർ പട്ടിണികിടന്നു. അവർ ജോലിക്ക തെണ്ടി. ആഹാരത്തിനു തെണ്ടി.

കലവും തൂമ്പായും പേറിക്കൊണ്ടുള്ള നാട്ടുപാതയിലൂ ടെയുള്ള അവരുടെ യാത്രയെ കാണികൾ സശ്രദ്ധം നോക്കി. റോഡിൽ, വണ്ടികളിൽ ഇരുന്നും റോഡു വക്കത്തെ മാളികമുകളിൽ ഇരുന്നും കണ്ട എല്ലാജന്മികളും അറിഞ്ഞുകാണും, അവർ കുടിയിറക്കത്തിൽ തെരുവി ലേയ്ക്കുതള്ളപ്പെട്ടവർ ആണെന്നു്. ആ ജന്മികൾ, സ്വയം ഇറക്കി വിട്ടവരേയും, ഇറക്കി വിടേണ്ടവരേയും പററി ചിന്തിച്ചുകാണും.

* * * * *

അവർ എത്തി, കായൽക്കരയിലുള്ള ഒരു കൊച്ചു പട്ടണത്തിൽ. ആഴ്ച്ചയിൽ രണ്ടുദിവസം അവിടെ ചന്ത യുണ്ടു്. എന്നും സന്ദശകർ എത്തുന്ന ഒരു വലിയ ക്ഷേത്രവും. ശുദ്ധജലം നിറഞ്ഞ ആ കായൽ, കരയ്ക്കു ള്ളിലേക്ക കയറി ഇറങ്ങിക്കിടന്നു. പച്ചക്കാട്ട നിറഞ്ഞ കുന്നുംപുറങ്ങൾ കായലിലേക്ക തള്ളിനിന്നു.

ഇടതൂന്ന് കുററിച്ചെടികളും പടലുംവള്ളിയും നിറഞ്ഞ ഒരു കുന്നിൻപുറം; പ്രസിദ്ധമായ ആ അമ്പലത്തിനോട്ട

ചേൻറ് അവർ കണ്ടുപിടിച്ചു. മനുഷ്യൻ തൊടാത്ത സ്ഥലങ്ങൾ കാണുമ്പോൾ എപ്പോഴും അവരുടെ ഹൃദയത്തിൽ ആശയുടെ ഒരു കൊള്ളിമീൻ ഉണ്ടാകും.

മണ്ണ്, അവർക്ക് സ്വപ്നമാണ്.

അതാർക്ക് അവകാശപ്പെട്ടതാണെന്ന് അവർക്കറിയണമായിരുന്നു. അവർ അമ്പലനടയിൽ എത്തി ശ്രീകാര്യക്കാരെ കണ്ടു.

ആ ഒൻപതുപേരുടേയും ഒരുമിച്ചുള്ള ശബ്ദം കേട്ടപ്പോൾ അയാൾ പുഞ്ചിരിച്ചു. ആ കാട് വെട്ടിത്തെളിച്ച് അനേക കൊല്ലങ്ങളായ് മണ്ണിൽ ആഴ്ന്നിറങ്ങിയിട്ടുള്ള വേരുകൾ പിഴുതുകളഞ്ഞു്, പാമ്പിനേയും, പന്നിഎലിയേയും ഓടിച്ച് അവിടെ കൃഷിചെയ്യാമെന്ന് അയാൾ വിചാരിച്ചിരുന്നേ ഇല്ല. അവർ അറിഞ്ഞു, തഹസീൽദാരേയും കാണണമെന്ന്. അവിടെനിന്ന് ആകാംക്ഷയോടെ കാത്തിരുന്ന ആ മൂളൽ അവർ കേട്ടു.

ആ കുന്നിൻപുറത്തേയ്ക്ക് അവർ ഓടി. ആണും പെണ്ണും കുഞ്ഞും തള്ളയും നിരന്നുനിന്ന് കാടുവെട്ടി. വേരുപിഴുതു. കല്ലുപെറുക്കി. നിരവധി ദിവസങ്ങളിലെ രാത്രിപകലുകൾ ആ ശ്രമം നീണ്ടുനിന്നു. എത്രദിവസം വേണമെങ്കിലും ആ പച്ചിലതന്നെ തിന്നുകൊണ്ട് അവർ അവിടം തെളിച്ചെടുക്കാൻ സന്നദ്ധരായിരുന്നു. അവയ്ക്കടിയിൽ കിടക്കുന്ന മഹത്തായ മണ്ണിനുവേണ്ടി!—

കുന്നിൻെറ ചുററും കായലിലെ ഓളം വന്നടിച്ചു—കുന്നിനു താരാട്ടുപാട്ടുപോലെ. കുന്നിൻെറ മുകളിൽ

നിന്നു നോക്കിയാൽ ചെറിയ ഉൾക്കായലിനു് അപ്പുറത്തു് കിഴക്കുതെക്കായി തെങ്ങുംതലപ്പുകൾ നിറഞ്ഞ താഴ്ന്ന കുന്നിൻപുറങ്ങളും. അവയ്ക്കപ്പുറത്തു് വെള്ളിപ്പത ഒഴുക്കുന്ന നദിയും, ആ നദീതടത്തിൽ പച്ചോല ആട്ടുന്ന നെൽപ്പാടവും കാണാം.

തെക്കുകിഴക്കേ ചരുവിൽ കായലിനോടുചേർന്നു് അവർ രണ്ടു കുടിലുകെട്ടി.

കല്ലും കുട്ടൻത്തറയും വെട്ടി അവരുടെ ഞരമ്പുകെട്ടുകൾ കുഴുങ്ങി. മുട്ടുകൾ രാത്രിമുഴുവൻ വിങ്ങി. നടുവു പൊളിഞ്ഞു. പക്ഷെ അവർ ശരീരത്തിൻെറ വേദന അറിഞ്ഞില്ല. ഹൃദയത്തിൽ ആശയുടെ മധുരിമ പതയുന്നുണ്ടായിരുന്നു!—

കാടും കല്ലും മാറി. അവർ തുമ്പായെടുത്തു് അണിയണിയായി നിന്നു വെട്ടി.—ശ്രീകാര്യക്കാർ വന്നു!—നാല്പതുവയസ്സിനോടടുത്ത പ്രായം. മുണ്ടുടുത്തു്, നഗ്നമായ തടിച്ച മാറിൽ വലത്തുവശത്തേക്കു ഒരു നേര്യതും മടക്കിയിട്ടു്, നെററിയിലും നെഞ്ചിലും ചന്ദനവും ഭസ്മവും പൂശി, കഴുത്തിൽ സ്വർണ്ണം കെട്ടിയ തുളസിമാലയും അണിഞ്ഞു്. അയാൾക്കു് ശക്തിയേറിയ ആ മനുഷ്യരെപ്പററി ചിന്തിയ്ക്കാതിരിക്കുവാൻ കഴിഞ്ഞില്ല. പക്ഷെ, അയാൾക്കു് കൂടുതൽ ചിന്തിക്കേണ്ടിയിരുന്നതു് അവർ കുളിപ്പിച്ചെടുത്ത ആ ഭൂമിയെ പററിയാണു്.

വളംതുടിക്കുന്ന ആ മണ്ണു് വിത്തുകാത്തു കിടന്നു. ശ്രീകാര്യക്കാർ പറഞ്ഞു:—

"ആദ്യത്തെ കൃഷിയല്ലേ, നല്ലവിളവായിരിയ്ക്കും."

അവരുടെ ഹൃദയത്തിലെ ആശയുടേയും ആനന്ദത്തിന്റേയും വിദ്യുത് വീചികൾ തുമ്പായിലൂടെ ഇളകിമറിയുന്ന മണ്ണിനെ തഴുകുന്നുണ്ടായിരുന്നു. ആ മണ്ണിലെ ഓരോ തരിയും എടുത്തു ചുംബിക്കുവാൻ അവരുടെഹൃദയം ആയുന്നുണ്ടായിരുന്നു. ആ കാട്ട് തെളിഞ്ഞു കിട്ടിയ ആദ്യ രാത്രിയിൽ—നിലാവു വീശിയ ആ ആദ്യരാത്രിയിൽ, അമ്മു, ചൊറിപിടിച്ച കൊച്ചുമകനേയും നെഞ്ചത്തുവച്ചു മണ്ണിൽ മലർന്നു കിടന്നു. അമ്മയുടെ മാറിൽ മകളെ പോലെ.

അവർ മരച്ചീനിക്കമ്പുകൾ കൊണ്ടുവന്നു് വെട്ടി ആ മണ്ണിൽ താഴ്ത്തി. ഒരു മാസത്തിനകം കായലിനു ചുററും ഉള്ള നാട്ടുകാർക്ക് ദിവ്യമായ ഒരു ദർശനം ഉണ്ടായി. കുന്നിൻ പുറത്തു് കായൽക്കാററിൽ മനുഷ്യഗീതം പാടി ചാഞ്ചാടുന്ന ചീനിയിലക്കുടകൾ.

അവർ എല്ലാവരും ഒത്തു് ആ ചീനിത്തണ്ടുകളുടെ വളർച്ചയിലുള്ള കേടുപാടു നോക്കുമ്പോൾ കുമാരു പറയും:-

"എന്റെ അമ്മേ, ഈ മണ്ണൊന്നു് അനുഗ്രഹിച്ചാൽ പാടെല്ലാം തീർന്നു."

ഓരോ ചെടിയുടെ മൂട്ടിലും അവരുടെ കണ്ണും കയ്യും തഴുകി—മണ്ണിളകിയിട്ടുണ്ടോ എന്നു്. വളം നിരന്നിട്ടുണ്ടോ എന്നു്.

വീണ്ടും തുടർച്ചയായ ദിവസങ്ങൾ അവർക്കു പട്ടിണിയുടെ നീണ്ട ഏടായിരുന്നു. ചന്തദിവസങ്ങളിൽ, കുമാ

രുവും, കൃഷ്ണനും കിട്ടനും ആൺമക്കളും ചന്തയിൽപോയി. ചുമടുകിട്ടാൻ ശ്രമിച്ചു. സ്ത്രീകൾ കാടുകളിൽ കയറി ചുള്ളി പെറുക്കികെട്ടി വിററു.

എല്ലാ കഷ്ടതകളിലും, വളൎന്നുവരുന്ന ചീനിച്ചെടികൾ അവൎക്ക് ആശ്വാസം നല്കി. അവയുടെ നീണ്ട ഇലകൾ അവൎക്കു സാന്ത്വനത്തിൻെറ നീണ്ട കരങ്ങളായിരുന്നു. അവർ പലരും കൂടക്കൂടെ പറഞ്ഞു:—

"കിഴങ്ങു പിഴാറായാൽ—"

കുടിലുകൾക്കരികിലെ കായൽക്കരയിൽ അവർ നിലാവിൽ കൂടിയിരുന്നു. കായലിൽ ചന്ദ്രികയുമായ് സല്ലപിയ്ക്കുന്ന ഓളങ്ങളെ മുറിച്ചുകൊണ്ടു് ചെറുമീൻ ചാടി. മനുഷ്യരിൽ സന്തോഷത്തിൻെറ മിന്നൽപോലെ. കിട്ടനും കുമാരുവും തങ്ങളുടെ ജീവിതാനുഭവങ്ങൾ പറഞ്ഞു. അമ്മുവും ദേവകിയും നാടൻ ഗാനങ്ങൾ നീട്ടിച്ചൊല്ലി...

ചില പകലുകളിൽ ശ്രീകാൎയ്യക്കാരനും ശാന്തിക്കാരനും അവിടം സന്ദൎശിച്ചു. മരച്ചീനിച്ചെടികൾക്കിടയിലൂടെ നടന്നുകൊണ്ടു് അവർ ചോദിയ്ക്കും:—

"കിട്ടോ, ഇതിനൊക്കെ അടിയിളക്കിട്ടോടാ? പെരുച്ചാഴി ഒക്കെ വരാറുണ്ടോടാ?"

കിട്ടൻ പറയും:—

"ഞങ്ങളതിൻെറ മൂട്ടിലല്ല്യോ കിടക്കുന്നതു്. കുഞ്ഞുങ്ങളെ വളൎത്തുന്നതുപോലെ കാക്കുകയാണേ."

"നിൻെറ കൊച്ചിനെന്തെടാ ഈ ചൊറിപിടിച്ചിരിക്കുന്നതു്??"—അറപ്പോടെ ശാന്തിക്കാരൻ കൃഷ്ണനോടു ചോദിക്കും.

"ഞങ്ങള്ല റോഡുനീളെ അലഞ്ഞുവന്നപ്പോൾ അത്തും കുറച്ചൊക്കെ പട്ടിണികിടന്നു."

ശാന്തിക്കാരൻ ഉപദേശിക്കും:—

'അമ്പലത്തിൽവന്ന് ഭഗവാനെ ഒന്നുകയ്യെടുക്കണം. വല്ലപ്പോഴും ഒന്നു വിളക്കിനോ വഴിപാടിനോ വയ്ക്കണം."

കൃഷ്ണൻ ഒരിയ്ക്കൽ പറഞ്ഞു —

"ഞങ്ങള്ല പാപം ചെയ്യാത്തവരാണ്. ഞങ്ങളാക്കും ദ്രോഹം ചെയ്യിട്ടില്ല!—"

"അതു നീ ആണോടാ നിശ്ചയിക്കുന്നത്?"

ശാന്തിക്കാരൻ ദേഷ്യം പിടിച്ചു ചോദിച്ചു.

ആ വേലക്കാരുടെ ഹൃദയത്തിൽ അവരുടെ കട്ടത്ത അനുഭവങ്ങൾ അപ്പോൾ കോളിളകുന്നുണ്ടാവും!—

...കിഴങ്ങു പറിച്ചു...പ്രയത്നശീലമുള്ള മനുഷ്യന്റെ ഉരുണ്ടുതടിച്ച കയ്യ്പോലെ ദൃഢങ്ങളായ കിഴങ്ങുകൾ. ശ്രീകാര്യക്കാരനും ശാന്തിക്കാരനും അടുത്തുണ്ടായിരുന്നു. ശ്രീകാര്യക്കാരൻ പറഞ്ഞു —

"ഈ മണ്ണിന്റെ ഗുണം ഞാൻ നേരത്തെ പറഞ്ഞതാണ്."

കിട്ടൻ പറഞ്ഞു:—

"കാടും വേരും തെളിച്ചെടുക്കാൻ ഞങ്ങൾ കുറച്ചു കഷ്ടപ്പെട്ടു."

ശാന്തിക്കാരൻ മറുപടി പറഞ്ഞു:—

"പാടുപെടാതെ വെറുതേ കിഴങ്ങു വളരുമോടാ."

ശ്രീകാര്യക്കാരൻ പറഞ്ഞു:—

"മൂന്നായിട്ട് വീതിക്ക്. ഒരു പങ്ക് ഞങ്ങൾക്ക തന്നാൽ മതി."

അവർ എല്ലാവരും അതുകേട്ടു. കയ്യേററം കോത്തു വിട്ട ആ വാക്കുകൾ അവരെ ഒരു നിമിഷനേരത്തേയ്ക്കു് മൂകരാക്കി. മൂന്നായ് പകുക്കേണ്ടതിൻെറ ആവശ്യം അവ്ക്ക പിടി കിട്ടിയില്ല.

കുമാരു പറഞ്ഞു:—

"ഞങ്ങൾക്കു് അടുത്ത വിളവുവരെ കഴിച്ചു കിട ക്കണ്ടേ?"

ശ്രീകാര്യക്കാർ ചോദിച്ചു:—

"ഇവിടെ പറമ്പുതന്നില്ലെങ്കിൽ 'കഴിച്ചുകിടക്കാൻ' ഒക്കമോടാ?"

ആശാമധുരങ്ങളായ അവരുടെ ചിന്തകൾക്കു് ഒരയ വുവന്നു.

അതും മൂന്നായ് തന്നെ പകുത്തു.

ശാന്തിക്കാരൻ പറഞ്ഞു:—

"എടാ, ഭഗവാനെ മറക്കരുതേ. ഭഗവാൻെറ പങ്കു കൊടുത്തേയ്ക്കണേ."

അമ്മ അരിശംകൊണ്ടു് പൊറുപൊറുത്തു.—

"ഭഗവാൻ മരച്ചീനി തിന്നുമോ?"

*　　*　　*　　*

വീണ്ടും ആ പണിക്കാർ കുന്നിൻപുറത്തു് തുമ്പായും ആയിനിന്നു—വെയിലും മഴയും നോക്കാതെ.

മരച്ചീനിത്തണ്ടുകൾ നാട്ടി. പൊടിപ്പുകൾപൊങ്ങി. ഇലച്ചില്ലുകൾ ഉയന്നു.

ശാന്തിക്കാരനും ശ്രീകാൎയ്യക്കാരനും കൂടക്കൂടെ കപ്പച്ചെടികൾക്കിടയിൽ ഉലാത്തി. അവർ സംസാരിച്ചതു് അധികവും തങ്ങളോടു തന്നെ ആയിരുന്നു. പണിക്കാരോടു ചോദ്യങ്ങൾ ചോദിക്കാൻ അവർ മിനക്കെട്ടു കണ്ടില്ല.

അവർ ഇരുവരും വരുന്നതു കാണുമ്പോൾ ആ കുടിലുകളിൽ ഒരു ചലനമുണ്ടാകും. ഒരു ദിവസം കിട്ടനും കൃഷ്ണനുംകൂടി കുടിലുകളിൽ നിന്നും വെളിയിൽ ഇറങ്ങി. തങ്ങളെകൊണ്ടു് എന്തെങ്കിലും ആവശ്യമുണ്ടോ എന്ന മട്ടിൽ കിട്ടൻ ചോദിച്ചു:—

"ഏമാന്മാരു് എന്താണോ നോക്കുന്നതു്?"

അവർ അതു കേട്ടഭാവമേ നടിച്ചില്ല.

രണ്ടാഴ്ച കഴിഞ്ഞു. ശ്രീകാര്യക്കാർ തന്റെ ഓഫീസ്സുമുറിയിലേക്കു് കുമാരുവിനേയും കൃഷ്ണനേയും വിളിപ്പിച്ചു. അവരോടു പറഞ്ഞു —

"ഗവൺമെൻറു് ആ സ്ഥലം പതിച്ചുകൊടുത്തു. പത്തു ദിവസത്തിനകം മാറികൊള്ളണം."

ഏതാനും നിമിഷനേരത്തേക്കു് അവർ സ്തംഭിച്ചു നിന്നുപോയി. അവർ പെട്ടെന്നു് തങ്ങളുടെ ബന്ധുക്കളുമൊത്തു് പെരുവഴിയിലേക്ക വഴുതിവീണതായി തോന്നി. കുമാരു പറഞ്ഞു:

"ഞങ്ങളതു വെട്ടിത്തെളിച്ചെടുത്തതല്ലേ."

ശ്രീകാര്യക്കാർ വളരെ കാരുണ്യത്തോടെ പറഞ്ഞു:-

"ഗവൺമേൻറ് കൃഷിക്കു പതിച്ചുകൊടുത്തിരിക്കുകയാ. നിങ്ങൾക്കു വേലക്കൂലി ഇരുപത്തഞ്ചുരൂപാവീതം രണ്ടുകൂട്ടർക്കും തരും."

"ഞങ്ങള് കൃഷി അല്ലേ ചെയ്യുന്നതു്!"—കിട്ടൻ ചോദിച്ചു.

ശ്രീകാര്യക്കാർ അധികം സംസാരിക്കുവാൻ ഒരുക്കമില്ലായിരുന്നു. അയാൾ തുളസിമാല നെഞ്ചിൽ നേരെയാക്കിക്കൊണ്ടു് ഉറച്ചശബ്ദത്തിൽ പറഞ്ഞു.—

"പത്തുദിവസത്തിനകം അവിടെ ആളുവരും. കുടിലുകുത്താൻ വേറെ വല്ലസ്ഥലവും അന്വേഷിച്ചോണം."

അയാൾക്കു്, പറയാനുള്ളതെല്ലാം തീർന്നുവെന്ന മട്ടിൽ മേശപ്പുറത്തെ കടലാസ്സുകളിലേക്കു നോക്കി.

വർത്തമാനം കുടിലിൽ എത്തി. ആ ഒൻപതു മനുഷ്യരുടേയും തലക്കുമുകളിൽ വീണ്ടും വാളിറങ്ങിവന്നിരിക്കുന്നതായ് അവർ കണ്ടു. അവക്കെതിരായി ഭയങ്കരമായ ഒരുഗ്രഢാലോചന തോട്ടുപൊട്ടി വെളിയിൽ വന്നിരിക്കുന്നതായി അവർ കണ്ടു.

അവർ കുടിലുമുററത്തു് ഒത്തുകൂടി. കിട്ടൻെറ ഭാര്യ ചോദിച്ചു:—

"നമ്മളാ പാടുപെട്ടതെന്നു് ഗവമ്മേൻറിന്നു് അറിഞ്ഞുകൂടേ?"

ദേവകി ചോദിച്ചു.—

"ആരാ ഗവമ്മേൻറു്?"

അവർ ഗവൺമെൻറിനെ കാണാൻപോയി-ഒൻപതുപേരും ഒരുമിച്ചു്. തഹസീൽദാരുടെ ബംഗ്ലാവിൻെറ വാതുക്കൽ അവർനിന്നു പ്രയത്നത്തിൻെറ പ്രത്യാശകൊണ്ടു് തിളങ്ങുന്ന ആ കണ്ണുകളെ ഭീതിയോടെ കാക്കുന്നതുപോലെ വാതൽ അടച്ചിരുന്നു.

ശിപായി വന്നു കാര്യം ചോദിച്ചു. നാലഞ്ചുമണിക്കൂർ അവർ അവിടെ ചിന്താമഗ്നരായി കാത്തു കെട്ടിക്കിടന്നപ്പോൾ തഹസീൽദാർ വന്നു. അവർ സങ്കടം ഉണർത്തിച്ചു.—"ഞങ്ങളെ ഇറക്കിയാൽ റോഡല്ലാതെ മററു മാർഗ്ഗംഒന്നും ഇല്ല. ഞങ്ങളു ചങ്കുപൊട്ടിച്ചു് ആ കാടുവെട്ടി മണ്ണാക്കി എടുത്തതാണെ—"

എല്ലാം ഗ്രഹിച്ചമട്ടിൽ തഹസീൽദാർ ചുരുക്കിപറഞ്ഞു, തനിക്കൊന്നും ചെയ്യാൻ സാദ്ധ്യമല്ലെന്നു്.

"ഇനിയും ആരെകാണണം?"

അവർ പരസ്പരം ചോദിച്ചു. ആരിൽ നിന്നും നീതി വാങ്ങണം?

അവർ മൂകരായ് വെളിയിൽവന്നു.

ചീനിച്ചെടിക്കിടയിലൂടെ അവർ ഒന്നിനുപുറകേ ഒന്നായി കുടിലുകളിലേക്കു വന്നപ്പോൾ, അവയുടെ നീണ്ട ഇല ദലങ്ങളിലൂടെ കണ്ണുനീർ വീഴ്ത്തുകയാണെന്നു തോന്നി.

രാത്രിയും പകലും അവർ പോംവഴി ചിന്തിച്ചു... ജന്മി പറമ്പിലും അമ്പലത്തറയിലും പുറംപോക്കിലും, എങ്ങും അവർക്കു രക്ഷയില്ലേ?—അവരുടെ കൈകൾ

കൊണ്ടു് കാടു് കൃഷിത്തോട്ടമാകുന്നതു്, മേടു് കൃഷി ഭൂമി ആകുന്നതു്, ജന്മിമാരും ദൈവക്കാരും കാത്തുനിന്നു!— ജീവിതം മുഴുവൻ പാടുപെട്ടിടത്തായാലും, കാടുതെളിച്ചു് വിളഭൂമി ആക്കിയിടത്തായാലും, എങ്ങും അവൾക്കു മണ്ണിൽ അവകാശമില്ലെന്നോ?—

കിട്ടൻ പറഞ്ഞു.—

"അതു ക്രൂരമാണു്. അതു പൊറുക്കവെയ്യ."

കുമാരു പല്ലുകടിച്ചു് അമറി,—

"കൊള്ളക്കാർ!—പിടിച്ചുപറിക്കാർ!"

എല്ലാ ഭവിഷ്യത്തുകളും കണ്ടുകൊണ്ടു് തന്നെ അമ്മ പറഞ്ഞു:—

"നമുക്കു് ഇറങ്ങിക്കൊടുക്കരുതു്."

അവൾ തുടർന്നു:—"നമ്മളു് തെളിച്ചെടുത്ത മണ്ണാ. നമ്മളാ ആദ്യം ഇവിടെ തൂമ്പാ കൊത്തിയതു്."

ആ സംഘം തീവ്രമായി ചിന്തിച്ചു......

* * * * *

ഒരു വൈകുന്നേരം അമ്പലനടയിലൂടെവന്ന ദേവകി, ഓടിവന്നു പറഞ്ഞു,—

"അയാൾ വരുന്നുണ്ടു്."

അവൾ അപകടം കണ്ടതുപോലെ, അണച്ചു.

അയാൾവന്നു, തുളസിമാലയും ചന്ദനവും ഭസ്മവും ആയി!—അയാളുടെ ചെവിക്കിടയിലും പൂജാപുഷ്പ ദലങ്ങൾ ഇരുന്നു.

അയാളുടെ കൂടെ അഞ്ചു് ആശ്രിതരും ഉണ്ടായിരുന്നു.

ആ പണിക്കാർ, അയാളെ തൊഴിൽ വർഗ്ഗത്തിൻെറ മുഴുവനും ശത്രുവായി നോക്കി......

കുടിലിൻെറ വാതുക്കൽനിന്ന കുമാരുവിനെ വിളിച്ചു് ശ്രീകാര്യക്കാർ പറഞ്ഞു:—

“ഇന്നാ നിങ്ങടെ രൂപാ”

ശ്രീകാര്യക്കാരുടെ നീട്ടിയകയ്യു് അങ്ങിനെ നിന്നു. കുമാരു രൂപാ വാങ്ങിച്ചില്ല.

അമ്മു വെളിയിലേക്കു ചാടി ഇറങ്ങി ചോദിച്ചു:—

“ഞങ്ങളെ ഇറക്കി വിട്ടിട്ടു് ഭയമാന്നു് ഈ മണ്ണിൽ കാലുകുത്തിയാൽ ഈ ദൈവത്തിനു് അതു സഹിക്കുമോ?”

അയാൾ ഒരടിയേററതുപോലെ നിന്നു. അവളുടെ ചങ്കുപൊട്ടി ഉതിർന്ന ശബ്ദങ്ങൾ ആയിരുന്നു അവ. മണ്ണിൽ വളർന്ന ആ കറുത്ത കാന്തിയുള്ള പെണ്ണു് ആഞ്ഞു് ശ്വാസം വിട്ടു.

രണ്ടു വയസ്സുള്ള കുട്ടപ്പൻ ഉൾപ്പെടെ എല്ലാവരും തങ്ങളുടെ ചീനിച്ചെടികൾക്കിടയിലേയ്ക്കു നടന്നുവന്നു.

കിട്ടൻ പറഞ്ഞു:—

“ഈ രൂപാ ഞങ്ങളുടെ ഒരു ദിവസത്തെ വേല ക്കൂലി ഇല്ല.”

കൃഷ്ണൻ പറഞ്ഞു —

“ഇതു ഞങ്ങളുടെ രക്തം വീണ മണ്ണാ. ഇതിന്നു പകരം ആയിരം തന്നാലും തീരത്തില്ല.”

അമ്മു അവളുടെ ശബ്ദം ആവർത്തിച്ചു:—

"ഞങ്ങടെ ഇറങ്ങിത്തരത്തില്ല."

ശ്രീകാര്യക്കാരും ആശ്രിതരും ഒന്നു മുന്നോട്ടടുത്തു. അയാടെ ഗർജ്ജിച്ചു:—

"അഹങ്കാരം പറയാതെടീ!—"

അവളും ഉച്ചത്തിൽ പറഞ്ഞു:—

"ഇതു് ഒരു ദൈവത്തിനും പൊറുക്കത്തില്ല. ഞങ്ങളെ ഇറക്കീട്ടു് ഇവിടെ കേറുന്നവരുടെ കാലുപൊള്ളും."

ശ്രീകാര്യക്കാർക്കു് അവളെ ദഹിപ്പിക്കാനുള്ള അരിശം വന്നു. അയാളുടെ ആശ്രിതരിൽ ഒരാൾ മുന്നോട്ടുവന്നു് അവളുടെ ചെകിട്ടിൽ ആഞ്ഞു് ഒരടിവച്ചുകൊടുത്തു.

അവൾ അടുത്തുനിന്ന ചീനിക്കമ്പുകൾ പിഴുതെറിഞ്ഞു. അവളെ അടിച്ചു...വീണ്ടും വീണ്ടും അടിച്ചു...

വേദനയിൽ വിങ്ങിപ്പൊട്ടുന്ന ആ വേലക്കാരുടെ എല്ലാ നിയന്ത്രണങ്ങളും വിട്ടുപോയി. അവർ തടഞ്ഞു. അവർ എതിർത്തു. അവരും അടിച്ചു...രക്തം തിളച്ച സ്ത്രീകൾ ചീനിച്ചെടികൾ പിഴുതു് എറിഞ്ഞു. അവർ ശ്രദ്ധിച്ചു, രണ്ടു മൂട്ടു് ശ്രീകാര്യക്കാരുടെ നെഞ്ചത്തും വീഴാൻ.

ശ്രീകാര്യക്കാർ അലറി:—

"പൊളിച്ചു് കായലിൽ തള്ളെടാ ആ ചെററയെല്ലാം"

വാഴത്തടപോലെ അവരെ അടിച്ചുചതച്ചു. അവർ നട്ടുപിടിപ്പിച്ച ചീനിച്ചെടികൾക്കിടയിലൂടെ വലിച്ചിഴച്ചു് സന്ധ്യ ആയപ്പോൾ റോഡിൽ തള്ളി.

* * * *

അടുത്ത പ്രഭാതത്തിൽ അവർ ആ നാട്ടുപാത ചവിട്ടി മുന്നോട്ടു കയറുന്നതു കാണായി—കുമാരുവും, കിട്ടനും, അമ്മുവും, ദേവകിയും, അവളുടെ അമ്മയും, കൃഷ്ണനും, കുട്ടപ്പനും, ശങ്കരനും, രാമനും.

പരുക്കേററ അമ്മുവിനെ തലോടിക്കൊണ്ടു് കുമാരു പറഞ്ഞു:—

"നമ്മളു പഠിച്ചു!—"

ഏതു കൊടുങ്കാററിനേയും ചെറുക്കുവാൻ ഉരുക്കു പോലെ ഉറച്ച ആത്മവീര്യം അവർക്കുണ്ടായിരുന്നു!—

തൻെറ ചെറുമകനിൽ ഒരു പുതിയ തലമുറ ആരംഭിച്ച അമ്മ പറഞ്ഞു:—

"നമ്മുടെ ആളുകളുമൊത്തു് നമ്മുടെമണ്ണു് പടവെട്ടി വാങ്ങണം."

അവർ അതിനു ജീവൻ കളയും. അവർ അതിനു രക്തം കളയും. മണ്ണു സ്വാതന്ത്ര്യമാക്കാൻ അവർ എല്ലാ വേലക്കാരും ഒത്തുപൊരുതും!!—

തങ്ങളുടെ സഖാക്കളിൽ എത്തിച്ചേരുവാൻ അവരുടെ കാലടികൾ അതിവേഗം നീങ്ങി. വിലപ്പെട്ട ആ പാത വിശാലമായ കൃഷിനിലങ്ങളിലേയ്ക്കു നയിച്ചു. അവിടെ ഉച്ചത്തിലേയ്ക്കുയന്ന ജന്മിത്തറവാട്ടുകൾ നിന്നു. അവയ്ക്കെതിരായി,—കുമാരുവിനുംബന്ധുക്കൾക്കും കുളിർ നൽകുന്ന മണ്ണിൽ ഉറച്ച വൻപിച്ച തൊഴിലാളി സംഘങ്ങളും നിന്നു!!—

ഒക്ടോബർ, 1951.

ജയിച്ചവരും!

★

"അവൻ വന്നപ്പോഠം ഞാൻ കെട്ടിപ്പിടിച്ചു കരഞ്ഞു. 'അമ്മാവാ'ന്നു വിളിച്ചു കുഞ്ഞുങ്ങഠം ചുററും കൂടി. ദീർഘകാലമായ് ഒളിവിൽ നടന്ന്, പട്ടിണിയും കഷ്ടപ്പാടും സഹിച്ച് അവൻ വന്നതായിരുന്നു."

"എത്ര ദിവസം താമസിച്ചു?"

"ഏഴ്—വെറും ഏഴുദിവസം!—ആ ദിനങ്ങഠം എനിക്കു സ്വർഗ്ഗകാലമായിരുന്നു. എൻെറ 'സതീശ'നെ ഞാൻ അരികത്തുനിന്നും മാററിയില്ല. അവനു കുളിക്കാൻ എണ്ണ എടുത്തുകൊടുത്തതും, പല്ലുതേയ്ക്കാൻ ഉമിക്കരിയും ഈർക്കിലും എടുത്തതും ഞാനായിരുന്നു. അവനു ചോറും കറിയും ഞാൻതന്നെ വിളമ്പി. അവൻെറ തലമുടി ഞാൻ തന്നെ ചീകിഒതുക്കി. അവൻെറ അഴകു കാണാൻ, ഞാൻ ആ കുഞ്ഞുമുഖത്തു പൌഡറും ഇട്ടു. ഓ, അവൻെറ ഫലിതം!—അതുകേട്ടു ഞാൻ പൊട്ടിച്ചിരിച്ചു."

"ഞാനും 'സതീശചന്ദ്രനും' ഒരു ക്ലാസ്സിലായിരുന്നു. അദ്ദേഹത്തിൻെറ ഫലിതം കേഠക്കാൻ, ഞങ്ങഠക്കെല്ലാം വെമ്പലാണ്."

"അവൻ പാടും!—സ്വന്തമായ് ഗാനങ്ങഠം രചിക്കുകയും ചെയ്യും. അവൻെറ ശബ്ദം, അതെത്ര മാധുര്യമുള്ളതാണെന്നറിയാമോ?"

"അദ്ദേഹം പാടി ഞാൻ കേട്ടിട്ടുണ്ടു്."

"എന്നെ ചിരിപ്പിക്കുവാൻ ചിലപ്പോഴൊക്കെ സഹോദരിയുടെ കുഞ്ഞുങ്ങളും അവൻെറകൂടെ ഉണ്ടായിരിക്കും. എൻെറ ചെറുമക്കളുടെ കൂട്ടത്തിൽ, എൻെറ പൊന്നുമോൻ നില്ക്കുന്നതു കാണുവാൻ എന്തൊരു അഴകാണു്!"

"അദ്ദേഹത്തിൻെറ കവിതകൾ വായിച്ചിട്ടുണ്ടോ?"

"കൊള്ളാം അവൻ എൻെറ മോനല്ലേ! അവൻെറ കവിതകൾ എല്ലാം ഞാൻ വച്ചുസൂക്ഷിച്ചിട്ടുണ്ടു്. അവൻ എഴുതിയതുമുഴുക്കെ പാവങ്ങളെ പററിയാണു്. അവരുടെ വേദനയെ പററിയാണു്. ആ പദ്യശകലങ്ങൾക്കുള്ളിൽ കണ്ണുനീരിൻെറ കഥകളേ ഉള്ളൂ."

"അദ്ദേഹത്തിനു് ഒരു വലിയ കവിയാകാൻ സാധിക്കും."

"സാധിക്കും!—പക്ഷേ. അവനിൽ ഒരു കവിയെക്കാൾ കൂടുതലുള്ളതു്, ഒരു രാഷ്ട്രീയപ്രവത്തകനാണു്. തൊഴിലാളികളെ സംഘടിപ്പിക്കുവാനും, പാവപ്പെട്ടവരെ പററി പ്രസംഗിക്കുവാനും, അവനെന്തൊരു താൽപ്പര്യമാണു്!"

"അദ്ദേഹത്തിൻെറ പ്രസംഗമോ, അതു് ആരേയും വികാരം കൊള്ളിക്കും."

"ഹൃദയത്തിൽ തുളച്ചുകയറുവാൻ അതിനു ശക്തിയുണ്ടു്. ഒരു ദിവസം എൻെറ മുമ്പിൽനിന്നു് അവൻ പ്രസംഗിച്ചു."

"അമ്മയുടെ മുമ്പിൽ നിന്നു മകൻ പ്രസംഗിച്ചോ? എന്തിനായിരുന്നു, അതു്?"

"ഒളിവിലുള്ള താമസത്തിലെ ഭയങ്കരമായ യാതനകൾകൊണ്ടു അവൻ ക്ഷീണിച്ചുപോയി. സുന്ദരമായ നിറം മങ്ങി ഇരുണ്ടു. എണ്ണതേയ്ക്കാത്ത മുടി, ചെമ്പിച്ച ചകിരിനാരുപോലെയായി. അങ്ങിനെ വികൃതവേഷത്തിൽ അവനെ കണ്ടപ്പോൾ, ഞാൻ പൊട്ടിക്കരഞ്ഞു. അവന്റെ അമ്മയല്ലേ, ഞാൻ! കരയുന്ന എൻെറ മുഖത്തേയ്ക്കു സൂക്ഷിച്ചുനോക്കിയിട്ടു്, അവൻസംസാരിക്കുവാൻതുടങ്ങി. അതു് ഒരു പ്രസംഗംതന്നെ ആയിരുന്നു. ആ വാഗ്ധോരണിയുടെ മുമ്പിൽ ഞാൻ മൂകയായു് നിന്നു. എൻെറ കരച്ചിൽ അവസാനിച്ചു. അവൻ എനിക്കു ധൈര്യം തന്നു......പക്ഷെ, അവൻെറ കഷ്ടപ്പാടുകൾ എല്ലാം ഓക്കുമ്പോൾ ചിലപ്പോഴൊക്കെ ഞാൻ കരഞ്ഞുപോകും."

"കരയരുതു്!—സതീശചന്ദ്രനെ പ്രസവിച്ച മാതാവിൽനിന്നും, നാട്ടിന്നു വളരെയധികം ധൈര്യം കൊള്ളുവാനുണ്ടു്."

"അവൻെറ അമ്മയായതിൽ ഞാൻ അഭിമാനം കൊള്ളുന്നു. പക്ഷേ നിങ്ങളൊന്നു ഓൎത്തുനോക്കൂ. പത്തു പ്രസവിച്ചിട്ടു്, എനിക്കു് അവസാനമായി കിട്ടിയതു ഒരു ആണും ഒരു പെണ്ണുമാണു്. ബാക്കിയെല്ലാംമരിച്ചുപോയി. എൻെറ ഏകമകൻ ലോക്കപ്പിലും ജയിലിലും കിടന്നു നരകിക്കുന്നതു്, ഞാൻ എങ്ങിനെ സഹിയ്ക്കും?--അവനു് ഇരുപത്തിരണ്ടുവയസ്സു പ്രായമേയൊള്ളു. ബി ഏ-യ്ക്കു് പഠിച്ചുകൊണ്ടിരിക്കുകയായിരുന്നു."

"പഠിത്തം തുടരുന്ന കാര്യത്തെപ്പററി എന്തു പറഞ്ഞു?"

"അവൻ ബി. എൽ. പാസ്സായിട്ടു രാഷ്ട്രീയരംഗത്തു പൊയ്ക്കൊള്ളട്ടെ. അതുകൊണ്ടു് എനിക്കു് അവന്റെ വിദ്യാഭ്യാസത്തിലെങ്കിലും ആശ്വസിക്കാമായിരുന്നു. എന്നാൽ 'ഡിഗ്രി'യുടെ കാര്യത്തിൽ, അവൻ വലിയ പ്രാധാന്യം നൽകുന്നില്ല."

"അതിനു കാരണമുണ്ടു്. നാട്ടുകാർ പട്ടിണിയിലും യാതനയിലും കിടന്നു്, എരിപൊരികൊള്ളുന്ന ഒരവസരമാണിതു്. ഈ കാലഘട്ടത്തിനു്, സതീശചന്ദ്രനെ ആവശ്യമാണു്. അവശരെ സംഘടിപ്പിക്കുവാനും, അവരുടെ ഹൃദയത്തിൽ യാതനാബോധത്തിന്റെ തീ കൊളുത്തുവാനും അവരുടെ ചിന്തയ്ക്കു വിപ്ലവത്തിൻെറ ഓജസ്സു നൽകുവാനും, അദ്ദേഹം വേണം. പട്ടിണിക്കാരുടെ സമരത്തിൽ അദ്ദേഹത്തിൻെറ ജീവിതം അനർഘമാകും."

"അവൻെറ പിന്നിൽ വലിയ ഒരു ജനവിഭാഗമുണ്ടെന്നു് എനിക്കറിയാം. മർദ്ദിതരും ചൂഷിതരും ആണു് സാമാന്യജനങ്ങളെങ്കിലും, അവർ ഒരു മഹാശക്തിയാണു്. അവൻ സ്നേഹിക്കുന്നപോലെ എല്ലാവരും അവനേയും സ്നേഹിക്കുന്നു. അവൻ ഒളിവിലായിരുന്നപ്പോൾ എത്ര അധികം ആളുകളാണു് ദിവസംതോറും ഇവിടെ വന്നു് അന്വേഷിച്ചിരുന്നതെന്നറിയാമോ!—"

"സഹപാഠികൾക്കും അദ്ദേഹത്തോടു് ആരാധനാനിർഭരമായ സ്നേഹമുണ്ടു്."

"എങ്ങിനെ സ്നേഹിക്കാതിരിക്കും? അവൻ, പണിയെടുക്കുന്നവരുടെ ലോകത്തിനുവേണ്ടി ജീവിക്കുകയല്ലേ!- ഇവിടെവന്നു താമസിച്ച ഏഴുദിവസവും, അവൻ ഉറങ്ങിയിട്ടില്ല. അദ്ധ്രാത്രിസമയങ്ങളിൽ ഞാൻ കൂടെക്കൂടെ എഴുന്നേററു് അവന്റെ മുറിയിൽപോയിനോക്കും. അപ്പോഴൊക്കെ, അവിടെ അവൻ ഉലാത്തുന്നതുകാണാം. തലപുകഞ്ഞു ചിന്തിക്കുന്നതു കാണാം."

"അതിഭയങ്കരമായ മർദ്ദനത്തെ അവർക്കു നേരിടുവാനുണ്ടു്."

"എങ്ങിനെ എതിരിടും?—ഞാനും എന്റെ മോനോടു് അതു ചോദിച്ചു. അവൻ പറഞ്ഞു 'ലോകചരിത്രത്തിൽ, ഉടുതുണിക്കും ചോറിനും വേണ്ടിയുള്ള വിപ്ലവം, ഇതിനുമുമ്പും പൊട്ടിപ്പുറപ്പെട്ടിട്ടുണ്ടു്. യാതൊരു ഭയങ്കരമർദ്ദനത്തിനും, അതിനെ പരാജയപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. ചരിത്രത്തിലെ സത്യലിപികളിൽനിന്നും പ്രചോദനംകൊണ്ടു, വമ്പിച്ച ജനതതി കരുത്തോടെ മുന്നോട്ടുനീങ്ങും. മർദ്ദനത്തെ ചെറുക്കുവാൻ അവർ രക്തം കൊടുക്കും, ജീവൻ കൊടുക്കും'........അതെ, എന്റെ മോൻ രക്തം കൊടുക്കും. എന്റെ മോൻ ജീവൻ കൊടുക്കും!"

"രക്തം ചൊരിഞ്ഞാലും, ജീവൻ നശിച്ചാലും, ഈ വിപ്ലവം ജയിക്കും!"

"അവനെ അറസ്റ്റുചെയ്ത അന്നു് നിങ്ങൾ ഈ സ്ഥലത്തുണ്ടായിരുന്നോ?"

"ഇല്ല."

"ആ ദിനം ഇന്നാട്ടുകാർക്ക് മറക്കുവാൻ വയ്യ. അന്ന വർ ലാത്തിച്ചാർജ്ജിന്റെ രോദനം കേട്ടു. വെടിക്കോപ്പു കളും ഏന്തിയ പോലീസ്സിനെ കണ്ടു. അന്നു് ആണും പെണ്ണും ആയി, അനവധി ആളുകളെ അറസ്റ്റു് ചെയ്തു കൊണ്ടുപോയി."

"എങ്ങിനെയാണു് ബഹളം തുടങ്ങിയതു്?"

"ഫാക്ടറി തൊഴിലാളികൾ വമ്പിച്ച ഒരു യോഗം കൂട്ടുവാൻ പോകുന്നതായി നേരത്തെ വിജ്ഞാപനമുണ്ടാ യിരുന്നു. വൈകുന്നേരം നാലുമണി ആയപ്പോൾ മുതൽ ആളുകൾ കൂട്ടംകൂട്ടമായ് റോഡു തിങ്ങിനടന്നു. ആ ജന ക്കൂട്ടം ക്രമേണ ഒരു ഘോഷയാത്രയായി. അവർ പതാക കൾ ഏന്തിയിരുന്നു. ആണും പെണ്ണും ഒരുമിച്ചു് മുദ്രാവാ ക്യങ്ങൾ വിളിച്ചു. അവർ വികാരംകൊണ്ടു് സമരഗാന ങ്ങൾ പാടി. അവർ ക്ഷുഭിതരായിരുന്നു. ആ അവശസമൂ ഹത്തെ അഭിസംബോധനം ചെയ്തു, എന്റെ മകൻ പ്രസംഗിച്ചു."

"എന്നിട്ടു്?"

"പോലീസു് എത്തി. ലോറികളും ജീപ്പുകളും ചീറി പ്പാഞ്ഞുവന്നു."

'ജനക്കൂട്ടവും പോലീസ്സുമായി സംഘട്ടനം ഉണ്ടായോ?"

"പോലീസ്സിനെ കണ്ടപ്പോൾ, ജനക്കൂട്ടം കൂടുതൽ ക്ഷുഭിതമായി, മുദ്രാവാക്യങ്ങൾ വിളിച്ചു. അവർ എന്റെ മോന്റെ പേരുമുഴക്കി 'സിന്താബാദ്' വിളിച്ചു. അതു് ഒരു വലിയ ബഹളമായിരുന്നു. ലാത്തിയും നീട്ടി, പോലീ

സ്സ് ജനക്കൂട്ടത്തിലേയ്ക്കു പാഞ്ഞു. അടി!—ഭയങ്കരമായ ലാത്തിചാർജ്ജ്!!—വിശപ്പു കാർന്നുതിന്ന ശരീരങ്ങളെ ലാത്തികൊണ്ടടിച്ചു. പോലീസ്സിൻെറ നേരെ കല്ലേറുണ്ടായതായ് പറയപ്പെടുന്നു......ജനക്കൂട്ടത്തിൽനിന്നും നിലവിളിയുണ്ടായി. അടികൊണ്ട സ്ത്രീകളും കുഞ്ഞുങ്ങളും ആയിരിക്കണം കരഞ്ഞതു്. ആ ബഹളത്തിൽവച്ചുതന്നെ, കിട്ടിയവരെയെല്ലാം അറസ്റ്റുചെയ്തുകൊണ്ടുപോയി. അവരിൽ സ്ത്രീകളും വിദ്യാർത്ഥികളും ഉൾപ്പെടുന്നു."

"സതീശനേയും അപ്പോഴാണോ അറസ്ററു ചെയ്തതു്?"

"അപ്പോളവൻ പിടികൊടുത്തില്ല. അന്നു പാതിരാത്രിക്കാണ് അവൻ വീട്ടിൽ വന്നതു്. അവൻെറ പുറകേ പോലീസ്സുകാരും വന്നു. അവർ കെട്ടിടം വളഞ്ഞു, അവനെക്കൊണ്ടുപോയ്. പോകുന്നതിനുമുമ്പ്, എൻെറ കുഞ്ഞിൻെറ അഴകുള്ള ആ നെററിയിൽഞാൻ ചുംബിച്ചു. എനിക്കു ഉരിയാടുവാൻ ശക്തി ഉണ്ടായിരുന്നില്ല. ഞാൻ പൊട്ടിക്കരഞ്ഞുപോകുമെന്നു തോന്നി. ഞാൻ കരയുന്നതു എൻെറ കുഞ്ഞു കണ്ടാൽ, ആ ദുർഘടനിമിഷത്തിൽ അവനതു സഹിക്കുമോ!—അതുകൊണ്ടു് കരയാതിരിക്കുവാൻ ഞാൻ ശ്വാസം പിടിച്ചുനിന്നു. വീർപ്പുമുട്ടിനിന്നു. പക്ഷേ അവൻ പോയികഴിഞ്ഞു് ഞാൻ പൊട്ടിക്കരഞ്ഞുപോയി. എനിക്ക് എത്രനേരം പിടിച്ചു നിർത്തുവാൻ സാധിക്കും? ......പോകാൻനേരം, അവൻ കാൺകെ ആരും കരഞ്ഞില്ല. അവൻെറ സഹോദരിയും, അവളുടെ കുഞ്ഞുങ്ങളുംകൂടി കരഞ്ഞില്ല. അവളുടെ ഇളയമകൻ, 'അമ്മാ

വന്ന് യാത്രനൽകിയതു് വിപ്ലവാശംസകളോടുകൂടി യാണു്. അവൻ ഉറക്കെ വിളിച്ചുപറഞ്ഞു,— അമ്മാവൻ, ജയിച്ചുവരും!'

"സത്യം നിറഞ്ഞ ആശംസ!".

"പട്ടിണിക്കാരുടെ വിപ്ലവം ജയിച്ചുവരും! ഹാ, എൻെറ വാക്കുകൾതന്നെ എന്നെ രോമാഞ്ചം കൊള്ളി ക്കുന്നു."

"....................................."

"അന്നു് അറസ്റ്റുചെയ്തതു്, ഭാര്യയ്ക്കും കുഞ്ഞുങ്ങൾ ക്കും മാതാപിതാക്കൾക്കും വേണ്ടി നിത്യം വേലയെടുത്തു കൊണ്ടിരുന്ന, തൊഴിലാളികളെയാണു. പോലീസ്സുകാർ കുടിലുകളിൽ കയറി സ്ത്രീകളെ അധിക്ഷേപിച്ചു. അവ രുടെ ഭത്താക്കന്മാരെ അടിച്ചു. അന്നു്, അതിമൃഗീയമായ ലോക്കപ്പുമർദ്ദനത്തിൻെറ ദിനമായിരുന്നു. പോലീസ്സ് സ്റ്റേഷനുകളിൽ നിന്നും നിലവിളിയും നെടുവീർപ്പും കേൾക്കുകയുണ്ടായി. ഇടിയ്ക്കുന്ന ശബ്ദംകൂടി കേട്ടുവത്രെ. നിങ്ങൾ എന്തു പറയുന്നു, എൻെറ കുഞ്ഞിനേയും അവർ ഇടിച്ചുകാണുമോ?"

"ഇല്ലായിരിക്കും."

"ഇല്ലായിരിക്കും;— ഞാൻ എങ്ങിനെ വിശ്വസിക്കും? എല്ലാവരേയും മർദ്ദിച്ചു. എൻെറ കുഞ്ഞിനേയും മർദ്ദി ച്ചില്ലേ?— ഞാൻ അവനെ പെററതാണു്. പത്തു പ്രസ വിച്ചിട്ടു്, ഒരാണിനേയും ഒരു പെണ്ണിനേയും മാത്രമേ എനിക്കു കിട്ടിയൊള്ളു.........അല്ലെങ്കിൽ എല്ലാവ

രേയും മർദ്ദിച്ചുവെങ്കിൽ, എന്റെ കുഞ്ഞിനേയും മർദ്ദിക്കട്ടെ. പട്ടിണിക്കാരുടെ സമരം നയിച്ച്, അവൻ ജയിച്ചു വരാനുള്ളവനാണ്......വേറെയും എത്രയെത്ര അമ്മമാരുടെ മക്കളാണ് ജയിച്ചിട്ടുള്ളത്."

"അനവധി!"

"നാടൊട്ടുക്കുള്ള ഈ അസ്വാസ്ഥ്യത എത്രനാൾ നീണ്ടുനില്ക്കും!—"

"ജയിക്കുംവരെ.—വിശപ്പു നശിക്കാൻ, വിയർപ്പു തുടയ്ക്കാൻ, ജയിക്കുംവരെ!! ചൂടുപിടിച്ച ഹൃദയങ്ങൾ പുകഞ്ഞു പൊട്ടുന്നു. കുടിലുകളിൽനിന്നുള്ള കാഹളം അന്തരീക്ഷം തിങ്ങിനില്ക്കുന്നു"

"ജയിച്ചുവരും! അവർ ജയിച്ചുവരും!—പട്ടിണി തീരാൻ, കിടപ്പാടം കിട്ടാൻ, ജയിച്ചുവരും!!—"

ജൂലൈ, 1949.

## 'എനിയ്ക്കു സ്നേഹിക്കണം'

സൂര്യാഗമത്തിന്റെ നാന്ദി കാണായി. ഇരുള് മാഞ്ഞുതുടങ്ങി. പ്രകാശം വിടരുന്നു!—

ആ കൊച്ചുവീട്ടിന്റെ തിണ്ണയിൽ അവൾ കൈവിളക്കും പിടിച്ച് അയാളുടെ മുമ്പിൽ നിന്നു.

കൈത്തിരിയുടെ പ്രകാശത്തിൽ, സരസ്വതി മന്ദഹസിച്ചു. ഇളംവെളുപ്പുനിറത്തിൽ മേനിയുള്ള അവളുടെ മുഖത്തെ, ദിവാകരന്റെ ദൃഷ്ടികൾ തലോടി. അവളുടെ കറുത്തിരുണ്ട കൺമിഴികൾ തിളങ്ങി. ആ നീണ്ട കണ്ണുകൾ വിശുദ്ധിയിൽ തങ്ങിനിന്നു. പതിനാറുകഴിഞ്ഞ പെൺകൊടി നാഥന്റെ മുമ്പിൽ തലചായ്ച്ചുപിടിച്ചു നിന്നു. കതിരുപോലെ കാന്തിയുള്ള കർഷക കന്യക!—

വെളുപ്പാംകാലത്തെ, വിശുദ്ധിയുള്ള ഇളംകാററു കുളിർ വിതറി.

മൃദുലവികാരങ്ങൾ അവളുടെ ഹൃദയത്തെ പുണർന്നു. മന്ദഹാസത്തിന്റെ ഉറവകൾ അവളുടെ അധരങ്ങളിലൂടെ ഒഴുകി. അവൾ മെല്ലെ ചുണ്ടു വിടർത്തി!—

"എന്റെ ദേവാ!—"

സ്നേഹത്തിന്റെ സൌന്ദര്യാത്മകമായ സരളതയിൽ അവളുടെ ഹൃദയം, അയാളുടെ മുമ്പിൽനിന്നു നൃത്തം ആടു

കയാണ്. അയാളുടെ ഹൃദയം അവളുടെ അന്തഃസത്തയെ ആലിംഗനം ചെയ്തുകൊണ്ട് ആടികളിക്കുകയാണ്.

അയാളുടെ വരണ്ടുകിടന്ന ഹൃദയത്തിൻെറ മുമ്പിൽ ഒരു കുളിർപ്രവാഹം കണ്ടുകഴിഞ്ഞു. സ്നേഹത്തിന്റെ ആ ചൈതന്യശക്തിയിൽ, അയാൾക്കു വേണ്ടുവോളം മുഴുകാം.

വെറുപ്പിലും വിദ്വേഷത്തിലും ഇനിയും അയാൾ തകരുകയില്ല. ആശയുടെ കിരണങ്ങൾ അററവനായ് ഇനിയും ഒരിക്കലും തീരുകയില്ല. അവളുടെ കണ്ണുകളെ നോക്കി അയാൾ പറഞ്ഞു—

'ഓ, സത്യംതന്നവളെ!—ജീവൻതന്നവളെ!!—"

ഉൾമുറിയുടെ വാതൽ അനങ്ങി. വടികുത്തുന്ന ശബ്ദം കേട്ടു. അവളുടെ അച്ഛനാണ്!—മുഖത്തിനു ചുററു മുള്ള വെള്ളിദീക്ഷ തടവിക്കൊണ്ട് അദ്ദേഹം മഹർഷി യെപ്പോലെ ഇറങ്ങിവന്നു. ആ വെള്ളിത്താടി ദീർഘകാ യനായ അദ്ദേഹത്തിൻെറ മുഖബിംബത്തിൻെറ പ്രഭാ ഗോളമാണ്.

അവളുടെ അമ്മയും വന്നു. സരസ്വതി പിടിച്ച ദീപനാളത്തിന്റെ പ്രഭയിൽ അവർ നാലുപേരും തിളങ്ങി.

അമ്മയും അച്ഛനും സ്നേഹവായ്പോടെ പുഞ്ചിരിച്ചു. അവർ, മകളേയും അവളുടെ ദിവാകരനേയും മാറി മാറി നോക്കി. ദിവാകരൻ അദ്ദേഹത്തിൻെറ പാവനമായ കാലടികൾ തൊട്ടു തൊഴുതു. അടുത്തതായി അമ്മയു ടെയും. അദ്ദേഹം, മകളുടേയും 'മകൻെറയും' തോളുക ളിൽ കൈകൾ ഇട്ട്, അവരെ നോക്കി. ദിവാകരനു കോരിത്തരിപ്പുണ്ടായി.

പ്രഭാതപക്ഷികളുടെ മംഗളാലാപം കേട്ടു. ദിവാകരൻ പറഞ്ഞു — "പ്രകാശം വീണു." 'അച്ഛനും അമ്മയും' അയാളെ അനുഗ്രഹിച്ചു. സരസ്വതിയുടെ വിളക്കുകണ്ടു് അയാറം ഇറങ്ങി.

ആ വീടു് അയാളുടെ ജീവിതത്തിനു രൂപംകൊടുത്ത ആശ്രമമാണു്. അയാളുടെ ഹൃദയത്തിനു ശാന്തികൊടുത്ത ശക്തിയാണു്. അയാറം അവിടെ ജീവിതസഖിയേയും അയാളെ 'മോനേ'ന്നു വിളിക്കുന്നവരേയും കണ്ടെത്തി. ആ ഇരുപത്തിരണ്ടാംവയസ്സിൽ, അവ അയാറംക്കു തികച്ചും വ്യക്തമായി.

വീടിൻെറ കിഴക്കുവശത്തുള്ള വയലിലിറങ്ങി നടുവരമ്പിലൂടെ അയാറം നടന്നു.....നെൽച്ചെടികറം കതിരിടാറായി വളൻ്റു നില്ക്കുന്നു. കഴിഞ്ഞ നാലുവർഷമായു്, വിത്തുമുളച്ചു് നാമ്പുകറം പൊങ്ങി ആ നെൽച്ചെടികറം പുഷ്ടിപ്പെട്ടപ്പോറം, അവയ്ക്കിടയിൽനിന്നും പണിയെടുത്ത അയാളുടെ ഹൃദയം സരസ്വതിയിൽനിന്നും ആ കുടുംബത്തിൽ നിന്നും സ്നേഹം ആൻ്റു പുഷ്ടിപ്പെട്ടുകൊണ്ടിരുന്നു.

നാലുവഷങ്ങറംക്കു മുമ്പു് ഒരു രാത്രിയിൽ അയാറം അവിടെ ചെന്നു കയറി. അയാറംക്കു വേണ്ടതു് പൂർണ്ണമായും അവിടെ നിന്നു കിട്ടി. അയാറം അറിഞ്ഞു: ലോകത്തു് പാറക്കെട്ടുകളും മരുഭൂമികളും മാത്രമല്ല പുഷ്പവാഹിനികളായ പച്ചപ്പൊന്തലുകളും വിശുദ്ധിയേറിയ അരുവികളും ഉണ്ടു്. അയാളുടെ അന്തരംഗം കുളിരാടി.

ദിവാകരൻ കാണുവാൻ പോകുന്നതു് അയാറംക്കു വിമോചനമാർഗ്ഗം ചൂണ്ടിയ ആ വനിതയെയാണു്.

അല്ലിച്ചേച്ചി!—അയാൾക്ക മനുഷ്യജീവിതത്തിൻെറ മൂല്യം കാണിച്ചുകൊടുത്ത ആ കുടുംബത്തേയും അതിലെ പെൺകൊടിയേയും അല്ലിച്ചേച്ചിക്ക കാണിച്ചുകൊടുക്കണം!

ദിവാകരൻ തീവണ്ടിയിൽ കയറി. എൻജിൻ മന്ദ്രഗംഭീരമായ അതിൻെറ ശബ്ദംകൊണ്ടു് മനുഷ്യബുദ്ധിയുടെ വിജയകാഹളം മുഴക്കി. അയാൾ ജനാലയിലൂടെ വെളിയിലേയ്ക്കു നോക്കി. വിശാലമായ് കിടക്കുന്ന പച്ചവയലുകൾക്ക് ഇടയിലൂടെ ട്രെയിൻ ഓടുന്നു......

അയാളുടെ ദർശനത്തിൽ അല്ലിച്ചേച്ചിയുടെ ചിന്തകൾ എന്തായിരിക്കും? അവർ, അയാളെ നോക്കി ആനന്ദംകൊള്ളും. ആറു വർഷങ്ങൾക്കുമുമ്പു് ഒരു പ്രഭാതത്തിൽ അവർ അയാളോടു പറഞ്ഞതോർക്കുന്നു,—

'ദിവാ, നീ ഇന്നു കഠിനമായ് തടവിലാണ്. നീ ഇവിടം വിട്ടു പോകണം.''

അയാൾ ആ തടവുചാടി—

എട്ടുകൊല്ലം അയാൾ ആ തടവിൽ കിടന്നു. എട്ടു വയസ്സുമുതൽ, പതിനാറു വയസ്സുവരെ—അവിടുത്തെ അനുഭവങ്ങൾ ഭയങ്കരങ്ങളാണ്. എങ്കിലും ഇന്നയാൾക്ക യാതൊരു ഞെട്ടലും കൂടാതെ അവ ഓർക്കാം. അയാളുടെ ചിത്തത്തിന് അതിനു കഴിവുവന്നു.

മനുഷ്യനെ ഭ്രാന്തുപിടിപ്പിക്കുന്ന അനുഭവങ്ങൾ!!—വാത്സല്യവും ലാളനയും അറിയേണ്ട ആ പ്രായത്തിൽ വെറുപ്പിലും വിദ്വേഷത്തിലും ഒരുവൻ വളരുക!—

ഹൃദയം വിടരുകയും മാംസപേശികൾ വളരുകയും യുവത്വം രൂപംകൊള്ളുകയും ചെയ്യുന്ന കുഞ്ഞുപ്രായത്തിൽ!—

അയാളെ അയയ്ക്കുമ്പോൾ അമ്മ അന്നു പറഞ്ഞു,— "മോൻ ചെല്ലുന്ന വീട്, മോന്റെ അച്ഛന്റേതാ!"

അവിടെ അദ്ദേഹത്തിന്റെ രണ്ടാമത്തെ ഭാര്യയായ സേതുഅമ്മയും കുട്ടികളും ഉണ്ടായിരുന്നു. അയാളെക്കാൾ മൂത്തവരായ തങ്കവും രാജനും —അവർ—സേതുഅമ്മയുടെ ആദ്യഭർത്താവിലുള്ള കുട്ടികളാണ്. അയാളുടെ അച്ഛനിൽനിന്നും അവർക്ക് ജനിച്ചവരായും മൂന്നു കുട്ടികളുണ്ട്,— ലീല, സുധ, തങ്കപ്പൻ. അയാൾക്ക് അമ്മയായി സേതുഅമ്മയെ സ്നേഹിക്കേണ്ടതായും വന്നു. അയാൾ അച്ഛന്റെ വീട്ടിലെത്തി ആറുമാസം കഴിഞ്ഞപ്പോൾ പെററമ്മ മരിച്ചു. അയാൾ അമ്മയുടെ അന്ത്യവാക്കുകൾ കേട്ട് ദിവ്യപ്പെട്ട അനുഗ്രഹം വാങ്ങി,—

"പൊന്നുമോനേ, നീ അവരെയെല്ലാം സ്നേഹിക്കണം."

അയാളുടെ ഹൃദയവും ആഗ്രഹവും അവരെയെല്ലാം സ്നേഹിക്കണമെന്നുതന്നെ ആയിരുന്നു. സേതുഅമ്മയെ 'അമ്മേ!' എന്ന് അയാൾ വിളിച്ചു. അവരുടെ മൂത്തമക്കളായ തങ്കത്തിനേയും രാജനേയും 'ചേച്ചി' എന്നും 'ചേട്ടാ' എന്നും വിളിച്ചു. ലീലയേയും സുധയേയും 'അനിയത്തി' എന്നും തങ്കപ്പനെ 'അനിയാ' എന്നും വിളിച്ചു. പക്ഷെ, അവർ ആരും ആ വിളി ഏററുവാങ്ങിയില്ല. അവരുടെ അമ്മയുടെ കടുത്ത പെരുമാററത്തിൽ

ആ കൊച്ചുകുട്ടികൾ പോലും അങ്ങിനെ ചെയ്യുകയില്ലായിരുന്നു. എട്ടോ പത്തോ വയസ്സുമാത്രം പ്രായമുള്ള ഒരു കുട്ടിയുടെ ഹൃദയത്തെ അത്രത്തോളം പിളക്കുന്നതാണത്!—

അയാൾ ഹൃദയംകൊണ്ട് 'അമ്മേ' എന്നു വിളിക്കുമ്പോൾ അവർ സ്നേഹപൂർവ്വം തലയാട്ടണം. 'മോനേ' എന്ന് അയാളെ വിളിക്കണം. അവരുടെ മക്കളെ ചെയ്യുന്നതുപോലെ, കുളികഴിഞ്ഞ അവന്റെ തലമുടി ഒന്നുചീകിഒതുക്കി ആ നെററിയിൽ ഒരു ചന്ദനക്കുറി ഇടീച്ച്......

അത്രത്തോളം ഒന്നും ചെയ്തില്ലേലും—'മോനേ' എന്നു വിളിച്ച് ദേഷ്യപ്പെടാതെ പെരുമാറിയാൽ മതിയായിരുന്നു. അയാളുടെ അച്ഛൻപോലും അതു ചെയ്തില്ല. കിട്ടാവുന്നിടത്തൊക്കെ സ്നേഹം അയാൾക്കു നിഷേധിക്കപ്പെട്ടിരുന്നു.

ആ കുഞ്ഞുപ്രായത്തിൽ അയാൾ ഹൃദയം വിങ്ങികരയാൻ തുടങ്ങി.

അത് അയാളുടെ വീടാണെന്നറിയാൻ അവിടെയാതൊന്നും ഇല്ല. ആ ഗൃഹത്തിലെ, മററുള്ളവരോടെല്ലാം ഒട്ടിപ്പിടിച്ചുനില്ക്കുന്ന ഒരംഗമാണു താനെന്നും അയാൾക്കു അനുഭവപ്പെട്ടില്ല. വേദന തിങ്ങിനില്ക്കുമ്പോൾ, അയാൾക്ക് കരയാൻ പോലും വയ്യായിരുന്നു. സേതുഅമ്മ അയാളുടെ മുമ്പിൽ വന്നു ചീറും,—

"ഇവിടെ കരയാൻ പാടില്ല. വായ് പൊത്തെടാ."

രാജൻ, അമ്മയുടെ അടുത്തുനിന്നു പറയും,—

"അവൻെറ അണ്ണാക്കു കുത്തിപ്പൊളിക്കണം."

ആ ഏട്ടുകൊല്ലവും ഓരോ ദിനവും കഴിഞ്ഞപ്പോഴും, അവൾക്കെല്ലാം അയാളോടുള്ള വെറുപ്പും വിദ്വേഷവും കൂടി ക്കൂടി വന്നു. അയാൾ ഒരടിമയെക്കാൾ കഠിനമായ് വേല ചെയ്തു. അച്ഛനും അമ്മയ്ക്കും എല്ലാ കുട്ടികൾക്കും കുടി ക്കാനും കുളിക്കാനും ഉള്ള വെള്ളം ഇടവഴിയിലെ പൈ പ്പിൽനിന്നും അയാൾ എടുത്തുകൊണ്ടുവന്നു. എല്ലാ സായാഹ്നങ്ങളിലും അരിയാട്ടി. വിറകുവെട്ടി. ചന്തയിൽ നിന്നും വീട്ടിലേക്കു അരിയും സാമാനങ്ങളും ചുമന്നു. പള്ളിക്കൂടത്തിൽ പോകുന്നതൊഴികെ എല്ലാ സമയങ്ങ ളിലും അയാൾ ജോലിചെയ്തു. എന്നിട്ടും സേതുഅമ്മ എന്നും നൂറുകണക്കിനു അയാളുടെ കുററങ്ങൾ പറഞ്ഞു. ആഹാരം കഴിക്കുമ്പോഴും അയാളെ ചീത്തപറഞ്ഞു.

പനിയോ നെഞ്ചുവേദനയോ വന്ന്, ജോലി ചെയ്യാൻ വയ്യാതിരുന്നാൽ സേതുഅമ്മ അയാളെ പട്ടി ണിക്കിടും. 'അമ്മ'യുടെ മൂത്തമകൾ തങ്കം പറയും,— "ജോലി ചെയ്യാൻ വയ്യാത്ത തീട്ടംതിന്നുന്ന നായ്."

അച്ഛനോട് 'അമ്മ' പറയും അവൻ മടിയനും തെമ്മാടിയും ആണെന്ന്. അദ്ദേഹം അവനെ അടിക്കും. അവനു രോഗം വന്നപ്പോഴൊന്നും അവർ പണം മുടക്കി മരുന്നുവാങ്ങിയില്ല. ധർമ്മാശുപത്രിയിൽനിന്നും അവൻ തന്നെ മരുന്നു വാങ്ങി കഴിച്ചു.

ഓരോസ്റ്റേഷനുകളിലും നിർത്തിക്കൊണ്ട് ട്രെയിൻ പാഞ്ഞുപോയി. യാത്രക്കാർ വണ്ടിക്കകത്തു ഒച്ചയെടുത്തു സംസാരിച്ചു. ഘനമേറിയ അയാളുടെ ചിന്തകൾ ആ ഒച്ചപ്പാടിന് ഉപരിയായ് നിന്നു—

അച്ഛൻ അയാളെ അടിച്ചുകൊള്ളട്ടെ!—പക്ഷേ, 'അമ്മ'യുടേയും അവരുടെ കുട്ടികളുടേയും വാക്കുകേട്ടു് അയാളെ അവിശ്വസിച്ചുകൊണ്ടാണു് അതു ചെയ്തതു്. അയാൾക്കു് അച്ഛനോടു വളരെ ചുരുക്കമായിട്ടേ സംസാരിക്കുവാൻ കഴിഞ്ഞിട്ടുള്ളു. അയാളുടെ വേദനകൾ അദ്ദേഹത്തിനോടു പറയാൻ സാധിച്ചിട്ടില്ല. അച്ഛനിൽനിന്നും അയാളെ അകററാൻ 'അമ്മ' ശ്രമിച്ചു. തങ്കത്തിനെപ്പററി അയാൾ അപവാദങ്ങൾ പറയുന്നതായ്പോലും 'അമ്മ' അച്ഛനോടു പറഞ്ഞു. . ഒരു പെൻസിലോ പുസ്തകമോ അച്ഛനോടു് അയാൾ നേരിട്ടു ചോദിച്ചാൽ മറെറല്ലാററിനും 'അമ്മ' പറയും,—

"സോപ്പും എണ്ണയും അച്ഛനോടു ചോദിക്കു്?"... "ഇന്നു ചോറുതരാൻ മനസ്സില്ല. നിൻെറ അച്ഛൻ വന്നു ചോദിച്ചു വാങ്ങിച്ചോ."

രാവിലെ എട്ടുമണിക്കു് അച്ഛൻ ആഫീസിൽ പോയാൽ രാത്രി എട്ടുമണിക്കാണു് വരുന്നതു്. അദ്ദേഹം നേരത്തെ പോകുന്നതും വൈകിവരുന്നതും സ്വന്തം സ്വൈരം കരുതിയല്ലേ!—അച്ഛൻ വീട്ടിലില്ലാത്ത സമയങ്ങളിൽ 'അമ്മ'യ്ക്കും മക്കൾക്കും സ്വാതന്ത്ര്യമായ് അയാളെ പിച്ചിക്കീറാം.

തന്നോടു സഹതാപം കാണിച്ചിട്ടുള്ള ഒരു വേലക്കാരൻ ഒരിക്കൽ പറഞ്ഞതു് ദിവാകരനു് ഓർമ്മയുണ്ടു്:—

"അവർ നിൻെറ അച്ഛനെ പിടിച്ചെടുത്തതാണു്. നിന്നോടിങ്ങനെ അവർ ക്രൂരമായി പെരുമാറുന്നതു് നിന്നെ നശിപ്പിക്കുവാൻ വേണ്ടിയാണു്."

അയാൾ വേദനയോടെ പറഞ്ഞു:—"എനിക്ക് അച്ഛൻെറ സ്വത്തും ഒന്നും വേണ്ട."

'അമ്മ'യും അച്ഛനും 'മോനേ' എന്നുവിളിച്ചു സ്നേഹപൂർവ്വം പെരുമാറിയാൽ മതിയായിരുന്നു. അതിന്നു വേണ്ടി അയാൾ എല്ലാ ത്യാഗങ്ങളും സഹിക്കുമായിരുന്നു. അച്ഛൻെറ കുഞ്ഞുങ്ങൾ 'ചേട്ടാ' എന്ന് അയാളെ വിളിക്കണമായിരുന്നു. പക്ഷേ നളിനും മാന്താനും അല്ലാതെ അവർ ആരും അയാളുടെ അടുത്തുപോലും പോയില്ല. അവരെ 'അനിയത്തി' എന്നും 'അനിയാ' എന്നും വിളിച്ചു കളിപ്പിക്കുവാൻ അയാൾക്കു എന്തു സന്തോഷമായിരുന്നു!—

ചേട്ടാ, ഞങ്ങൾക്ക് ഈ കണക്ക് ഒന്നു പറഞ്ഞു തരുമോ?—'എന്ന് അവർ കൊഞ്ചി പറയണമായിരുന്നു. അടുത്ത തയ്യൽ കടയിൽ നിന്നും, അവക്കു തലപിന്നാൻ, അയാൾ നിറമുള്ള തുണിക്കഷണങ്ങൾ കൊണ്ടുവരും. അവർ അയാളുടെ കയ്യിൽനിന്നും അവ വാങ്ങിയാലും സ്നേഹം കാട്ടുകയില്ല. അവരുടെ അടുത്തു ചെല്ലുമ്പോൾ അയാളെ അവർ നുള്ളുകയും അടിക്കുകയും ചെയ്യും. ആ പ്രിയപ്പെട്ട കുഞ്ഞുങ്ങളെ അയാൾ ഉപദ്രവിക്കുന്ന തായി പലപ്പോഴും, അമ്മ അച്ഛനോടു നുണപറഞ്ഞു കൊടുക്കുമായിരുന്നു.

അയാളും പള്ളിക്കൂടത്തിൽ പൊയ്ക്കൊണ്ടിരുന്നു. പക്ഷെ പുസ്തകവും പെൻസിലും വേണ്ടതുപോലെ കിട്ടി യില്ല. പള്ളിക്കൂടം വിട്ടാൽ അഞ്ചുമിനിററിനകം വീട്ടിൽ

എത്തിക്കൊള്ളണം. ഒരു മിന്നിററു താമസിച്ചാൽ 'അവൻ തെണ്ടാൻ പോയിരിക്കുക ആയിരുന്നു' എന്നു 'അമ്മ' അപ്പനോടു പറയും.

അയാളെ ഒരു മുറിയിൽ ഒററയ്ക്കു കിടത്തി ഉറക്കി. 'അമ്മ'യുടെ കുഞ്ഞുങ്ങളുടെ കൂടെ കിടത്തിയില്ല. ആ അനുഭവം അയാളുടെ ഹൃദയത്തെ വേവിച്ചുകൊണ്ടിരുന്നു. അയാളുടെ ഹൃദയത്തിലെ ജീവത്തായ എല്ലാ അംശങ്ങളും, അവർ അങ്ങിനെ തല്ലിക്കെടുത്തിക്കൊണ്ടിരുന്നു. വേദനയും വിങ്ങലും ഒഴികെ എല്ലാ വികാരങ്ങളും അയാളിൽ നിന്നും അകന്നകന്നുപോയി.

അമ്മ ജീവിച്ചിരിക്കുമ്പോൾ അയാൾക്കു പറഞ്ഞു കൊടുത്ത പ്രാർത്ഥനാഗീതങ്ങൾ എല്ലാം അയാൾ ഉറക്കപ്പായിൽ ഇരുന്നു ഉരുവിട്ടു. നിശ്ശബ്ദമായു് പ്രാർത്ഥിച്ചു. ദുരിതങ്ങളും ദുഃഖങ്ങളും ദൈവത്തിനോടു പറഞ്ഞു. അപ്പോൾ അയാളിൽ നിന്നും കണ്ണുനീർ ഒഴുകാൻ തുടങ്ങും. ഹൃദയത്തിൽനിന്നും ഉള്ള ബാഷ്പപ്രവാഹം! 'അമ്മ' അപ്പോൾ കണ്ടാൽ, ഓടിവന്നലറും:—

"എടാ ശ്ശൂന്യംപിടിച്ചവനേ, മിണ്ടാതെ കിടക്കു്. ഇവിടെ കിടന്നു ഇങ്ങിനെ മോങ്ങിയാൽ നിന്നെറോഡിൽ കൊണ്ടുചെന്നു തള്ളും."

ഇരുളും ഏകാന്തതയും;—അയാളുടെ ഹൃദയം വിണ്ടു കീറി. ചിലപ്പോൾ അയാൾക്കു തലമരവിച്ചിരിക്കുന്നതു പോലെതോന്നും. വിചാരശക്തിഅസ്തമിച്ചതായു്തോന്നും. താൻ കിടക്കുന്ന മുറിയിലെ ചുവരുകളെപ്പോലും അയാൾ ഭയന്നു. ആ വീട്ടിലെ എല്ലാ അംഗങ്ങളും അയാളെ വെറു

ക്കുന്നു!—അവരുടെ ഓരോ ചലനവും ശബ്ദവും അയാളെ വെറുക്കുന്നു!—എവിടേയും വെറുപ്പ്!— എല്ലായിടത്തും വിദ്വേഷം!!—

വെറുപ്പ്!—വെറുപ്പ്!!—

അയാളുടെ ശരീരം ക്ഷീണിച്ചു. ശബ്ദം ശക്തിശൂന്യമായി. നാവു തളർന്നു ഹൃദയം ശക്തിയായ് പിടഞ്ഞു.

ഒരുദിവസം അർദ്ധരാത്രിയിൽ അയാൾ, ഉറക്കത്തിൽ നിന്നും എഴുന്നേററിരുന്നു വിളിച്ചു പറഞ്ഞു—

"എനിയ്ക്കു സ്നേഹിക്കണം."

ആ കെട്ടിടത്തിൻെറ എല്ലാ ചുമരുകളേയും കടന്നു, എല്ലാ ശാന്തതയേയും തകർത്തു് അയാളുടെ ആ ശബ്ദങ്ങൾ മുഴങ്ങി. പല രാത്രികളിലും അതു് ആവർത്തിച്ചു.—

'അമ്മ' അയാളുടെ മുറിയിൽ വന്നു—

"പട്ടിയുടെമോനെ നിനക്കെന്തുവേണം?" അവർ അലറി ചോദിച്ചു. അയാളുടെ രണ്ടു ചെകിട്ടിലും അവർ അടിച്ചു. അയാൾ തറയിൽ വീണു. പോകാൻനേരം 'അമ്മ' പറയുന്നതു് അയാൾ കേട്ടു.—

"നിൻെറ അമ്മച്ചിയുടെ വീട്ടിൽ കിടന്നു വിളിക്കണം. ഇതു് എനിക്കും എൻെറ കുഞ്ഞുങ്ങൾക്കും കിടന്നുറങ്ങാൻ ഉള്ളതാണു്."

അയാളെ അടുക്കളയിൽ കിടത്തി. അയാളുടെ ആ വിളികൾ മററുള്ളവർ കിടക്കുന്ന മുറിയിലേയ്ക്കു മുഴങ്ങാതിരിക്കുവാൻ.

അയാളുടെ ശരീരം വളരെ ശോഷിച്ചു. അതു് പതിനാറാംവയസ്സിലും ഒരു എല്ലു മാത്രമായിരുന്നു. അയാ

ളുടെ ഇന്ദ്രിയങ്ങൾ ചിലപ്പോൾ നിശ്ചലങ്ങളാ സർവ്വത്ര ചുററിക്കറങ്ങിക്കൊണ്ടാ ഇരിക്കം.

ആ കട്ടത്ത ഇരുളിലും ഏകാന്തതയിലും കിടന്നു് ലോകം കിടുങ്ങെ അയാൾക്കു് അലറണമെന്നു തോന്നും. മനുഷ്യരെയും ചുവരുകളേയും എല്ലാം പൈശാചികമായി നശിപ്പിക്കണമെന്നു തോന്നും. രാത്രികാലങ്ങളിൽ കൂടെ കൂടെ അയാൾ വിളിച്ചു പറഞ്ഞു:—

"എന്നെ സ്നേഹിക്കണം."

അല്ലിച്ചേച്ചി ആ വീട്ടിൽ വന്നദിവസംപോലും അയാൾക്കു നല്ല ഓർമ്മയുണ്ടു്. മെലിഞ്ഞു പൊക്കംകൂടി ഇളം വെളുപ്പുനിറത്തിലുള്ള ഒരു യുവതി. ഇരുപത്തഞ്ചു വയസ്സിനോടടുത്ത പ്രായം. ചിന്താദ്യോതകങ്ങളായ കണ്ണുകൾ. പാകതയുള്ള പെരുമാററം. അടുത്ത സ്കൂളിലെ അദ്ധ്യാപിക ആയി നിയമിച്ചതുകൊണ്ടു്, അവർ നാട്ടിൽനിന്നും ജോലിക്കുവന്നതാണു്. അല്ലിച്ചേച്ചി സേതുഅമ്മയുടെ നാട്ടുകാരി ആണു്. അതുകൊണ്ടു് 'അമ്മ'യുടെകൂടെ താമസിക്കുവാൻ സൌകര്യം കൊടുത്തു.

അയാൾക്കു് ഹൃദയസ്പൃക്കമായ ആ സാഭവം ഉണ്ടായി: അല്ലിച്ചേച്ചി വന്നിട്ടു് മൂന്നാഴ്ച കഴിഞ്ഞു കാണും—ഒരു രാത്രി അവർ അയാൾ കിടന്ന അട്ടക്കളയിലേയ്ക്കു വന്നു. അയാൾ പായിൽ നിശ്ചലമായു് ഇരിക്കുക ആയിരുന്നു. അയാൾ ബോധംകെട്ടു വീഴുമെന്നോ, ഹൃദയംപൊട്ടി മരിക്കുമെന്നോ, ഭ്രാന്തുപിടിച്ചു പായു മെന്നോ, ഓർത്തു ഇരിക്കുകയായിരുന്നു.

അയാളുടെ ഹൃദയവും വേദനയും അവർ അറിഞ്ഞു കാണണം. അർദ്ധരാത്രികളിലെ അയാളുടെ വിളികൾ അവർ കേട്ടുകാണണം. അല്ലിച്ചേച്ചി വിളക്കു കൊളുത്തി. ആർദ്രങ്ങളായ കണ്ണുകളോടെ അവർ അയാളുടെ പായിൽ ഇരുന്നു. തോളിൽനിന്നും തോർത്തെടുത്ത് അയാളുടെ ഒഴുകിക്കൊണ്ടിരുന്ന വിയർപ്പ് തുടച്ചു........ഏതാനും നിമിഷങ്ങൾക്കകം അയാൾ പായിൽ തളർന്നു വീണു...

അടുത്ത രണ്ടു ദിവസങ്ങൾക്കുള്ളിൽ അല്ലിചേച്ചി എല്ലാ സമയവും അവരുടെ മുറിയിൽതന്നെ ഇരുന്നു അവർ മനംനൊന്ത് അയാളെപ്പററി ചിന്തിക്കുക ആയിരുന്നു. മൂന്നാംദിവസം രാവിലെ അല്ലിച്ചേച്ചി അയാളെ വീണ്ടും കണ്ടു. അവരുടെ മുറിയിലേയ്ക്കു പിടിച്ചുകൊണ്ടു പോയി വേദനയോടെ പറഞ്ഞു:—

"ദിവാ, നീ ഇന്നു കഠിനമായ തടവിലാണ്. നീ ഇപ്പോൾ ഇവിടംവിട്ടു പോകണം. ഒരു ദിവസംപോലും നീ ഇവിടെ ഇനിയും കഴിയരുത്. നിന്നെ അവർ തകർക്കും. ഭയങ്കരമായ് നശിപ്പിക്കും."

അല്ലിച്ചേച്ചി അതു പറയുമ്പോൾ അവരുടെ ഹൃദയത്തിലെ ഓരോ ജീവാംശവും കരയുന്നതായ് അയാൾ അറിഞ്ഞു.

അവർ തുടർന്നു:—

"നീ പോകുന്നതു കണ്ടിട്ടുവേണം എനിക്കിവിടം വിടാൻ." അയാളുടെ തോളുകളിൽ പിടിച്ചു മുഖത്തേയ്ക്കു ഉററു നോക്കിക്കൊണ്ടു അവർ തുടർന്നു:—

"ലോകത്തിലെ വിശാലമായ മനുഷ്യസങ്കേതങ്ങൾ കാണുമ്പോൾ നിന്റെ ആത്മാവ് ഇന്നു തേടുന്ന ആ സത്യം നിന്നെ വന്ന് ആലിംഗനം ചെയ്യും. സ്നേഹത്തിന്റെ സങ്കേതങ്ങളിലേക്ക് നീ ചെന്നുചേരും. നീ ശാന്തതയും സമാധാനവും ദർശിക്കും."

അയാളുടെ ഹൃദയം വീർപ്പുമുട്ടി ഞരങ്ങി. അയാൾ പല്ലു കടിച്ചുപിടിച്ചുകൊണ്ടു പറഞ്ഞു:—

"ഞാൻ പോകും!"

അവർ അയാളുടെ തലയിൽ തടവി. അവരുടെ ആ കണ്ണുകൾ അപ്പോൾ എത്ര സുന്ദരങ്ങളായിരുന്നു!—

അയാൾ റോഡിലിറങ്ങി ഓടി......

ദിവാകരൻ ജന്നലിലൂടെ വെളിയിലേക്കു നോക്കി. അയാൾ അന്ന് ഓടിയതുപോലെ, ട്രെയിൻ അതിവേഗം പായുകയാണ്...

തെരുവുകളേയും വ്യാപാരശാലകളേയും പിന്നിട്ടുകൊണ്ട് അയാൾ ഓടി. വൻപിച്ച ജനസമൂഹങ്ങളിലൂടെ അയാൾ ഓടി. അയാളിൽ അവശേഷിച്ചിരുന്ന അല്പമായ ശക്തിക്കു ജീവൻ വന്നു. അതിനു നവമായ ഉണർവുണ്ടായി.

അയാളുടെ ആത്മസത്തയുടെ ലക്ഷ്യം വ്യക്തമായിരുന്നു. അത് എവിടെ പിടികിട്ടുമെന്നുള്ളത് അവ്യക്തമായിരുന്നു.

ലോകത്തിലെ വിശാലമായ അന്തരീക്ഷത്തിൽനിന്നും അയാൾ സ്വാതന്ത്ര്യം അറിയാൻ തുടങ്ങി.

അയാഠം റെയിൽവേസ്റ്റേഷനിലെ ബഞ്ചിൻപുറത്തു കിടക്കുക ആയിരുന്നു. വിശന്നുവെങ്കിലും അയാളുടെ ശരീരവും ആത്മാവും കുളിർകൊള്ളുക ആയിരുന്നു. കുറച്ചു നേരം അയാളെ നോക്കിക്കൊണ്ടുനിന്ന ഒരു ചെറുപ്പക്കാരൻ, അടുത്തുവന്നു. എവിടുന്നുവരുന്നുവെന്നും എവിടെ പോകയാണെന്നും അയാളോടു ചോദിച്ചു. ചെറുപ്പക്കാരൻ തുടൻു:—

"നമുക്കുപോയി കുറച്ചു കാപ്പി കുടിക്കാം."

അങ്ങിനെ അയാഠം മനുഷ്യത്വത്തിൻെറ പരിലാളനങ്ങഠം ദശിക്കുവാൻ തുടങ്ങി. ദയയും സഹതാപവും കാണുവാൻ തുടങ്ങി.

ബസ്സുകളിലും ട്രയിനുകളിലും വച്ചു്, സഹയാത്രക്കാർ അയാളോട്ട് ജീവിതത്തെപററിയുള്ള കഥകഠം പറഞ്ഞു. അയാളുടെ കഥ അറിയാൻ എത്രയെത്ര പേർക്കാണു് ജിജ്ഞാസ!—അയാഠംക്കു്, ഇഷ്ടമെന്നു തോന്നിയവർക്കൊക്കെ ഹൃദയം തുറന്നുകൊടുത്തു. വണ്ടികളിലും തെരുവുകളിലും പാടങ്ങളിലും പണിസ്ഥലങ്ങളിലുംവച്ചു് അയാഠം മനുഷ്യവർഗ്ഗത്തെ കണ്ടു. അവർ ആഹാരം കഴിക്കാൻനേരം അയാളെ വിളിച്ചു:—

"ഇന്നു് എൻെറ കൂടെ ഉണ്ണാം."

അവർ അയാളോടു വിനയം കാട്ടി. കാരുണ്യം കാണിച്ചു. അയാഠംക്കു് അവർ കിടപ്പാടം കൊടുത്തു. തെരുവുകളിലേയും പണിസ്ഥലങ്ങളിലേയും ഒച്ചപ്പാടുകളിൽനിന്നും അവർ അയാളെ വിളിച്ചു,—

"നിങ്ങൾ എന്റെ കൂടെ വരിക. ഞാൻ കിടപ്പാടം തരാം. ഭോവതരാം."

കടത്തിണ്ണകളിലും റെയിൽവേസ്റ്റേഷനുകളിലും അയാൾ കിടന്നു. എല്ലാ സമൂഹങ്ങളിലൂടെയും അയാൾ ഒഴുകി. എല്ലാ ഒച്ചപ്പാടും അയാൾ കേട്ടു. ശബ്ദമുഖരിതമായ നഗരങ്ങളും ശാന്തസുന്ദരമായ ഗ്രാമങ്ങളും അയാൾ കണ്ടു.

പട്ടിണി കിടന്ന ദിനങ്ങളുണ്ട്. കൂറയുടുത്ത പകലുകൾ ഉണ്ട്. നടന്നു കുഴഞ്ഞു നട്ടവും കാലും നൊന്തു കിടന്നിട്ടുണ്ട്. അപ്പോഴെല്ലാം അയാളുടെ മനസ്സ് സ്വസ്ഥമായിക്കൊണ്ടിരുന്നു. ആശ്വാസം ആന്നുകൊണ്ടിരുന്നു. വെറുപ്പിൽ കിടന്നു ഞെരിഞ്ഞുകൊണ്ടിരുന്ന ഹൃദയത്തിനു സ്വച്ഛത അനുഭവപ്പെട്ടു. കട്ടത്ത ദുഃഖത്തിൽ നിശ്ചലമായിത്തീന്ന ഇന്ദ്രിയഭാവങ്ങൾക്കു ചലനാത്മകത്വം ഉണ്ടായി. അയാൾ തേടുന്ന പ്രകാശത്തിന്റെ ചലനങ്ങൾ, അയാൾ ഇടപഴകിയ മനുഷ്യസമൂഹങ്ങളിൽ ദശിച്ചു. അയാളുടെ വരണ്ടനാവ് അവിടങ്ങളിൽ നിന്നെല്ലാം മനുഷ്യചൈതന്യത്തിന്റെ കുളിരു നക്കിയെടുത്തു.

അയാൾ അറിഞ്ഞു—ആകാശംപോലെ വിശാലമാണ് ലോകം. അവിടെ ഇരുളുണ്ട്. പക്ഷെ ആ ഇരുളിനും ഉപരിയായ് മനുഷ്യത്വത്തിന്റെയും സ്നേഹത്തിന്റെയും ജ്വലിക്കുന്ന പ്രകാശമുണ്ട്. ലോകം സ്നേഹനിമഗ്നമാണ്.

ട്രെയിനിന്റെ വേഗത അല്പം കുറഞ്ഞു—അതു് ഒരു കയററം കയറുകയാണ്......

അയാളുടെ ചിന്ത സരസ്വതിയിലും അവളുടെ കുടുംബത്തിലും വീണു. മനുഷ്യസമൂഹങ്ങൾക്കിടയിലുള്ള രണ്ടു വർഷത്തെ പര്യടനത്തിനുശേഷം അയാൾക്കു് സ്ഥായിയായ ആ അനുഭവമുണ്ടായി:—

ഒരു ഗ്രാമത്തിലൂടെ അയാൾ പോകുകയായിരുന്നു—ആറേഴുമൈൽ അപ്പുറത്തുള്ള ഒരു പട്ടണത്തെ ലക്ഷ്യമാക്കി.

സന്ധ്യ കഴിഞ്ഞുപോയി. ചന്ദ്രികയുടെ ഇളംവെളിച്ചം അയാൾക്കു വഴികാട്ടി. ക്രമേണ വഴിത്താരകളിൽ ആളുകൾ കുറഞ്ഞുവന്നു.

കഴിഞ്ഞ മൂന്നു ദിവസങ്ങളായി അയാൾ നടക്കുകയാണു്—ശരിയായ ആഹാരവും ഉറക്കവും കൂടാതെ.

വലതുവശത്തു വയലും, ഇടതു വശത്തു വലിയ തെങ്ങിൻതോപ്പുമുള്ള ഇടവഴിയിലൂടെ അയാൾ പോയി. തെങ്ങിൻതോപ്പിന്നിടകളിലും വയലിന്നക്കരെയും വീട്ടുവിളക്കുകൾ കാണാമായിരുന്നു.

മുന്നോട്ടു പോകുംതോറും വീടുകൾ കുറഞ്ഞുവന്നു. വിളക്കുകൾ വിരളമായി. കുറഞ്ഞൊരു സമയംകൊണ്ടു് വീടും വിളക്കും കാണാതായി.

ചന്ദ്രികമാത്രം തെളിഞ്ഞു പ്രകാശിച്ചു. നക്ഷത്രങ്ങളുടെ ദീപങ്ങൾ മാത്രം ജ്വലിച്ചു കത്തി.

ആ രാത്രിയിൽ പട്ടണത്തിലെത്തുന്നകാര്യം സാദ്ധ്യമല്ലെന്നുതോന്നി. വഴി നിശ്ചയമില്ല. വയററിൽ വിശപ്പ് ആളി. ദേഹത്തെ ക്ഷീണംകൂടി. എല്ലാററിനും ഉപരി

യായി ഉറക്കം കൺപീലികളിൽ തൂങ്ങിനിന്നു. ആ തോപ്പിനും പാടത്തിനും ഇടയ്ക്കുകൂടി ഉറക്കംതൂങ്ങുന്ന കണ്ണുകളുമായ് തപ്പിത്തടഞ്ഞു് അയാൾ മുന്നോട്ടുപോയി. അവസാനം ആ വഴിയരുകിൽ കിടന്നു് അയാൾ ഉറങ്ങാൻ നിശ്ചയിച്ചു.

മണി പത്തായിട്ടുണ്ടാകും!—

അടുത്തു് എവിടെയോനിന്നും പട്ടികളുടെ കൂട്ടക്കുരച്ചിൽ അയാളെ ഉണർത്തി. ഇടതുവശത്തു തെങ്ങിൻകൂട്ടത്തിനിടയ്ക്കു് കോട്ടപോലത്തെ ഒരു മതിൽക്കെട്ടും, ഉന്നതമായ ഒരു കെട്ടിടവും അയാൾ കണ്ടു. മതിലിനു ചുററും പട്ടികൾ ഓടിനടന്നു കുരയ്ക്കുന്നു. ആ പട്ടിയും 'കോട്ട'യും അയാളുടെ മനസ്സു മടുപ്പിച്ചു. അവിടെ കയറാതെ തുടന്നു നടക്കുവാൻതന്നെ നിശ്ചയിച്ചു. പിന്നീടു് മൂന്നാലു ഫർലോങ്ങു ദൂരത്തേക്കു വീടുകൾ ഒന്നും ഇല്ലായിരുന്നു. എത്രയോ എണ്ണം, നേരത്തെ പിന്നിട്ടുകഴിഞ്ഞുപോയി!—അയാൾ ആശയോടെ വീണ്ടും മുന്നോട്ടുഴറി.

ഏതാനും മിന്നിററുകൾ കഴിഞ്ഞതേയുള്ളു,—അയാൾ ഒരു വൃദ്ധൻെറ ശബ്ദം വ്യക്തമായ് കേട്ടു,—"മോളേ!—മോളേ!—"

അയാൾ ചെവിയോർത്തു-വയലിന്നക്കരെയുള്ള വീട്ടിൽനിന്നുമാണു്. വീട്ടിൻെറ ഓലക്കൂര ചന്ദ്രികയിൽ വ്യക്തമായി അയാൾ കണ്ടു. അയാൾ ആശയോടും ആശ്വാസത്തോടും അങ്ങോട്ടു നോക്കിനിന്നു. വലതു കയ്യിൽ കൈവിളക്കും ഇടതുകയ്യിൽ ഒരു പുസ്തകവുമായ് ഒരു

പെൺകൊടി ജന്നലിങ്കൽ വന്നു. അവളുടെ അടുത്തേയ്ക്കു്, നീണ്ട താടിയുള്ള ഒരു വൃദ്ധനും വന്നു നിന്നതു് അയാഠം കണ്ടു.

അയാഠം പാടത്തിൻെറ നടുവരമ്പിലിറങ്ങി ആ വീട്ടിലേയ്ക്കു നടന്നു. നിലാവിലൂടെ അയാഠം ചെല്ലുന്നതു് വൃദ്ധനും മകളും നോക്കിനിന്നു.

അദ്ദേഹം വാതൽ തുറന്നു. അവഠം വിളക്കുപിടിച്ചു. ആത്മപരിശോധന ചെയ്യുന്നതുപോലെ അയാളുടെ ദൃഷ്ടികളിലേയ്ക്കു് അദ്ദേഹം രണ്ടു മിന്നിട്ടുനേരം നോക്കിനിന്നു. ഗംഭീരതയും ഗഹനതയും കുറിക്കുന്ന അദ്ദേഹത്തിൻെറ വലിയ മുഖത്തു് നേരിയ ഒരു പുഞ്ചിരി പരന്നു. അദ്ദേഹം പറഞ്ഞു:—

"അകത്തേയ്ക്കു വരൂ."

അദ്ദേഹം മകളോടു തിരിഞ്ഞു:—

'സരസ്വതീ, ചോറു വിളമ്പു്."

അവഠം ഇലയിട്ടു ചോറുവിളമ്പി. ഉറങ്ങിക്കിടന്ന അവളുടെ അമ്മയും ഉണൎന്നുവന്നു.

ഊണു കഴിഞ്ഞു് അയാഠം ഒരു കട്ടിലിൽ ഇരുന്നു. അടുത്തു ചാരുകസേരയിൽ അദ്ദേഹവും ഇരുന്നു.

അദ്ദേഹം ചോദിച്ചു:—

"എവിടുന്നു വരുന്നു?"

അയാഠം തൻെറ കഥ പറഞ്ഞു:—

ധ്യാനനിരതനായി എന്നോണം അല്പനേരം അദ്ദേഹം ആ കസേരയിൽ കിടന്നു. പിന്നീടു് എഴുന്നേ

റവന്നു കട്ടിലിൽ ഇരുന്നു. വാത്സല്യപൂർവ്വം അയാളുടെ തലയിലും ദേഹത്തും തലോടി.

ഒരു മഹർഷിയുടെ ശാന്തതയോടുകൂടി അദ്ദേഹം പറഞ്ഞു.—

"മോനെ നിനക്കു നല്ലതുവരട്ടെ."

അദ്ദേഹത്തിൻെറ ശബ്ദത്തിലും സ്പർശനത്തിലും, ജീവിതത്തിലൊരിക്കലും വിട്ടുപോകാത്ത ദിവ്യമായ ഒരു അനുഭൂതി അയാളുടെ ആത്മാവിലേയ്ക്കു കടന്നു. അദ്ദേഹത്തിൻെറ 'മോനേ' എന്ന വിളി അയാളുടെ ഹൃദയത്തിൻെറ മൂല്യമായ ഏതോ ഭാഗത്തേയ്ക്കു ഇറങ്ങിച്ചെന്നു. അയാൾ തടവുചാടി അലഞ്ഞു നടന്നുവന്നതു് ആ ശബ്ദം കേൾക്കുവാൻ വേണ്ടി ആയിരുന്നു!—

ആ രംഗം കണ്ടു സരസ്വതി പുഞ്ചിരിച്ചു!—

ആ കട്ടിലിൽ അയാൾ കിടന്നുറങ്ങി.

അടുത്തദിവസംമുതൽ അവളുടെ അച്ഛനും ഒത്തു് അയാൾ പാടത്തു പണിക്കു പോയി. അവളും കുടുംബവും അയാൾക്കു തണലും തണുപ്പും കൊടുത്തു. ആ കുടുംബം അയാളുടെ ശരീരത്തെയും ആത്മാവിനേയും ആശ്വസിപ്പിച്ചു. ശുശ്രൂഷിച്ചു.

ചോറു വിളമ്പുമ്പോഴും കാപ്പി ഒഴിച്ചു കൊടുക്കുമ്പോഴും അവൾ കിടുകിടെ ചിരിക്കും. അയാളുടെ ഫലിതങ്ങളിൽ അവളുടെ ചിരി ഒഴുകും. അവളുടെ കയ്യ്യ്ക്കു പിടിച്ചുകൊണ്ടു് അയാൾ പറയും:—

"എനിക്കു സത്യം തന്നവളെ."

ആ കഷ്ടകഭവനത്തിൽനിന്നും അയാളുടെ ദാഹമേറിയ ഹൃദയം സ്നേഹം ഉറുഞ്ചി ഉറുഞ്ചി കുടിച്ചു.

നാലുവർഷംകൊണ്ടു് അയാൾ അവിടെ ലയിച്ചു—സരസ്വതിയും അവളുടെ അമ്മയും അച്ഛനും ഉള്ള ആ വീട്ടിൽ. സരസ്വതി അയാളുടെ ഹൃദയത്തിൽ പ്രതിഷ്ഠിതമായി.

ട്രെയിൻ നിന്നു!—ദിവാകരന്ന് ഇറങ്ങേണ്ട സ്റ്റേഷനായി.

അയാളുടെ ഹൃദയം അപ്രമേയമായ ഒരു ശക്തിയിൽ അമർന്നുനിന്നു...അയാൾ അല്ലിച്ചേച്ചിയുടെ വീട്ടിലേയ്ക്കു പോകയാണു്—

അയാൾ ഗേററു കടന്നു ചെല്ലുന്നതു് അവർ കോരിത്തരിപ്പോടെ നോക്കിനിന്നു.

ആറുവർഷക്കാലം അവരെ അല്പം മാററപ്പെടുത്തിയിട്ടുണ്ടു്. ഉടലു കൂടുതൽ ദൃഢമായു്. ഇളംവെളുപ്പുനിറത്തിനു കൂടുതൽ വെണ്മ കലർന്നു. അവരുടെ നീണ്ടമുഖത്തിനു കൂടുതൽ കാന്തിയുണ്ടായി. ആ കണ്ണുകൾ ശാന്തിയെ കുറിക്കുന്നു.

അയാളുടെ വലതു കയ്യു് എടുത്തു അവർ അതിൽ തലോടി. ദിവാകരൻ, വിജയശ്രീലാളിതനായി അയാളുടെ ചേച്ചിയുടെ മുമ്പിൽ നില്ക്കുകയാണു്!—അവർ ചൈതന്യംവന്ന അയാളുടെ മുഖത്തേയ്ക്കു സൂക്ഷിച്ചുനോക്കി. ആറു വർഷങ്ങൾക്കുമുണ്ടു് ആ പതിനാറാംവയസ്സിൽ പോകുമ്പോൾ അയാൾ, വരണ്ട ഹൃദയവും വികസിക്കാത്ത എല്ലുപിടിച്ച ദേഹവും ആയിരുന്നു. അന്നത്തെ ദാഹത്തിന്റേയും ദുഃഖത്തിന്റേയും തീനാമ്പുകൾ എല്ലാം കെട്ടു

കഴിഞ്ഞു. സ്നേഹത്തിന്റെ വൈദ്യുതവീചികഠം അയാളുടെ ഞരമ്പുകഠംക്കു ജീവൻകൊടുത്തു പുഷ്ടിപ്പെടുത്തി. അയാളുടെ ആത്മാവും ശരീരവും ആരോഗ്യമുള്ളതായി. ദിവാകരൻ വിളിച്ചു.—

"എൻെറ ചേച്ചീ!—"

"എൻെറ ദിവാ, നിൻെറ ഹൃദയം തെളിഞ്ഞു. നിനക്കു വേണ്ടതു കിട്ടി."

ദിവൻ ശാന്തമായ് പറഞ്ഞു:—

"ഞാൻ മനസ്സിലാക്കി: ഇതൊരു കാടായിരിക്കാം. പക്ഷെ, ഇതിന്നകത്തു് വെളിച്ചത്തിൻേറയും വിശുദ്ധിയുടേയും ഉറവകളുണ്ട്. വിശാലതയിൽ ലയിച്ചു കിടക്കുന്ന എല്ലാ മനുഷ്യസമൂഹങ്ങളിലുമുള്ള സ്നേഹത്തിൻെറ സങ്കേതങ്ങഠം കാണാൻ ഞാൻ ഇഷ്ടപ്പെടുന്നു. ആ പര്യടനവും തീർത്ഥയാത്രയും ഞാൻ ആഗ്രഹിക്കുന്നു."

അല്ലിച്ചേച്ചിയുടെ മുഖത്തു സന്തോഷത്തിൻെറ സൌന്ദര്യ്യം പരന്നു. അവർ പറഞ്ഞു:—

"നീ അനുഗൃഹീതനായി."

"ചേച്ചി, ആ കുടുംബത്തെ കാണണം. അവരുടെ അടുത്തേയ്ക്കു ചേച്ചിയെക്കൊണ്ടുപോകാൻ ഞാൻ വന്നതാണ്. എന്നെപ്പോലെ ചേച്ചിയും അവക്ക് ആനന്ദമാണ്."

ആനന്ദത്തിൻെറ പ്രഭാവിലാസം അല്ലിച്ചേച്ചിയുടെ മുഖത്തു പ്രസരിച്ചു. അവർ ആ ആനന്ദത്തിൽ മന്ദഹസിച്ചു നിന്നു!

ആഗസ്റ്റ്, 1950.

'സ്നേഹഗായകനും സൌന്ദര്യാരാധകനുമായ'
(ജയകേരളം)

# ഏ. കെ. ബാലകൃഷ്ണപിള്ളയുടെ

# കഥകൾ

യഥാതഥമായ ചിത്രീകരണം; വിശാലമായ വീക്ഷണം; അഗാധമായ മനുഷ്യത്വബോധം; ആത്മാവിഷ്ക്കരണം; പ്രചോദനശക്തി.

## മണ്ണിൻെറ മക്കൾ (മൂന്നാംപതിപ്പ്)

ഈ 'മണ്ണിൻെറ കാഥികൻ', 'കുട്ടനാടൻ കർഷകന്റെ ജീവിതത്തിൽനിന്നും മുറിച്ചെടുത്ത മനോഹരമായ ഒരേട്". (സാഹിത്യപരിഷത്ത്) 'ആവശ്യമായ ഒരു പുരോഗമന സാഹിത്യകൃതി' (കേരളകൌമുദി) 'ജീവനും ജീവിതവും ത്രസിക്കുന്ന കഥകൾ' (കേരളപത്രിക) 'കൂടുതൽ കാമ്യമായ ഒരു സാമൂഹ്യവ്യവസ്ഥിതിക്കുവേണ്ടി വാദിയ്ക്കുന്ന' കഥകൾ'. (മാതൃഭൂമി)

## സ്നേഹവും സൌന്ദര്യവും

'ഏ. കെ. ബാലകൃഷ്ണപിള്ളയെപോലെ തന്നെ ജീവിതത്തിലെ സ്നേഹവും സൌന്ദര്യവും അദ്ദേഹത്തിന്റെ കഥകളിലൂടെ നാം കാണുന്നു'. (കൌമുദി) 'ഗ്രന്ഥകാരൻ വായനക്കാരെ സ്നേഹത്തിൻേറയും സൌന്ദര്യത്തിൻേറയും ലോകത്തിലേയ്ക്ക് ആനയിച്ച് അവിടത്തെ നൈർമ്മല്യവും ഐശ്വര്യവും സംതൃപ്തിയും അവർക്ക്

കാണിച്ചുകൊടുക്കുന്നു. (മാതൃഭൂമി). 'മനുഷ്യഹൃദയത്തിന് ഉൽകൃഷ്ടമായ ചില പ്രേരണകൾക്ക് പ്രചോദനമരുളുവാനുള്ള പ്രശസ്തത ശ്രീ. ഏ. കെ. ബാലകൃഷ്ണപിള്ളയുടെ സാഹിത്യപ്രവർത്തനങ്ങളെ പ്രതിനിധാനം ചെയ്തു കാണാം.' (മലയാളരാജ്യം)

## ജയിച്ചുവരും! (രണ്ടാം പതിപ്പ്)

'സ്നേഹത്തിന്റെ പ്രതിനിധികൾ' (ജയകേരളം) ആയ കഥാപാത്രങ്ങൾ. 'മലയാളത്തിൽ നാം വായിച്ചിട്ടുള്ള അനേകമനേകം കുടിയിറക്കു കഥകളിൽ നിന്നും വ്യത്യസ്തമായ രീതിയിൽ ഒരു പ്രത്യേകതയോ, സവിശേഷതയോ, മേന്മയോ ഈ കഥ (മണ്ണ്) യ്ക്കുണ്ട്. (കൌമുദി) 'മനുഷ്യബന്ധത്തിന്റെ മാന്ത്രികശക്തി വ്യാപരിച്ചു ത്രസിച്ചു തുടങ്ങിയ ഹൃദയതന്ത്രിയിൽ നിന്നും എനിയ്ക്കു സ്നേഹിക്കണം എന്ന മധുരസ്വരം നാം കേൾക്കുന്നു.' (മലയാളരാജ്യം)

ആവശ്യപ്പെടുക:

**നാഷണൽ ബുക്ക്സ്റ്റാൾ**

കളരിയ്ക്കൽബസ്സാർ, കോട്ടയം.

2804
3351

"കഥാപാത്രങ്ങളും കഥയും വൈവിധ്യം നിറഞ്ഞതാണ്....ഇനങ്ങളെല്ലാം ഒത്തിട്ടുണ്ട്."

—മാതൃഭൂമി

"ഈ കഥാകൃത്തിന്റെ ആത്മാർത്ഥതയെ, മനുഷ്യസ്നേഹത്തെ, ചോദ്യം ചെയ്യാൻ കെല്പുള്ള ചെറുകഥാകൃത്തുക്കൾ കേരളത്തിൽ അധികമില്ല."

—ജയകേരളം

"'യന്ത്രവും രക്തവും' ആ കഥയിൽ ചിത്രീകരിച്ചിരിക്കുന്ന വീട്ടിലെ അന്തരീക്ഷത്തിൽ അലിഞ്ഞുചേരുവാൻ വായനക്കാർക്കു കൊതി തോന്നും."

—കൗമുദി

ഏ. കെ. ബാലകൃഷ്ണപിള്ള 1929–ൽ ചങ്ങനാശ്ശേരിയിൽ ജനിച്ചു.

ഫാക്ടറികളിൽ ക്ലാർക്ക്, അദ്ധ്യാപകൻ, മലയാളിസഹപത്രാധിപർ, തിരുവനന്തപുരം റേഡിയോനിലയത്തിൽ സാർവ്വദേശീയ രാഷ്ട്രീയാവലോകകൻ—ഈ വിവിധമണ്ഡലങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോൾ അദ്ദേഹം കാലടി ശ്രീശങ്കരാ കോളേജിൽ ഇംഗ്ലീഷ് അദ്ധ്യാപകനായി കഴിയുകയാണു്.

അദ്ദേഹത്തിൻെറ "ജയിച്ചുവരും" ശിഥില ചിന്തകൾക്ക് ശാന്തിയും വേദനവിങ്ങുന്നിടത്തു് വീര്യവുമായി മനുഷ്യചേതനയെ സ്വപ്നോന്മുഖമാക്കുന്നു. അഗാധമായ മനുഷ്യത്വബോധം വിദഗ്ദ്ധമായ സാങ്കേതികരീതി അതീവസുന്ദരമായ ശൈലി എന്നിവകൊണ്ടു് ഏ. കെ. ബാലകൃഷ്ണപിള്ളയുടെ കഥാസരിത്തു് മലയാളത്തിനെ പുളകം കൊള്ളിച്ചുകൊണ്ടു് നിറഞ്ഞുകവിഞ്ഞു [illegible]ഴുകുന്നു.

13 OCT 1998 1285/



## ഗ്രന്ഥകർത്താവ്

ഏ. കെ. ബാലകൃഷ്ണപിള്ള 1929—ൽ കുട്ടനാട്ടിൽ (ചങ്ങനാശ്ശേരി) ജനിച്ചു.

ഫാക്ടറികളിൽ ക്ലാർക്ക്, അദ്ധ്യാപകൻ, 'മലയാളി' സഹപത്രാധിപർ, തിരുവനന്തപുരം റേഡിയോനിലയത്തിൽ സാർവദേശീയ രാഷ്ട്രീയാവലോകകൻ—ഈ വിവിധമണ്ഡലങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ 'മണ്ണിന്റെ മക്കൾ' മലയാളസാഹിത്യത്തിലെ ഒരു ചരിത്രസംഭവമായ് തീർന്നുകഴിഞ്ഞു.

കേരളം ഒട്ടുക്കു പലപ്രാവശ്യം സഞ്ചരിച്ചിട്ടുള്ള അദ്ദേഹം, ഇന്ത്യയുടെ സാമ്പത്തികവും സാമൂഹ്യവും ആയ ഒരു പഠനത്തിനു 1950—'51-ൽ ഒൻപതു മാസക്കാലം ദീ[illegible]മായ് ജനങ്ങളോട് ഇടപഴകി, ഇന്ത്യയിലും പൂർവ്വപാകിസ്ഥാനിലും കാശ്മീരിലും സഞ്ചരിച്ചു. അദ്ദേഹത്തിന്റെ 'ജയിച്ചുവരും!' ശിഥിലചിത്തങ്ങൾക്കു ശാന്തിയും വേദന വിങ്ങുന്നിടത്തു വീര്യവുമായ് മനുഷ്യചേതനയെ സൃഷ്ട്യുന്മുഖമാക്കുന്നു. അഗാധമായ മനുഷ്യതാബോധം, വിശുദ്ധമായ സാങ്കേതികരീതി, അതിവസുന്ദരമായ ശൈലി എന്നിവകൊണ്ട് ഏ. കെ. ബാലകൃഷ്ണപിള്ളയുടെ കഥാസരിത്തു് മലയാളത്തിനെ പുളകംകൊള്ളിച്ചുകൊണ്ട് നിറഞ്ഞുകവിഞ്ഞൊഴുകുന്നു.

# ഇനിയു

# വരും!

ഏ. കെ. ബാലകൃഷ്ണപിള്ള